
മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്









വികസനരേഖ '96

വികസന സെമിനാറിന് ആശംസകൾ



പാം ഫൈബർ ഇൻഡ്യാ
ലിമിറ്റഡ്
ആലപ്പുഴ



ഒൻപതാം പദ്ധതി ഭൂനകീയ പദ്ധതി

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

സമഗ്ര വികസന രിപ്പോർട്ട്

"ഓരോരുത്തരും
അവരവരുടെ
നെറ്റിവിയർക്കോ
പണിയെടുത്തു
ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി
മാറുമായിരുന്നു"

ഗാന്ധിജി

കവർ, സ്റ്റിൽസ് & ലെ ഔട്ട്
R. സാലിമോൻ
കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്
സാവിയോ ഡി.റ്റി.പി. സെൻറർ
കലവൂർ

പ്രിൻറിംഗ്-ജയശ്രീ ഓഫ്സെറ്റ് കൊച്ചിൻ - 18, Ph. 394038

"സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ തങ്ങൾക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമദരിദ്രനുപോലും അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി



നങ്കുടെ പഞ്ചായത്ത്

പേര്:-മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)

വില്ലേജ്:-മണ്ണഞ്ചേരി,കോമളപുരം (ഭാഗികം)

ബ്ലോക്ക് :- ആര്യാട്

താലൂക്ക് :- അമ്പലപ്പുഴ

അസംബ്ലി നിയോജക മണ്ഡലം :- മാരാരിക്കുളം

പാർലമെന്റ് നിയോജക മണ്ഡലം :- ആലപ്പുഴ

പഞ്ചായത്ത് വിസ്തീർണ്ണം :- 34.52 ച.കി.മീ.

ജനസംഖ്യ :- 45373

വാർഡുകൾ :-14

അതിരുകൾ:- തെക്ക് ആര്യാട് പഞ്ചായത്ത്

പടിഞ്ഞാറ് മാരാരിക്കുളം സൗത്ത് പഞ്ചായത്ത്

വടക്ക് മുഹമ്മ, കഞ്ഞിക്കുഴി പഞ്ചായത്തുകൾ

കിഴക്ക് വെൺമണി, കായംകുളം

മണ്ണഞ്ചേരി പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്തു മെമ്പർമാർ

1.ശ്രീ.ആർ.ജയസിംഹൻ (ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ്)

2.ശ്രീ.എ.റ്റി.വാവച്ചൻ (ബ്ലോക്ക് പഞ്ചായത്തു വൈ:പ്രസിഡന്റ്)

3.ശ്രീ.പി.എ.പരീത് കുഞ്ഞു മേത്തർ

ജില്ലാ പഞ്ചായത്ത് മെമ്പർമാർ

1. പി.പത്മനാഭൻ

2. ഫിലോമിന ടോമി

എം.എൽ.എ

അഡ്വ:പി.ജെ.ഫ്രാൻസിസ്

എം.പി

വി.എം.സുധീരൻ

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് സ്റ്റാഫ്

1. വി.പൊന്നപ്പൻ :സെക്രട്ടറി

2. പി.റ്റി.ശ്രീധരി:ജൂനിയർ സൂപ്രണ്ട്

3. ആന്റണി ഫെർണ്ണാണ്ടസ് :യു.ഡി.സി

4. കെ.പത്മനാഭ പിള്ള:യു.ഡി.സി

5. ബി.എൻ.അമ്പീശൻ:യു.ഡി.സി

6. പി.വിജയമ്മ:യു.ഡി.സി

7. എസ്സ്.വിജയകുമാർ:എൽ.ഡി.സി

8. വി.എം.കനകമ്മ :എൽ.ഡി.സി

10. കെ.രാമൻ:ജെ.ബി.സി

11. കെ.ആനന്ദൻ :പ്യൂൺ

12. എം.ലൈല :പ്യൂൺ

13. സി.പത്മാക്ഷി:എഫ്.റ്റി.എസ്സ്

14. എസ്സ്.പ്രസന്ന:പി.റ്റി.എസ്സ്

പ്രസിഡന്റ്




പി.കെ.മേദനി

വൈസ് പ്രസിഡന്റ്



പി.എൻ.ദാസൻ

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



വി.എൻ.മോനപ്പൻ


പഞ്ചായത്ത് മെമ്പർമാർ



അജിത് കുമാർ




കുന്നപ്പള്ളി മജീദ്



N.A.M ബഷീർ



രാജമ്മ .M



ചിദംബരൻ .N



T.K കുമാരൻ



ജയലക്ഷ്മി കൃഷ്ണൻ



K.V സുധാകരൻ



ജഗദമ്മ ടീച്ചർ



ബാലാമണി




S. ആറ്

മുൻ ഭരണ സാരഥികൾ

വില്ലേജ് യൂണിയൻ പ്രസിഡന്റുമാർ



കെ.പി.അച്യുതൻ പിള്ള



കെ.എ.അബ്ദുക്കുട്ടി സാഹിബ്

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ




എസ്സ്.ദാമോദരൻ



എസ്സ്.വേലു



പി.കെ.വാസു



ടി.പി.അബ്ദുൾ ഖാദർ

പഞ്ചായത്ത് ഓഫീസിനുവേണ്ടി 15 സെന്റ് സ്ഥലം നല്കിയ മഹതി



തോട്ടുങ്കൽ കെ.കല്ല്യാണിക്കുട്ടിയമ്മ


എഡിറ്റോറിയൽ ബോർഡ്



കെ.ബാലകൃഷ്ണൻ




പി.സി.ബാലൻ




ടി.ഷാജിമോൻ



ആര്യാട് സുരേന്ദ്രൻ



എൻ.എ.മുഹമ്മദ് ഇക്ബാൽ



പി.കെ.നൗഷാദ്



പി.എ.കൊച്ചുകുഞ്ഞ്



എസ്സ്.ബിനു

താളുകൾ മറിക്കുമ്പോൾ

ആമുഖം

കൃഷിയും, ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വിദ്യാഭ്യാസം

കുടിവെള്ളവും,പൊതുജനാരോഗ്യവും

വ്യവസായം

ഗതാഗതവും ഊർജ്ജവും

സാമൂഹ്യ ക്ഷേമം പാർപ്പിടം

സംസ്കാരം

വനിതാ ക്ഷേമം

സഹകരണം

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

വിഭവ സമാഹരണം

ഉപസംഹാരം

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് വികസനരേഖ-'96


ഭരണഘടനയുടെ 73,74 ഭേദഗതിയോടെ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. പഞ്ചായത്തിരാജ് നിയമത്തിൽ ജനങ്ങളും പരമാധികാരികളും ആയി. അപ്രകാരം രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നം ഏറെക്കുറെ സാക്ഷാത്ക്കരിക്കപ്പെടുകയാണ്. ഇതിനുവേണ്ടി മുൻകൈ എടുത്ത മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ സേവനവും ഇത്തരണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയുടെ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ട് നടപ്പിലാക്കിയതാണ് പഞ്ചവത്സര പദ്ധതികളും. 1996 മാർച്ച് 31-ന് എട്ട് പഞ്ചവത്സര പദ്ധതികളും ഏതാനും വാർഷിക പദ്ധതികളും റിവോൾവിംഗ് പദ്ധതികളും നാം പിന്നിടുകയാണ്. 1950 - ൽ പ്ലാനിങ്ങ് കമ്മീഷൻ ഇൻഡ്യയിൽ നിലവിൽ വന്നു. ഭാരതശില്പി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു അദ്ധ്യക്ഷനും ശ്രീ.ഗുൽസാരിലാൽ നന്ദ ഉപാദ്ധ്യക്ഷനുമായിരുന്നു പ്ലാനിങ്ങ് കമ്മീഷനേക്കാളും ഒട്ടും അപ്രധാനമല്ലാത്ത ദേശീയ വികസനസമിതി 1952-ൽ രൂപീകൃതമായി. പദ്ധതി പ്രവർത്തനങ്ങളും പുനരവലോകനം ചെയ്യുക, സാമൂഹിക, സാമ്പത്തിക നയങ്ങളും പരിഗണിക്കുക, പദ്ധതി ലക്ഷ്യങ്ങളും നേടാൻ നിർദ്ദേശങ്ങളും നല്കുക എന്നിവ ഉപദേശക സമിതിയുടെ മുഖ്യ ചുമതലകളായിരുന്നു.

1951- ൽ ഒന്നാം പഞ്ചവത്സര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പദ്ധതിയുടെ അവസാന വിലയിരുത്തലുകളിൽ ദേശീയ വരുമാനം പ്രതീക്ഷയ്ക്കപ്പുറം വർദ്ധിക്കുകയും ആളോഹരി വരുമാനം കുറയുകയുമാണ് ഉണ്ടായത്. തുടർന്നും താളപ്പിഴകളും ഉണ്ടായി. 3 പഞ്ചവത്സര പദ്ധതികളും കഴിഞ്ഞപ്പോളും ഇൻഡ്യയുടെ സമ്പദ്ഘടനയ്ക്ക് കോട്ടം സംഭവിച്ചു. ചൈനയുമായും, പാക്കിസ്ഥാനുമായും ഉള്ള യുദ്ധം പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു.തന്മൂലം പിന്നീടുള്ള 3 വർഷക്കാലം വാർഷിക പദ്ധതിയുമായി മുന്നോട്ട് പോകേണ്ടി വന്നു. തുടർന്നുള്ള പദ്ധതികളിലും ജനങ്ങളുടെ ജീവിത നിലവാരം പ്രതീക്ഷയ്ക്കൊപ്പം ഉയർത്താൻ നമുക്ക് കഴിഞ്ഞില്ല.

ജനജീവിതത്തിന്റെ സാമ്പത്തിക സമീകരണത്തെ ലക്ഷ്യമാക്കിയാണ് ആസൂത്രണം നിർവ്വഹിക്കുന്നത്. അതിനായി രാജ്യത്തിനകത്തുള്ള സകല ഭൗതിക വിഭവങ്ങളും,മനുഷ്യ ശക്തിയും പരിഗണിക്കുകയും സമാഹരിക്കുകയും വേണം. ദീർഘ വീക്ഷണത്തോടെയുള്ള ആസൂത്രണം ദേശീയ വരുമാനവും, ആളോഹരി വരുമാനവും വർദ്ധിപ്പിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഇപ്രകാരമുള്ള വരുമാന വർദ്ധനവ് നീതിപൂർവ്വമായി വിതരണം ചെയ്യണം. എന്നാൽ എല്ലാ ഭൗതീക വിഭവങ്ങളും, മനുഷ്യ ശക്തിയും പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് വ്യക്തമാണ്. ഇതിനെ സംബന്ധിച്ച ശാസ്ത്രീയവും, വിശദവുമായ ഒരു വിലയിരുത്തലിന് നാം ഇതുവരെ തയ്യാറായിട്ടില്ല എന്നും കാണാവുന്നതാണ്.

1950 മുതൽ ദേശീയ തലത്തിൽ കേന്ദ്രീകരിച്ചിരുന്ന ആസൂത്രണ പ്രക്രിയ 1967-ൽ പ്ലാനിങ്ങ് ബോർഡിന്റെ രൂപീകരണത്തോടെ സംസ്ഥാനതലം വരെ എത്തിച്ചേർന്നു.മേൽപ്പറഞ്ഞ രണ്ടു തലങ്ങളിലും ആസൂത്രണം കേന്ദ്രീകരിച്ചാണ് നടന്നു പോവുന്നത്.ആസൂത്രണത്തിലുള്ള ഈ കേന്ദ്രീകൃത സ്വഭാവം രാജ്യത്തെ ഭൗതിക വിഭവങ്ങളും, മനുഷ്യ ശക്തിയും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞില്ല. കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കിയ ഒട്ടുമിക്ക രാജ്യങ്ങളിലും വികസനം പ്രതീക്ഷയ്ക്കൊപ്പം ഉയർത്താൻ കഴിഞ്ഞില്ല. ഇപ്രകാരമുള്ള പഠനം നിർവ്വഹിച്ചശേഷം ആസൂത്രണത്തിൽ തികച്ചും ജനാധിപത്യപരമായ ഒരു വികേന്ദ്രീകരണ സമ്പ്രദായം അവലംബിക്കണമെന്ന് ബഹു: കേരള ഗവൺമെന്റ് തീരുമാനിച്ചു. പ്രതിപക്ഷത്തിന്റേയും എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കാൻ തയ്യാറെടുക്കുന്ന ഈ ജനകീയാസൂത്രണ പ്രക്രിയ ഒരു പരീക്ഷണമാണ്. ഇതിന്റെ വിജയം കേരളത്തിന്റേതു മാത്രമല്ല,ഇൻഡ്യയുടെ തന്നെ ആസൂത്രണ രംഗത്ത് ഒരു നാഴികക്കല്ലായിരുക്കും. അപ്രകാരം 50 വർഷം പിന്നിട്ടതിനു ശേഷം നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മജിയുടെ അധികാരം ജനങ്ങളിലേയ്ക്ക് എന്ന സങ്കല്പം സാക്ഷാത്ക്കരിക്കാൻ ഇടയാകട്ടെ എന്ന് പ്രത്യാശിക്കാം. ജനകീയാസൂത്രണത്തിനിപ്പോൾ ഉപോദ്ബലമാകുന്ന



പ്രദേശത്തിന്റെ വികസന രേഖ തയ്യാറാക്കുമ്പോൾ അതിന്റെ ലക്ഷ്യ പ്രാപ്തിയോടൊപ്പം വരും തലമുറയ്ക്ക് വെളിച്ചം പകരുന്ന ജനങ്ങളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച വിശദമായ ചില വസ്തുതകൾ രേഖപ്പെടുത്തേണ്ടതുണ്ട്.

മണ്ണഞ്ചേരി എന്ന സ്ഥല നാമവുമായി പൊരുത്തപ്പെടുന്ന ഐതീഹ്യ കഥകളോ,പൗരാണിക ചരിത്ര വിവരങ്ങളോ വലുതായി അവകാശപ്പെടാനില്ലാത്ത പ്രദേശമാണിത്. എന്നിരുന്നാലും ചരിത്രമുറങ്ങുന്ന മാടത്തുംകര ശിവക്ഷേത്രവും, മണ്ണഞ്ചേരി തൃക്കോവിൽ ക്ഷേത്രവും നമ്മുടെ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. എ.ഡി 1500 നും 1600 നും ഇടയ്ക്ക് സ്ഥാപിച്ചതെന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന ആര്യാട് മുസ്ലീം ദേവാലയവും ഇവിടെയാണ്. ഇത്രയും പഴക്കം അവകാശപ്പെടാൻ കഴിയുന്ന ഒരു മുസ്ലീം ദേവാലയവും അയൽപ്രദേശങ്ങളിലില്ല.

ഇതിൽ മാടത്തുംകര ക്ഷേത്രവുമായി ബന്ധപ്പെട്ട് ധാരാളം കഥകൾ പ്രചാരത്തിലുണ്ട് മുറജപത്തിനായി അനന്തപുരിയിലേയ്ക്ക് യാത്ര പെയ്തിരുന്നവരുടെ വിശ്രമ കേന്ദ്രമായിരുന്നു ഇവിടെയെന്നത് പഴമക്കാർ അവകാശപ്പെടുന്നു. മണ്ണഞ്ചേരി തൃക്കോവിൽ ക്ഷേത്രം തരണനല്ലൂർ നമ്പൂതിരി കുടുംബത്തിന്റെ വകയായിരുന്നു. തുടർന്ന് വഴിക്ക് വഴി ചിരട്ടക്കാട്ടു കുടുംബത്തിന്റെ വകയായിത്തീരുകയും ചെയ്തു. തരണനല്ലൂർ നമ്പൂതിരി കുടുംബത്തിലെ പ്രതിഭാശാലിയായ ഒരു കാരണവരുടെ പ്രതിഷ്ഠ തൃക്കോവിൽ ക്ഷേത്രത്തിലുണ്ടെന്നും വിശ്വസിക്കുന്നു.

പൂഞ്ഞിലിക്കാവിൽ ക്ഷേത്രത്തിന്റെ ആസ്ഥാനം അമ്പലക്കടവിൽ ആയിരുന്നു. പുന: പ്രതിഷ്ഠ നടത്തി കാവുകൾ സ്ഥാപിച്ചതായും പറയപ്പെടുന്നു. ഇതിനെ ചൊല്ലി വിവാദപരമായ കഥകൾ നിലവിലുണ്ട്. മണ്ണഞ്ചേരി പഞ്ചായത്ത് 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വലിയകലവൂർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം കേരളത്തിലെ പുരാതന ക്ഷേത്രങ്ങളിലൊന്നാണ്. പരശുരാമൻ പ്രതിഷ്ഠ നടത്തിയ 108 ക്ഷേത്രങ്ങളിൽ ഒന്നായിട്ടാണ് ചരിത്ര രേഖകളിൽ നിന്നും മനസ്സിലാവുന്നത്. പരശുരാമന്റെ 108 ക്ഷേത്രങ്ങളും 'വട്ട ശ്രീകോവിൽ' ആണ്. ഈ ക്ഷേത്രവും ആ മാതൃകയിലുള്ളതാണ്.

ഞാണ്ടിരിക്കൽ ശ്രീകോവിലകം അതി പുരാതനമായ ഒരു ക്ഷേത്രമാണ്. പഴയകാല ക്ഷേത്രങ്ങൾ എല്ലാം രാജാവിന്റെ വകയായിരുന്നു. നാട് വാഴുന്ന രാജാവ് ക്ഷേത്രഭരണത്തിന് രാജകുടുംബത്തിലെ ഇളമക്കാരെ ചുമതലപ്പെടുത്തിയിരുന്നു. ഇവർക്ക് താമസിക്കുവാൻ രാജാവ് പ്രത്യേക കൊട്ടാരങ്ങൾ നിർമ്മിച്ച് നല്കിയിരുന്നു. ഈ കൊട്ടാരങ്ങൾ'കോവിലകം' എന്ന പേരിലും കോവിലകം ഭരണാധികാരികളെ കോവിൽ തമ്പുരാൻ എന്നും വിളിച്ചിരുന്നു. ഈ കോവിലകം പിന്നീട് കോലോത്ത് എന്നായി തീർന്നു. 'ഞാണ്ടിരിക്കൽ' കോവിലകം ഇപ്പോഴും ഇവിടെ നിലനില്ക്കുന്നു. അവകാശികൾ സ്ഥലത്തില്ല, പക്ഷേ നോട്ടക്കാർ ഉള്ളതായി മനസ്സിലാകുന്നു.

ബ്രാഹ്മണ അധീശത്വം നിലനില്ക്കുന്ന ക്ഷേത്രങ്ങൾ,സമൂഹങ്ങൾ, കോവിലകങ്ങൾ ഇവയുമായി ബന്ധപ്പെട്ട ഒട്ടുമുക്കാൽ ഭൂപ്രദേശവും, ക്ഷേത്രസമുച്ചയങ്ങളുടെ നാടായിരുന്നു മണ്ണഞ്ചേരി എന്ന് സ്ഥാപിക്കുന്നു. മാടത്തുംകര, മണ്ണഞ്ചേരി, കാവുങ്കൽ, കലവൂർ, വലിയകലവൂർ, കല്ലുങ്കൽ, വിരുശ്ശേരി, ഷൺമുഖം, കണക്കൂർ, അമ്പനാകുളങ്ങര, മനവീട് വലിയവീട്, ഞാണ്ടിരിക്കൽ തുടങ്ങി നിരവധി ക്ഷേത്രങ്ങളും കുടുംബാരാധന സ്ഥലങ്ങളും, കാവുകളും പ്രസ്താവനയ്ക്ക് സാക്ഷ്യം വഹിക്കുന്നു.

പൗരാണിക പ്രാധാന്യം ഉൾക്കൊള്ളുന്ന മുസ്ലീം ദേവാലയങ്ങൾ പഴക്കത്തിൽ ഒട്ടും പിന്നോക്കമല്ല. എ.ഡി 1500 നും 1600 നും ഇടയ്ക്ക് സ്ഥാപിച്ചതെന്ന് പരക്കെ വിശ്വസിക്കപ്പെടുന്ന ആര്യാട് മുസ്ലീം ജുമാ മസ്ജിദ് ഇവിടെയാണ്. ഇത്രയും പഴക്കം അവകാശപ്പെടാൻ കഴിയുന്ന ഒരു മുസ്ലീം ദേവാലയവും അയൽ പ്രദേശങ്ങളിലില്ല. ഈ ദേവാലയം പൗരാണിക വാസ്തുശില്പകലയുടെ പ്രതീകമായി നിലകൊള്ളുന്നു.

വേമ്പനാട് കായലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മണ്ണഞ്ചേരി ജുമുഅത്ത് പള്ളിയാണ് മറ്റൊരു മുസ്ലീം ദേവാലയം. ഇന്ന് കാണുന്ന മണ്ണഞ്ചേരി അങ്ങാടി(ചന്ത) ഈ ദേവാലയത്തിനോട് ചേർന്ന പുരയിടത്തിൽ ആയിരുന്നതായി വിശ്വസനീയമായ ഐതീഹ്യം

പ്രചാരത്തിലുണ്ട്. ആ സ്ഥലം ഇന്നും അങ്ങാടി സ്ഥലം എന്ന പേരിലറിയപ്പെടുന്നു. പിൻ തലമുറയ്ക്ക് തോന്നിയ മറ്റൊരു ആശയത്തിന്റെ ഫലമാണ് ഇന്ന് കാണുന്ന മണ്ണഞ്ചേരി അങ്ങാടി. രണ്ട് സ്ഥലങ്ങളേയും ബന്ധിപ്പിക്കുന്ന തോടിന് 'അങ്ങാടി തോട്' എന്ന് വിളിക്കുന്നു.സർക്കാർ അധീനതയിൽ ആയിരുന്ന ഈ തോട്ടിലൂടെ വള്ളങ്ങളിൽ വരുന്ന ചരക്കുകൾക്ക് ചുങ്കം ഏർപ്പെടുത്തിയിരുന്നതായും ആ സ്ഥലത്തിന് ഇപ്പോഴും ചുങ്കത്തിൽ എന്ന പേര് നിലനില്ക്കുന്നതായും കാണുന്നു. ഈ ദേവാലയത്തിനോട് അനുബന്ധിച്ച് നടത്തി വരുന്ന ആദ്ധ്യാത്മിക വിദ്യാലയത്തിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് നിരവധി പേർ പഠനം പൂർത്തിയാക്കി പോകാറുണ്ട്. ഈ പള്ളിയിൽ കേരളത്തിലെ അറിയപ്പെട്ടിരുന്ന കർമ്മ ശാസ്ത്രി പണ്ഡിതൻ മർഹൂം കുഞ്ഞിബാവാ മുസ്ലിയാർ സേവനം അനുഷ്ഠിച്ചിരുന്നു. കൂടാതെ കൂട്ടുങ്കൽ ഹാജി ഹൈദ്രോസ് മുസ്ലിയാർ നീണ്ട അറുപത്തിയഞ്ചു വർഷക്കാലം ഖത്തിബായി സേവനം അനുഷ്ഠിച്ചിരുന്നതും ഇത്തരുണത്തിൽ സ്മരണീയമാണ്.

മണ്ണഞ്ചേരി ജുമുഅത്ത് പള്ളിക്കൊപ്പമോ ഒരു പക്ഷേ അതിന് മുൻപേ ഉള്ള പ്രാചീനത അവകാശപ്പെടാൻ കഴിയുന്നതാണ് പൊന്നാട് ജുമുഅത്ത് പള്ളി. ഇവ കൂടാതെ അമ്പനാകുളങ്ങര ജുമാ മസ്ജിദ് പടിഞ്ഞാറേ ജുമാ മസ്ജിദ് , മണ്ണഞ്ചേരി ടൗൺ ജുമാ മസ്ജിദ് എന്നീ ജുമാ അത്തുകളും മറ്റനേകം നിസ്ക്കാര പള്ളികളും ഉണ്ട്.

ക്രിസ്തീയ ദേവാലയങ്ങളുടെ കാര്യത്തിലും ഈ പ്രദേശം പിന്നിലല്ല. കലവൂർ ചെറുപുഷ്പം പള്ളി, മണ്ണഞ്ചേരി നിത്യ സഹായ മാതാവ് ദേവാലയം,വലിയ കലവൂർ ലൂർദ് മാതാ ദേവാലയം തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. ചെറുപുഷ്പം പള്ളിയുടെ പെരുന്നാളിനോട് അനുബന്ധിച്ച് വലിയ തോതിൽ വിറ്റുകൊണ്ടിരുന്ന പച്ചക്കറി വിത്തുകളും, കിഴങ്ങ് വർഗ്ഗങ്ങളും, വീട്ടുപകരണങ്ങളും എന്നിവ തദ്ദേശവാസികൾക്ക് ഗതകാല സ്മരണകളും മാത്രമാണ്.

ഇൻഡ്യൻ ദേശീയ സമരത്തിലും അതിന്റെ ഭാഗമായി തിരുവിതാംകൂറിൽ നടന്ന പുന്നപ്ര-വയലാർ സമരത്തിലും പങ്കെടുത്തവരുടെ സംഖ്യ ഒട്ടും കുറവല്ല. മുഹമ്മ അയ്യപ്പൻ, സത്യാഗ്രഹി കേശവൻ, ശ്രീ.പി.കെ.വാസു, ഗോപാലൻ, നരിക്കാട്ടു വേലു, കരിച്ചാറമ്പിൽ തമ്പി,കൂനംപുളിക്കൽ വാസു,പുത്തൻ പുരയ്ക്കൽ ദിവാകരൻ തുടങ്ങിയവർ ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ (1114 മേടം) പങ്കെടുത്തവരാകുന്നു. സർവ്വശ്രീ.പി.കെ.വാസുവും, പുത്തൻ പുരയ്ക്കൽ ദിവാകരനും ജീവിച്ചിരിയ്ക്കുന്നു. പുന്നപ്ര വയലാർ സമരത്തിൽ ഈ പ്രദേശത്തുനിന്നും 150 ൽ അധികം പേർ പങ്കെടുത്തതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവരിൽ സർവ്വശ്രീ കെ.കെ.കൊച്ചുനാരായണൻ,എൻ.കെ.രാഘവൻ,കെ.കരുണാകരൻ, തൈത്തറ രാമൻകുട്ടി, തുടങ്ങിയണ പ്രമുഖകർ ജീവിച്ചിരിക്കുന്നു. പുന്നപ്ര- വയലാർ സമരവുമായി ബന്ധപ്പെട്ട ചരിത്രത്തിൽ സ്ഥാനം നേടിയ കണ്ണർകാട് പ്രദേശം ഇവിടെയാണ്. വിപ്ലവ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽ മുന്നണി പടയാളിയും അതികായനുമായിരുന്ന ശ്രീ.പി. കൃഷ്ണപിള്ള സർപ്പദംശനമേറ്റ് മരണ മടഞ്ഞത് 1946 ഓഗസ്റ്റ് 19-ന് ഇവിടെ വെച്ചാണ്. അദ്ദേഹത്തിന്റെ ഭൗതീക ശരീരം സംസ്ക്കരിച്ചത് രക്തസാക്ഷികുടീരം അന്ത്യ വിശ്രമം കൊള്ളുന്ന വലിയ ചുടുകാട്ടിലാണെങ്കിലും അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മുൻപിൽ ഈ പ്രദേശത്ത് ആണ്ട് തോറും അദരാഞ്ജലികൾ അർപ്പിക്കാറുണ്ട്. പുന്നപ്ര-വയലാർ സമരത്തിനോട് അനുബന്ധിച്ച് വെടിവെയ്പ്പ് നടന്ന മാരാരിക്കുളം മണ്ണഞ്ചേരി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതി ചെയ്യുന്നു. പുന്നപ്ര-വയലാർ സമരസേനാനികളെ സംഘടിപ്പിച്ച് സമരത്തിന് ആഹ്വാനം ചെയ്തത് ഈ പഞ്ചായത്തിലുള്ള വലിയവീട് ക്ഷേത്രമൈതാനിയിൽ വെച്ചായിരുന്നു.

രൂപകദേശം, വഞ്ചിനാട്, തിരുവടിദേശം, തിരുവാഴും കോട്, തിരുവിതാംകോട് എന്നിവ തിരുവിതാംകൂറിന്റെ രൂപ ഭേദം വന്ന പേരുകളായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ആ പ്രദേശത്തിന്റെ അടിസ്ഥാന രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ തയ്യാറാക്കുന്ന കാലഘട്ടത്തിൽ തിരുവിതാംകോട് എന്നായിരുന്നു നമ്മുടെ നാട്ടുരാജ്യത്തിന്റെ പേര്. കോട്ടയം

ജില്ലയിൽ ചേർത്തല താലൂക്കിൽ 2-ാം നമ്പർ ആര്യാട് വടക്ക് വില്ലേജ് എന്ന് നമ്മുടെ വില്ലേജ് വിളിക്കപ്പെട്ടിരുന്നു. 4171/നമ്പരുകളിലായി 3126 ഏക്കർ പുരയിടവും,3 075 നമ്പരുകളിലായി 1601 ഏക്കർ നിലവു വേമ്പനാട് കായൽ പുറംപോക്ക് ഉൾപ്പെടെ 4595 ഏക്കർ പുറംപോക്ക് ഭൂമി ഉണ്ടായിരുന്നതായി കാണുന്നു

1). പണ്ടാരവക പാട്ടം,ഒറ്റിയടിമ, അനുഭവം, ഇറക്കാരായ്മ, അട്ടിപ്പേര് ഈ വിഭാഗങ്ങളിൽ 2453 ഏക്കർ പുരയിടവും 815 ഏക്കർ നിലവും രേഖയിൽ കാണുന്നു.

2).മാടത്തുംകര ദേവസ്വംപാട്ടം, ശംഖ്വിരുത്തി, മാലവിരിത്തി, കാണപ്പാട്ടം ഇവയിൽ 29 ഏക്കർ പുരയിടവും 23 ഏക്കർ നിലവുംസർക്കാർ ദേവസ്വം വകയായി ഉണ്ടായിരുന്നു.

3). കണകൂർ ദേവസ്വം കാണപ്പാട്ടം, അടിമ, പൂവിരുത്തി മണ്ണഞ്ചേരി ദേവസ്വം കാണപ്പാടും അടിമ ഇറക്കാരായ്മ, കാവുങ്കൽ ദേവസ്വം കാണപ്പാട്ടം ഞാറകുളങ്ങര എന്നീ കാരായ്മ ദേവസ്വം വസ്തുക്കളിൽ 25 ഏക്കർ പുരയിടവും 53 ഏക്കർ നിലവും ഉണ്ടായിരുന്നതായി രേഖയിൽ കാണുന്നു.

4). തരണനെല്ലൂർ വക ഇറക്കാരായ്മ,കാണാപ്പാട്ടം, വൈപ്പൻ നമ്പൂതിരി വക ഇറക്കാരായ്മ,തേട്ടം, അടിമ, കാരായ്മ വൈക്കം സമൂഹം വക കാണം, കിടങ്ങശ്ശേരി സോമതിരി വക ഇടയ്ക്കാരയ്മ, കക്കാശ്ശേരി ഭട്ടതിരി വക ഇറക്കാരായ്മ എന്നിവയിൽ മൊത്തം 30 ഏക്കർ പുരയിടവും 20 ഏക്കർ നിലവും ബ്രഹ്മസ്വം വസ്തുക്കം എന്ന പേരിൽ ഉണ്ടായിരുന്നതായി കാണപ്പെടുന്നു.

5) .കുടിപുള്ളി തനത്, ഇറക്കാരായ്മ, കാരായ്മ, പാലിയത്ത് വകതനത്, കോവിൽവക, കരം പിരിഞ്ഞത്,കോവിൽവകകാരായ്മ ഞാണ്ടിരിക്കൽ തമ്പാൻ വക,കാണപ്പാട്ടം,അടിമ, ഇറക്കാരായ്മ മേലാത്ത് കണ്ണാട്ട് കോവിൽ വക കാണപ്പാട്ടം, കരായ്മ , ഇറക്കാരായ്മ, മഠത്തിൽ കോവിൽ വക കാണപ്പാട്ടം കുളങ്ങ് എഴുത്ത് തിരുമുൽപ്പാട്ടുവക കരം പിരിഞ്ഞത്, കരം ഒഴിവ വസ്തുക്കം, കാടിൽ കോവിൽ വക കരം പിരിഞ്ഞത്, എന്നി മാടമ്പി ഇനം വസ്തുക്കളിൽ 589 ഏക്കർ പുരയിടവും 689 ഏക്കർ നിലവും ഉണ്ടായിരുന്നതായും രേഖകളിൽ കാണുന്നു. അപ്രകാരമുള്ള 4727 ഏക്കർ വസ്തുക്കളിൽ 2250 ഏക്കർ ഭൂമി മാടമ്പിമാരുടെയും ബ്രാഹ്മണരുടെയും ക്ഷേത്ര ദേവസ്വരൂപങ്ങളുടെയും വക ആയിരുന്നു.

1959 - ൽ ആരംഭിച്ച കേരളത്തിലെ വിവിധ ഭൂപരിഷ്കരണത്തിന്റെ ഫലമായി കൈവശഭൂമിയുടെ ഉടമ അവകാശം കൈവശക്കാർക്ക് ലഭിക്കുന്ന സംവിധാനമുണ്ടായി. പരിധി കഴിഞ്ഞുള്ള ഭൂമി ജന്മിമാർക്ക് വിട്ട് കൊടുക്കേണ്ടിവന്നു. ഇതിന്റെ ഫലമായി1959 വരെ വിതരണരീതിയിൽ ഉണ്ടായിരുന്നഭൂ ഉടമാ സമ്പ്രദായം പടിപടിയായി അവസാനിച്ചു.തുടർന്ന്1981-മുതൽ ആരംഭിച്ച റീ സർവ്വെ 1990 ൽ പൂർത്തീകരിച്ച് 1995-ൽ അംഗീകരിച്ചു. പുന:സംഘടനയെ തുടർന്ന് മണ്ണഞ്ചേരി പഞ്ചായത്ത് പ്രദേശം മണ്ണഞ്ചേരി വില്ലേജ് മുഴുവനും കോമളപുരം വില്ലേജിന്റെ മടയാം തോടിന്റേ വടക്കോട്ടുള്ള ഭാഗവും ഉൾപ്പെടുന്നതാണ്. (പഴയ ആര്യാട് വടക്ക് വില്ലേജിന്റെ മുഴുവൻ പ്രദേശവും.)

റീ സർവ്വെ പ്രകാരമുള്ള റിക്കാർഡിൽ പഞ്ചായത്ത് പ്രദേശത്ത്3908 ഏക്കർ പുരയിടവും 354 ഏക്കർ നിലവും 4153 ഏക്കർ വേമ്പനാട് കായൽ ഉൾപ്പെടെ 4490 ഏക്കർ പുറമ്പോക്കും രേഖപ്പെടുത്തിയിരിക്കുന്നു.

സെറ്റിൽന്റെ് രജിസ്റ്റർ പ്രകാരം ഉണ്ടായിരുന്ന 7246 നമ്പർ വസ്തുക്കം 15437 നമ്പരുകളിലായി വീതിക്കപ്പെട്ടിരിക്കുന്നു. ഭൂ ഉടമകളുടെ തരം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

10 സെന്റിന് താഴെ ഭൂമിയുള്ളവർ	-	*3065*
11-25	-	*6919*
26-50	-	*3392*
51-100	-	*1582*
101-200	-	*452*
201-500	-	*26*
500 സെന്റിനു മേൽ	-	*1*
മൊത്തം		*15437*

ലക്ഷം വീട് കോളനികളിൽ താമസിക്കുന്നവരുടെ എണ്ണം കൂടി കണക്കിലെടുത്താൽ 10 സെന്റിന് താഴെയുള്ളവരുടെ എണ്ണം 3400 ൽ എത്തി നില്ക്കും. ഇതിൽ ഒന്നിലധികം തുണ്ട് ഭൂമിയുള്ളവരും ഒരു തുണ്ടിന് പല അവകാശികളും ഉള്ളതായും. ഇതിന്റെ ഗ്രൂപ്പ് തിരിച്ചുള്ള ലിസ്റ്റ് വില്ലേജ് ഓഫീസിൽ ലഭ്യമല്ല. പ്രസ്തുത വിവരം ശേഖരിക്കുവാൻ കാല താമസവും ഉണ്ടാകും. റീ സർവ്വെയിൽ ഉണ്ടായ അപാകതകളും പരിഹരിച്ചുകിട്ടുന്നതിന് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം ആവശ്യമാണ്.വസ്തു പോക്ക് വരവിന്റെ നടപടിക്രമങ്ങളും വിവാദപരമല്ലാത്ത ഉടമാ അവകാശം നല്കുന്നതിലുള്ള നൂലാമാലകളും നടപടിക്രമങ്ങളും ലഘൂകരിച്ച് ഗവ: ഉത്തരവ് ഉണ്ടാക്കേണ്ടതാണ്.

പുരാതന കുടുംബമായിരുന്ന കരിങ്ങാട്ടം പള്ളിക്കാർ സംഭാവന ചെയ്തതാണ് ഇന്നു മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ നിൽക്കുന്ന 1- ഏക്കർ 31- സെൻറ് സ്ഥലം തിരുവിതാംകോട്ട് സംസ്ഥാനമായിരുന്നപ്പോഴും തന്നെ രണ്ട് കെട്ടിടങ്ങളും നിർമ്മിച്ചു. ജീർണ്ണിക്കാറായ പ്രസ്തുത കെട്ടിടങ്ങളും, സ്ഥലവും അന്യം നിന്നതുപോലെയായി.

എ. എസ് കനാലിന്റെ ഇരുകരകളിലും മടയാം തോടിന്റെ കരകളിലും പുറമ്പോക്ക് ഭൂമി കാണുന്നു. പഠന പര്യടനത്തിൽ ദൃശ്യമായ ഈ ഭൂമി പതിച്ചുകൊടുക്കാനുള്ള ഭൂമിയുടെ പട്ടികയിൽ കാണുന്നില്ല. വിശദവും, പഠനാർഹവുമായ ആ റിക്കോർഡ് തയ്യാറാക്കുന്നത് നന്നായിരിക്കും.വേമ്പനാട് കായലിൽ ആലപ്പുഴ-എറണാകുളംബോട്ട് ചാലിനോട് ചേർന്ന് പടിഞ്ഞാറുവശം 4153 ഏക്കർ കായൽ കൂടി ഉൾപ്പെടുന്നതാണ് മണ്ണഞ്ചേരി പഞ്ചായത്ത് പ്രദേശം.

ഭൂപ്രകൃതി

ആലപ്പുഴ-എറണാകുളം ബോട്ട് ചാലിനും പടിഞ്ഞാറുവശം വെള്ളക്കെട്ടുകളും ഉൾപ്പെടെയും മടയാം തോടിന് വടക്കും നാഷണൽ ഹൈവേയ്ക്ക് കിഴക്ക് എക്സൽ ഗ്ലാസിന്റെ ഭാഗികമായ ചില പ്രദേശങ്ങളും ഉൾപ്പെടെ മുടക്കനാൻ തോടിനുതെക്കുമായി മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.3452 ച.കി.മീ ആണ് വിസ്തീർണ്ണം ചതുപ്പും ചെളിയും കലർന്ന ഭൂഭാഗവും അതിന് തൊട്ടു പടിഞ്ഞാറു 3 ച.മീ ചെളിപ്രദേശവും ആലപ്പുഴ തണ്ണീർമുക്കം റോഡിന് കിഴക്കു വശം താരതമ്യേന വള കൂർ ഉള്ളതും ആയ മണൽ പ്രദേശവും, ആലപ്പുഴ തണ്ണീർമുക്കംറോഡിന് പടിഞ്ഞാറു വശം സ്ഥിതി ചെയ്യുന്ന ചൊരി മണൽ പ്രദേശവും ചേർന്ന് പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ചരിഞ്ഞു കിടക്കുന്നു. പെയ്യുന്ന ജലം പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ഒഴുകി വേമ്പനാട്ട് കായലിൽ പതിക്കുന്നു. വേമ്പനാട്ട് കായലിൽ ഓര് വെള്ളം കയറുന്നത് മൂലം 4 മാസക്കാലം കായലിനോട് ചേർന്ന് 6.കി.മീ സ്ഥലത്ത് താമസിക്കുന്നവർക്ക് കുടിവെള്ളം ലഭിക്കാതെയും യാതൊരു കൃഷിയുംചെയ്യാൻ നിവർത്തിയില്ലാതെയും ദുരിതത്തിലാകുന്നു. വിവിധ ശാഖകളിലൂടെ പടിഞ്ഞാറു നിന്നും ഒഴുകി എത്തുന്ന ജലം മുടക്കനാം കുഴി തോട്, മണ്ണഞ്ചേരി തോട്, കേവേലി തോട്, മടയാം തോട് എന്നിവ വഴി വേമ്പനാട്ട് കായലിൽ പതിക്കുന്നു. പാലയ്ക്കൽ തോട്, ആര്യാടൻ വീട് തോട്, ഇടശ്ശേരി തോട് ഇവയിലൂടെ പാടശേഖരങ്ങളിൽ എത്തിച്ചേരുന്ന ജലം മോട്ടോർ ഉപയോഗിച്ച് വേമ്പനാട്ടു കായലിൽ ഒഴുക്കുന്നു. മനയത്ത് ശ്ശേരി തോട്, വാനയിൽതോട്, അമ്പലക്കടവ് തോട്, പാപ്പാളിതോട് ഇവയിലെ ജലവും വേമ്പനാട്ടു കായലിൽഎത്തിച്ചേരുന്നു. പഞ്ചായത്തിന്റെ ഒന്നും,രണ്ടും വാർഡുകളിൽ ഉൾപ്പെട്ട 200ഏക്കറുള്ള പെരുന്തുരുത്തികരിയും 7ാം വാർഡിൽ ഉൾപ്പെട്ടുകിടക്കുന്ന 35 ഏക്കർ വിസ്തീർണ്ണമുള്ള മണ്ണഞ്ചേരി തെക്കെകരിയും മാങ്കരിയുടെ 9 ഏക്കർ വരുന്ന ഭാഗവും പറവയ്ക്കൽകരിയും ആലപ്പുഴ-തണ്ണീർമുക്കം റോഡിന് കിഴക്കായി സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ കെട്ടി നില്ക്കുന്ന ജലം തോടുകളും ആഴം കൂട്ടി കൃഷിക്ക് പ്രയോജനപ്രദമാക്കണം. മേൽപ്പറഞ്ഞ തോടുകളിൽ വെള്ളം കെട്ടിനിൽക്കുന്നത് പാർപ്പിടങ്ങൾക്ക് ഭീഷണിയാകുന്നു.

പഞ്ചായത്തിൽ തെക്കുവടക്കായി ആലപ്പുഴ -തണ്ണീർമുക്കം റോഡും എൻ.എച്ച് 47-ന്റെ

സമാന്തരമായി കിടക്കുന്ന ആശ്രമം- പൂന്തോപ്പു റോഡും എൻ.എച്ച് 47- ൽ നിന്നും ഉദ്ദേശം 200 മീറ്റർ കിഴക്കുമാറി തെക്ക് വടക്കായി എ.എസ്സ്.കനാലും സ്ഥിതിചെയ്യുന്നു. എൻ.എച്ച് 47-ൽ നിന്ന് കിഴക്ക് പടിഞ്ഞാറായി മാരാരിക്കുളം മംഗളപുരം കാവുങ്കൽ റോഡും വളവനാട് കാവുങ്കൽ റോഡും കലവൂർ മണ്ണഞ്ചേരി റോഡും ബർണാഡ് കവല നേതാജി പുത്തൻചന്ത റോഡും കലവൂർ വോംഗ-അമ്പനാകുളങ്ങര - പുന്നചിറ റോഡും വലിയ കലവൂർ - 347 എസ്സ്.എൻ.ഡി.പി റോഡും നിർമ്മിച്ചിട്ടുണ്ടെങ്കിലും നാഷണൽ ഹൈവേയിൽ നിന്ന് നേരിട്ട് വേമ്പനാട്ട് കായൽ തീരം വരെ എത്തുന്ന ഒരു ഗതാഗതസൗകര്യവുമില്ല.

പരമ്പരാഗത നെൽകൃഷിക്ക് ഉപയുക്തമായതും പടിഞ്ഞാറൻ മേഖലകളിൽ അങ്ങിങ്ങായി കിടക്കുന്നതുമായ പാടങ്ങളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്		
വിസ്തൃതി	=	34.52 ച.കി.മീ
വാർഡ്	=	14
ജനസംഖ്യ	=	45,373
ബ്ലോക്ക് പഞ്ചായത്ത്	=	ആര്യാട്
അസംബ്ലി മണ്ഡലം	=	മാരാരിക്കുളം
പാർലമെന്റ് മണ്ഡലം	=	ആലപ്പുഴ
പ്രസിഡന്റ്	=	ശ്രീമതി പി.കെ മേദിനി
വൈ:പ്രസിഡന്റ്	=	ശ്രീ. പി.എൻ. ദാസൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	=	ശ്രീ വി.എൻ മോനപ്പൻ

1948 -ൽ തിരുവതാംകൂർ സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട വില്ലേജ് യൂണിയനിൽ മണ്ണഞ്ചേരി വില്ലേജ് യൂണിയൻ ഉൾപ്പെട്ടിരുന്നു. വില്ലേജ് യൂണിയന്റെ പ്രവർത്തന മേഖല തെക്കനാര്യാട് വില്ലേജിൽ ഇന്നു കാണുന്ന ആലപ്പുഴ മുനിസിപ്പൽ അതിർത്തിക്ക് വടക്കോട്ടുള്ള പ്രദേശമായിരുന്നു. ഇത് വടക്ക് മുടക്കനാംകുഴിതോട് വരെ നീണ്ട് കിടക്കുന്നു അതിന്റെ ആസ്ഥാനം മണ്ണഞ്ചേരി കവലയ്ക്ക് സമീപം ആയിരുന്നു.

ശ്രീ . തോട്ടുങ്കൽ കെ. പി അച്യുതൻ പിള്ള ബി. എ. എൽ. റ്റി പ്രസിഡന്റും ശ്രീ . കെ. എ അബ്ദുക്കുട്ടി സാഹിബ് വൈസ് പ്രസിഡന്റായുമുള്ള ആദ്യ ഭരണ സമതിയൽ സർവ്വശ്രീ

1) കളരിക്കൽ കുമാരൻ വൈദ്യർ
2) കുണ്ടത്തിൽ പരമേശ്വരൻ പിള്ള
3) ചിരട്ടകാട്ട് കൃഷ്ണക്കുറുപ്പ്
4) വെളിപറമ്പിൽ നാരായണൻ എന്നിവർ തെരെഞ്ഞെടുക്കപ്പെട്ട മെമ്പർമാരും
1) തഹസീൽദാർ
2) സഹകരണ ഇൻസ്പെക്ടർ
3) സാനിട്ടറി ഇൻസ്പെക്ടർ
4) കൃഷി ആഫീസർ
5) കനാൽ ആഫീസർ എന്നിവർ പ്രതിനിധികളും ആയിരുന്നു. ശ്രീ .കെ.പി അച്ചുതൻ പിള്ള താല്ക്കാലികമായി തിരുവനന്തപുരത്തേക്ക് താമസം മറ്റിയതിനെ തുടർന്ന് ശ്രീ. അബ്ദുക്കുട്ടി സാഹിബ് പ്രസിഡന്റായി ചുമതലയേറ്റു. അദ്ദേഹം പഴയകാല ഓർമ്മകളോടെ ആരോഗ്യവാനായിരിക്കുന്നു. 1951-ൽ വില്ലേജ് യൂണിയനുകളുടെ പേരുമാറ്റി വില്ലേജ് പഞ്ചായത്ത് എന്നറിയപ്പെട്ടു. മണ്ണഞ്ചേരി ചന്തയ്ക്ക് കിഴക്കു വശം തോടിനു കുറുകെ മരപ്പാലം നിർമ്മിച്ചതും മണ്ണഞ്ചേരി തോട്ടിലും വലിയ കലവൂർ ക്ഷേത്രത്തിനു

മുൻവശം എ.എസ് കനാലിൽ കടത്തുവള്ളം സ്ഥാപിച്ചതും അദ്ദേഹം അഭിമാനപൂർവ്വം ഓർക്കുന്നു. കൂടാതെ വിവിധ പ്രദേശങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ച് കത്തിക്കുന്ന വഴിവിളക്കുകളും തലച്ചുമടായി സാധനങ്ങൾ കൊണ്ടു പോകുന്നവർക്ക് ആശ്വാസം നല്കുന്നതിന് ചുമടുതാങ്ങിയും സ്ഥാപിക്കുകയുണ്ടായി. തിരുവതാംകൂർ സംസ്ഥാനം, 1949 ജൂലൈ 1-ന് തിരുവതാം കൂർ - കൊച്ചി സംസ്ഥാനമായി മാറി. 1951 - 52 ലെ തിരുകൊച്ചി സംസ്ഥാന തെരെഞ്ഞെടുപ്പിനെ തുടർന്ന് 1953 - ൽ ആദ്യത്തെ പഞ്ചായത്ത് തെരെഞ്ഞെടുപ്പ് നടന്നു. തികച്ചും ജനാധിപത്യപരമായ ഒരു ഭരണം അപ്രകാരം 1953- ൽ രൂപം കൊണ്ടു. ഇന്നത്തെ അമ്പലപ്പുഴ താലൂക്ക് 1953-ൽ കൊല്ലം ജില്ലയിൽ ഉൾപ്പെട്ടിരുന്നു.വില്ലേജ് യൂണിയന്റെ പ്രവർത്തന മേഖലതന്നെയായിരുന്നു. മണ്ണഞ്ചേരി പഞ്ചായത്തിന്റേതും രണ്ട് വില്ലേജുകളിലുമായി 11 വാർഡുകളാണുണ്ടായിരുന്നത്.

സർവ്വശ്രീ : എസ്. ദാമോദരൻ
പി. പത്മനാഭപിള്ള
പി.കെ.വാസു
എം മൈതീൻകുഞ്ഞ് മേത്തർ
എൻ.എസ്സ് കുഞ്ഞിക്കോയ
എൻ.കെ. രാഘവൻ
ടി. ആർ.പി. പണിക്കർ
പി.എ. കുട്ടപ്പൻപിള്ള
എ.കെ.വേലായുധൻ
കെ. കേശവൻ

കെ . സി. ചെറുക്കൻ (റിസർവ്വേഷൻ) എന്നീ തെരെഞ്ഞെടുക്കപ്പെട്ടവരിൽ ശ്രീ. എസ്സ്. ദാമോദരൻ പ്രസിഡന്റായും ശ്രീ . പി. പത്മനാഭപിള്ള വൈസ് പ്രസിഡന്റായും ഭരണ ഭാരമേറ്റു. കക്ഷിരാഷ്ട്രീയത്തിന്റെ ഏറ്റുമുട്ടലിൽ ശ്രീ . പി. പത്മനാഭപിള്ളയ്ക്ക് വൈസ് പ്രസിഡന്റ് സ്ഥാനം ഇല്ലാതെ വരികയും ശ്രീ എസ്. വേലു വൈസ് പ്രസിഡന്റ് ആയിത്തീരുകയും ചെയ്തു. തുടക്കത്തിൽ കവലയ്ക്ക് കിഴക്കോട്ടുള്ള റോഡിന്റെ തെക്കുപടിഞ്ഞാറെ വശത്ത് ഒരു താത്ക്കാലിക ഓല കെട്ടിടത്തിലായിരുന്നു പഞ്ചായത്തിന്റെ പ്രവർത്തനം.

മുൻ വില്ലേജ് യൂണിയൻ പ്രസിഡന്റായിരുന്ന കെ. പി. അച്യുതൻപിള്ളയുടെ ഭാര്യ കല്ല്യാണിക്കുട്ടിയമ്മയുടെ പേരിലുണ്ടായിരുന്ന സ്ഥലത്തിൽ 21 സെന്റ് സ്ഥലം പഞ്ചായത്തിലേക്ക് ദാനം ചെയ്തു. മേൽ വിവരിച്ച പഞ്ചായത്തു മെമ്പർമാരിൽ താഴെ പേരു പറയുന്നവർ ജീവിച്ചിരിക്കുന്നു.

1) എസ്സ്. ദാമോദരൻ
2) എസ്സ്. വേലു
3) പി.കെ.വാസു
4) പി. പത്മനാഭപിള്ള
5) എൻ.കെ.രാഘവൻ
6) ടി.ആർ.പി. പണിക്കർ

പഞ്ചായത്ത് കെട്ടിടത്തിന്റെ നിർമ്മാണം ഡയറി ഫാം-പൂന്തോപ്പുറോഡ്, ഇന്നത്തെ ആര്യാട് പഞ്ചായത്തിലെ കോമളപുരം - പാതിരപ്പള്ളി റോഡ്, റോഡുകൾക്ക് കുറുകെയുള്ള മരപ്പാലങ്ങൾ, പൊന്നാടുള്ള പഞ്ചായത്ത് എൽ. പി സ്കൂൾ, കൂട്ടാല. സല്ലൂയിസ് എന്നിവ എടുത്ത് പറയത്തക്ക ഭരണനേട്ടങ്ങൾ ആയിരുന്നു.

1962- ലെ വില്ലേജ് പുന:സംഘടനയെ തുടർന്ന് 1964 - ൽ ആണ് രണ്ടാമത്തെ പഞ്ചായത്ത് തെരെഞ്ഞെടുപ്പ് നടന്നത്. ആര്യാട് തെക്ക് വില്ലേജിന്റെ ഭാഗം ആര്യാട് പഞ്ചായത്തിൽ ചേർത്തുകൊണ്ടും ആര്യാട് വടക്ക് വില്ലേജിന്റെ മുഴുവൻ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചും മണ്ണഞ്ചേരി പഞ്ചായത്ത് രൂപീകൃതമായി.

10 വാർഡുകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട 10 മെമ്പർമാരും ഒരു വനിതാ നോമിനേറ്റഡ് മെമ്പറും ചേർന്ന് 11 പേര് അടങ്ങുന്ന ഒരു കമ്മറ്റി 1964 ൽ നിലവിൽ വന്നു.

1) എസ്സ്. വേലു (പ്രസിഡന്റ്)
2) പി.കെ.വാസു (വൈസ് പ്രസിഡന്റ്)
3) സി.എ.കുഞ്ഞുമുഹമ്മദ് നൈന
4) പി.ഒ. അബ്ദുള്ള കുഞ്ഞ്
5) ടി.എൻ. രാമൻകുട്ടി
6) ടി,ആർ.പി. പണിക്കർ
7) എ.ടി.വാവച്ചൻ(റിസർവേഷൻ)
8) കെ.കെ.മുകുന്ദൻ
9) എം.പി.വിശ്വനാഥൻ
10) എ.കെ. വേലായുധൻ
11) കെ.യമുനാഭായി എന്നിവരായിരുന്നു അംഗങ്ങൾ

15വർഷത്തെ ദീർഘമായ ഭരണകാലയളവിൽ എടുത്തുപറയത്തക്കവിവിധപദ്ധതികൾ നടപ്പിലാക്കി.

1) പഞ്ചായത്ത് ആഫീസിനോട് ചേർന്ന് 52 സെന്റ് പൊന്നും വിലയ്ക്ക് സമ്പാദിച്ചു.
2) ഷോപ്പിംഗ് സെന്റർ നിർമ്മിച്ചു.
3) റൂറൽ വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തി മണ്ണഞ്ചേരി കവലയ്ക്ക് സമീപം ഓവർ ഹെഡ് ടാങ്കും പൈപ്പുലൈനും സ്ഥാപിച്ചു.
4) പഞ്ചായത്ത് കൗൺസിൽ ഹാൾ സ്ഥാപിച്ചു.
5) അമ്പലക്കടവ് പാലം നിർമ്മിച്ച് പൊന്നാട് റോഡ് നിർമ്മിച്ചു.
6) പൊന്നാട് റോഡ് നിർമ്മാണം.
7) നേതാജി - ഷൺമുഖം പൂന്തോപ്പ് റോഡ് നിർമ്മാണം.
8) കാവുങ്കൽ പഞ്ചായത്ത് എൽ.പി സ്കൂളിന് 1- ഏക്കർ സ്ഥലം സമ്പാദിച്ചു പ്രാരംഭ പ്രവർത്തനം തുടങ്ങി.

മേൽ വിവരിച്ചവ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണ്.

തുടർന്നുള്ള പഞ്ചായത്ത് തെരെഞ്ഞെടുപ്പ് 1979 - ൽ ആണ് നടന്നത്. നീണ്ട 14 വർഷത്തിന് ശേഷം 1979 ൽ നിലവിൽ വന്ന ഭരണ സമിതി അംഗങ്ങൾ

1) ശ്രീ. പി.കെ. വാസു (പ്രസിഡന്റ്)
2) ചന്ദ്രമതിയമ്മ (വൈസ് പ്രസിഡന്റ്)
3) എം.കെ. വിശ്വംഭരൻ
4) ടി.ആർ.പി. പണിക്കർ
5) പി.പത്മനാഭൻ (റിസർവേഷൻ)
6) പി.പത്മനാഭപിള്ള
7) എം.രവീന്ദ്രൻ
8) റ്റി.പി. അബ്ദുൽഖാദർ
9) എൻ. എ.എം ബഷീർ
10) എസ്.വേലു
11) എൻ.വിജയകുമാർ
12) പുളിയ്ക്കൽ വാസു.

1964-ൽ പഞ്ചായത്ത് പിരിച്ചുവിട്ട് താലൂക്ക് പഞ്ചായത്ത് ഓഫീസർ സപെഷ്യൽ ഓഫീസറായി ഭരണം ആരംഭിച്ചു. പഞ്ചായത്തിന്റെ 31-10-1994 വരെയുള്ള കാലയളവിൽ :

1) അമ്പാട്ട് പാലം
2) ബൗണ്ടറി റോഡ് നിർമ്മാണം

3) പണിക്കാപറമ്പ് റോഡ് നിർമ്മാണം.

4) മണ്ണഞ്ചേരി ജംഗ്ഷനിലും സമീപത്തും വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണം.

5) റൂറൽ ആശുപത്രിയുടെ സ്ഥാപനം

6) മണ്ണഞ്ചേരി തെക്കെകരിക്ക് കുറുകെ എർത്ത് വർക്കും കലിംങ്ക് നിർമ്മാണവും പ്രധാനപ്പെട്ടവയിൽ ചിലതുമാത്രമാണ്.

തുടർന്നു നടന്ന നാലാമത്തെ പഞ്ചായത്തു തെരെഞ്ഞെടുപ്പിൽ പരേതനായ ശ്രീ. ടി.പി അബ്ദുൽ ഖാദർ പ്രസിഡന്റായി കമ്മിറ്റി 88-ൽ അധികാരത്തിൽ വന്നു.

1) ടി.പി.അബ്ദുൽഖാദർ (പ്രസിഡന്റ്)
2) എൻ. ചിദംബരൻ (വൈ: പ്രസിഡന്റ്)
3) എൻ. എ.എം.ബഷീർ
4) എസ്സ്. ആറ്റ
5) മജീദ് കുന്നപ്പള്ളി
6) റ്റി.പി. സനൽകുമാർ
7) കെ. പൊന്നമ്മ
8) രമണൻ കളാശ്ശേരി
9) എം.കെ. സജീവൻ.
10) ആർ.ജയസിംഹൻ
11) കെ.കെ.രേഖ
12) കെ.സാഗരൻ
13) മണിയപ്പൻ.കെ.വി എന്നിവരായിരുന്നു കമ്മറ്റി അംഗങ്ങൾ

മുൻ ഭരണ സമിതികളിൽ നിന്നും ഒട്ടും പിന്നോക്കമല്ലാത്ത പ്രവർത്തനം കാഴ്ചവെക്കുവാൻ അന്തരിച്ച ശ്രീ.ടി.പി. അബ്ദുൽഖാദറുടെ നേതൃത്വത്തിലുള്ള പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1) തമ്പകച്ചുവട് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കി.

2) നേതാജി റൂറൽ ആശുപത്രിക്കു സ്ഥലം വാങ്ങുകയും കെട്ടിടം പണിയുകയും ചെയ്തു.

3) അംബേദ്ക്കർ കോളനി സ്ഥാപിച്ചു.

4) പൊന്നാട് റോഡ് ടാർ ചെയ്ത് ബസ്സ് സർവ്വീസ് ആരംഭിച്ചു.

5) മണ്ണഞ്ചേരി പള്ളിപ്പാലം നിർമ്മിച്ചു.

6) തമ്പകച്ചുവട് സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചു.

7) ഇലക്ട്രിക്കൽ കളക്ഷൻ കൗണ്ടർ സ്ഥാപിച്ചു.

8) ഡയറി ഫാം - പൂന്തോപ്പ് റോഡ്, മണ്ണഞ്ചേരി എച്ച്. എസ്സ് - ഐ.ടി.സി റോഡ് ഇവ ടാർ ചെയ്തു.

9) കണ്ണകുർ-മാടത്തുംകര-പതിയാംതറ-പുത്തൻപറമ്പ് റോഡ് എന്നിവയുടെ നിർമ്മാണം

10) മണ്ണഞ്ചേരി മാർക്കറ്റ് റോഡിന് ടാറിങ്ങ് നടത്തി.

11) മണ്ണഞ്ചേരി പബ്ളിക്ക് മാർക്കറ്റ് ഇവകൂടി പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങളുടെ പട്ടികയിൽപെടുന്നു.

42 വർഷത്തെ പഞ്ചായത്തു ഭരണം കാർഷികമേഖലയുടെ വളർച്ചയ്ക്ക് സഹായകരമായ നിലപാട് കൈകൊണ്ടു എന്ന് അവകാശപ്പെടുവാൻ കഴിയുകയില്ല. തരിശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ ഉതകുന്ന ജലസേചന സൗകര്യങ്ങൾക്ക് പരിഗണന കൊടുത്തില്ല. ദ്വിതീയ മേഖലയായ വ്യാവസായത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിലും പിന്നോക്കം നിന്നു. ആരോഗ്യ പരിപാലനരംഗത്തും നാം പ്രതീക്ഷിച്ച നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിൽ നിന്നും വ്യത്യസ്തമല്ല മറ്റ് പഞ്ചായത്തുകളുടെ സ്ഥിതിയും കാർഷിക മേഖലയേയും വ്യവസായ മേഖലയേയും ഒരുമിച്ച് നയിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുകയുള്ളു. അതിലുള്ള ആദ്യത്തെ ചുവടുവയ്പ്പ് എന്ന നിലയിൽ ജനകീയാസൂത്രണത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. പഞ്ചായത്തിന്റെ 14 ഗ്രാമസഭകളിലും ഉണ്ടായ ജനപങ്കാളിത്തവും സൃഷ്ടിപരമായ ചർച്ചകളും ജനകീയാസൂത്രണപ്രസ്ഥാനത്തെ വിജയത്തിൽ എത്തിക്കുമെന്നുള്ളതിന്റെ പ്രത്യക്ഷ തെളിവുകളാണ്

തുടർന്ന് നമ്മുടെ സംസ്ഥാനത്താദ്യമായി പഞ്ചായത്ത് രാജ് സംവിധാനപ്രകാരം ത്രിതല പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പ് 1995 സെപ്തം : 25 -ാം തീയതി നടക്കുകയും ഒക്ടോബർ 2 ന് താഴെപ്പറയുന്ന ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു.

1) പി.കെ.മേദിനി . പ്രസിഡൻറ്
2) പി.എൻ.ദാസൻ . വൈ: പ്രസിഡൻറ്
3) വി.എൻ.മോനപ്പൻ
4) കുന്നപ്പള്ളി മജീദ്
5) ടി.കെ.കുമാരൻ
6) എസ്സ്.ആറ്റ
7) ജയലക്ഷ്മി കൃഷ്ണൻ
8) എൻ.എ.എം.ബഷീർ
9) കെ.അജിത്
10) കെ.വി.സുധാകരൻ
11) ബാലാമണി.വിദ്യാധരൻ
12) എൻ.ചിദംബരൻ
13) രാജമ്മ .എം
14) ജഗദമ്മ ടീച്ചർ

■

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - സ്ഥിതി വിവരക്കണക്കുകൾ - സെൻസസ് റിപ്പോർട്ട് 1991

വാർഡു നമ്പർ	വീടുകളുടെ എണ്ണം	വീടുകളുടെ എണ്ണം	ജന സംഖ്യ	പുരുഷൻമാർ	സ്ത്രീകൾ	കുട്ടികൾ	6 വയസ്സിനു താഴെ		പട്ടിക ജാതി		പട്ടിക വർഗ്ഗം	
							പുരുഷൻമാർ	സ്ത്രീകൾ	പുരുഷൻമാർ	സ്ത്രീകൾ	പുരുഷൻമാർ	സ്ത്രീകൾ
1	2	3	4	5	6	7	8	9	10	11	12	13
1	415	415	2432	1210	1222	303	156	147	27	23		
2	587	587	3122	1538	1584	389	204	185	131	124		
3	821	821	3649	1802	1847	383	187	186	241	219	13	22
4	742	742	3366	1644	1722	361	190	171	275	284		
5	557	557	2731	1338	1393	333	172	161	39	32		
6	829	829	4264	2090	2174	523	264	259	141	144	2	2
7	626	626	3407	1651	1756	428	214	214	35	42		
8	639	640	3309	1624	1685	431	218	213	59	67		
9	384	384	1666	789	877	182	83	99	90	103		
10	983	983	4271	2083	2188	487	252	235	125	138		
11	634	634	2781	1405	1376	276	155	121	111	91		
12	608	608	2849	1365	1484	303	150	153	34	47		
13	748	755	3536	1817	1819	390	205	185	65	67		
	8573	8582	41383	20256	21127	4789	2460	2329	137	1381	15	24

(1995 -ൽ ഗ്രാമ പഞ്ചായത്ത് രൂപീകരണത്തോടെ 10-ാം വാർഡ് വിഭജിച്ച് രണ്ട് വാർഡാക്കുകയും , വാർഡുകൾ 14 ആയി മാറുകയും ചെയ്തിട്ടുണ്ട്.)

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് ഗ്രാമ സഭാ വിവരം

ക്രമ: നമ്പർ	വാർഡു നമ്പർ	ഗ്രാമസഭാ കൂടിയ ദിവസം	പങ്കെടുത്തവർ			വാർഡുകളിൽ നടത്തിയ പ്രചാരണ പരിപാടികളുടെ വിവരം
			പുരുഷൻമാർ	സ്ത്രീകൾ	ആകെ	
1	2	13.10.96	235	36	271	പോസ്റ്ററിംഗ്, വീടുകൾ തോറുമുള്ള പ്രചരണം,തനതായ ഉച്ചഭാഷിണി പ്രചരണം
2	2	2.10.96	294	46	340	വിളംബര ജാഥ, വികസന ജ്യോതി, വീടുകൾ തോറുമുള്ള പ്രചരണം വീടുകൾ തോറുമുള്ള പ്രചരണം,ബാനർ
3	3	2.10.96	224	76	300	തനതായ ഉച്ചഭാഷിണി പ്രചരണം, വികസന ജ്യോതി, പോസ്റ്ററിംഗ്, വീടുകൾ തോറുമുള്ള പ്രചരണം
4	4	6.10.96	285	80	365	വികസന ജാഥ, ഗൃഹജ്യോതി,വിളംബരജാഥ,മെഗഫോൺ പ്രചരണം, സ്വന്തമായി ഉച്ചഭാഷിണി പ്രചരണം
5	5	6.10.96	177	38	215	തനതായ മൈക്ക് പ്രചരണം,പോസ്റ്ററിംഗ്,വികസന ജാഥ,
6	6	6.10.96	150	90	240	വീടുകൾ തോറുമുള്ള പ്രചരണം,പോസ്റ്ററിംഗ്,മെഗഫോൺ പ്രചരണം
7	7	13.10.96	242	28	270	വിളംബര ജാഥ,പോസ്റ്ററിംഗ്
8	8	2.10.96	222	60	282	സ്കാഡ് പ്രവർത്തനം, വിളംബര ജാഥ,മെഗഫോൺ
9	9	6.10.96	215	125	340	വികസന ജ്യോതി,സ്കാഡ് പ്രവർത്തനം,പോസ്റ്ററിംഗ്, സ്വന്തമായി ഉച്ചഭാഷിണി പ്രചരണം
10	10	13.10.96	172	68	240	വികസന ജാഥ,പോസ്റ്ററിംഗ്, തനതായ ഉച്ചഭാഷിണി പ്രചരണം,സ്കാഡ് പ്രവർത്തനം
11	11	6.10.96	187	85	222	വികസന ജ്യോതി,പോസ്റ്ററിംഗ്,തനതായ ഉച്ചഭാഷിണി പ്രചരണം
12	12	13.10.96	222	68	290	തനതായ ഉച്ചഭാഷിണി പ്രചരണം,പോസ്റ്ററിംഗ്, വീടുകൾ തോറുമുള്ള പ്രചരണം
13	13	13.10.96	290	90	380	വിളംബര ജാഥ,മെഗഫോൺ പ്രചരണം, പോസ്റ്ററിംഗ്
14	14	13.10.96	263	97	360	വിളംബര ജാഥ,പോസ്റ്ററിംഗ്,മെഗഫോൺ പ്രചരണം, വികസന ജ്യോതി,സ്കാഡ് പ്രവർത്തനം,
		ആകെ	3178	987	4165	14 വാർഡുകളിലും വീടൊന്നിന് ഒന്നുവീതം നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തു. എല്ലാ ഗ്രാമ സഭയുടേയും തലേന്നാൾ വാർഡുതോറും ഉച്ചഭാഷിണി പ്രചരണം, കലാജാഥ, എന്നിവഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ നടത്തി.



കൃഷിയും ജലസേചനവും

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് സമതല പ്രദേശമാണെന്ന് പറയാം. ഭൂമി ശാസ്ത്രപരമായി കിഴക്കോട്ടു ചരിഞ്ഞാണ് സ്ഥിതിചെയ്യുന്നതെങ്കിലും ഒറ്റ നോട്ടത്തിൽ അത് ബോധ്യമാവുകയില്ല.

ഭൂപ്രകൃതിയിൽ സൂചിപ്പിച്ച പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള വേമ്പനാട്ടു കായൽ 4153 ഏക്കർ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. കായലിനോട് ചേർന്നു കിടക്കുന്ന ഉദ്ദേശം 120 ഏക്കർ കായൽനിലങ്ങളും നെൽകൃഷിക്കുപയുക്തമല്ല. ആ പ്രദേശം ചെളി കൂനയാക്കി തെങ്ങിൻ തൈകളും വെച്ചും വാഴ കൃഷി ചെയ്തുംപരീക്ഷണത്തിന് വിധേയമാക്കി കൊണ്ടിരിക്കുന്നു. ടി.കായൽ നിലത്തിന് പടിഞ്ഞാറു വശത്തായി സ്ഥിതി ചെയ്യുന്ന 190 ഏക്കർ വരുന്ന പെരും തുരുത്ത് കരിയും 14 ഏക്കർ വരുന്ന ചിരട്ടക്കാട്ട് കരീയും 35 ഏക്കർ വരുന്ന മണ്ണഞ്ചേരി തെക്കേകരിയും 20 ഏക്കർ വരുന്ന മാങ്കരിയും 25 ഏക്കർ വരുന്ന പറവയ്ക്കൽ കരിയും ചേർന്ന മൊത്തം 284 ഏക്കർ കരിനിലം കൃഷിയ്ക്ക് ഉപയുക്തമാണ്.എന്നാൽ പെരുംതുരുത്ത് കരിയിലും, മണ്ണഞ്ചേരി തെക്കേ കരിയിലും ആണ് കൃഷി നടക്കുന്നത്.ഇവ രണ്ടും ഇരിപ്പൂ നിലങ്ങളാണ്. ബാക്കിയുള്ള കരഭാഗങ്ങളിൽ 450 ഏക്കർ നിലം ആലപ്പുഴ - തണ്ണീർമുക്കം റോഡിന് പടിഞ്ഞാറു വശം തെക്ക് വടക്കായും അങ്ങിങ്ങായും ചിതറിക്കിടക്കുന്നു.ഈ പാടശേഖരങ്ങളിൽ പാരമ്പര്യ നെൽകൃഷി ചെയ്ത് വരുന്നു. പ്രകൃതിയെ ആശ്രയിച്ചു മാത്രം നെൽകൃഷി നടത്തുന്ന പ്രദേശമാണിത്. മുണ്ടകനും, വിരുപ്പും നെൽ വിത്തുകളം ആണ്.അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകളം പ്രചാരത്തിലെത്തുന്നതിന് മുൻപ് ഇവിടങ്ങളിലുള്ള എല്ലാ നിലങ്ങളിലും കൃഷി ചെയ്തിരുന്നത് പുതിയ ഇനം വിത്തുകളം ഉല്പാദന ക്ഷമതയുള്ളവയാണെങ്കിലും വിരുപ്പിന്റേയും,മുണ്ടകന്റേയും അരിയോടുള്ള താത്പര്യം ഇപ്പോഴും നില നിൽക്കുന്നു.

പ്രധാന വിളയായ തെങ്ങ് 3100 ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നതായി കാണാം. ഇടവിളയായി പയർ, പച്ചക്കറികളം, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, നാടൻമാവ്, അടയ്ക്കാ, ചേമ്പ്, കാച്ചിൽ, സപ്പോർട്ട ഇവ കൃഷി ചെയ്യുന്നു.

തെങ്ങ് കൃഷി

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ മുഖ്യ കൃഷി തെങ്ങ് കൃഷിയാണ്. ഇവിടങ്ങളിൽ ഒരു തെങ്ങിൽ നിന്നും ആണ്ടിൽ 200 മുതൽ 400

വരെ നാളികേരം ലഭിച്ചിരുന്നതായി കൃഷിക്കാർ ഓർക്കുന്നു.നാളികേരം കൊപ്രയാക്കുന്ന വ്യവസായം ഇവിടെ കേന്ദ്രീകരിക്കാനുള്ള കാരണവും ഇതു തന്നെയാണ്. മുഖ്യ വിളയായ നാളികേര ഉൽപ്പാദനത്തിൽ വന്ന ഈ തകർച്ച കൃഷിക്കാരെ നിത്യപട്ടിണിയിലേക്ക് തള്ളിവിട്ടു. കനാലിൽ ബണ്ട് നിർമ്മിച്ചും വെള്ളം കെട്ടി നിർത്തി, ഈർപ്പം നിലനിർത്തിയാണ് ഇവിടങ്ങളിൽ തെങ്ങ് കൃഷിയും മറ്റ് കൃഷികളും പുനരാരംഭിച്ചത്.1948-ലെ എ.എസ്സ് കനാലിന്റെ നിർമ്മാണത്തോടുകൂടി കനാലിന്റെ സമീപ പ്രദേശങ്ങളിൽ ഈർപ്പം ഒട്ടും നില്ക്കാതെയായതിനാൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ കാർഷികോത്പാദനം ഗണ്യമായി കുറഞ്ഞു.

ഒരു ഏക്കറിൽ ശരാശരി 60 തെങ്ങു വളരുന്നു. 1800 നാളി കേരമാണ് ഒരേക്കറിൽ നിന്നു ആണ്ടിനാൽ ലഭിക്കുന്നത്. തെങ്ങ് കൃഷി ആദായകരമായ മുഖ്യ തൊഴിലാക്കി മാറ്റണമെങ്കിൽ ഉത്പാദനത്തിൽ സാരമായ വർദ്ധനവ് ഉണ്ടാകണം. ഭൂപരിഷ്കരണം കാർഷിക രംഗത്തു വലിയൊരു കുതിച്ചു ചാട്ടം തന്നെയുണ്ടാക്കി. എന്നാൽ മുന്നോട്ടുള്ള ഈ പ്രയാണത്തിൽ നമ്മാം വിജയിച്ചില്ല. തെങ്ങിനുണ്ടാകുന്ന രോഗങ്ങാം കൂമ്പുചീയൽ, കൊമ്പൻ ചെല്ലിയുടെ ആക്രമണം, ഓലക്കരിയൽ ഇവയാകുന്നു. തെങ്ങ് രോഗം ഒരു ഭീഷണിയായി തീർന്നവിവരം എല്ലാഗ്രാമസഭകളിലും സജീവമായി ചർച്ച ചെയ്യപ്പെട്ടു. കൃഷിയുടെ പുരോഗതി കാലാവസ്ഥയെയെന്നപോലെ മണ്ണിന്റെ സ്വഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. തെങ്ങു രോഗങ്ങാം പലതും മണ്ണിൽ നിന്നാണ് ഉണ്ടാകുന്നത്. തെങ്ങുകളെ ബാധിച്ചിരിക്കുന്ന ഗുരുതരമായ രോഗങ്ങാം ഒരു വശത്തും മണ്ണിന്റെ വളക്കൂർ ഇല്ലായ്മ എന്നിവ തെങ്ങു കൃഷിക്കാരുടെ നട്ടെല്ല് തകർക്കുന്നു.

കേരളത്തിന്റെ ശരാശരി നാളികേര ഉത്പാദനം 2500 ആണെങ്കിൽ മണ്ണഞ്ചേരി പഞ്ചായത്തിൽ ഇത് 1800 ആണ്. ഇത് തമിഴ്നാടിന്റെ ശരാശരി ഉത്പാദനത്തിന്റെ 17% മാത്രമാകുന്നു.കേരം തിങ്ങുന്ന കേരള നാടിന്റെ ഇന്നത്തെ ഗതിയാണിത്.

പഞ്ചായത്തു പ്രദേശത്ത് ഭൂപരിഷ്കരണത്തെ തുടർന്ന് 13376 നാമമാത്ര കർഷകരും 50 സെന്റിനു താഴെ തുണ്ട് ഭൂമികാം ഉള്ളവരാണ്. ഇത്തരം തുണ്ട് ഭൂമികളിൽ ജലസേചന സൗകര്യങ്ങാം പരിമിതമാണ്. പരമ്പരാഗതവും അനുയോജ്യവുമായ തെങ്ങുകൃഷി ഊർജ്ജിതപ്പെടുത്താൻ അടുത്ത പദ്ധതി കാലത്ത് കഴിയണം.

നിവാരണ മാർഗ്ഗങ്ങാം

1) നല്ലയിനം നാളികേരം ശാസ്ത്രീയമായി മുളപ്പിച്ച തൈകാം വിതരണം ചെയ്യണം. ഇവയുടെ നിർവ്വഹണം സന്നദ്ധ സംഘടനകളെ ഏർപ്പെടുത്തണം.

2) ഓരോ തട്ട് ഭൂമിയുടെയും മണ്ണ് പരിശോധനയും നിവാരണ പ്രവർത്തനവും സൗജന്യമായി നടപ്പിലാക്കണം.

3) 50% തെങ്ങുകാം രോഗം വന്നവയാണ്. ഇപ്രകാരം 7500 തെങ്ങുകാം വെട്ടിമാറ്റേണ്ടതുണ്ട്. ഇവയ്ക്കു നഷ്ടപരിഹാരം കൊടുത്തും പകരം തൈ സൗജന്യമായി കൊടുത്തും കർഷകനെ സഹായിക്കണം.

4) കൂമ്പു ചീയൽ , ചെമ്പൻ ചെല്ലിയുടെ ആക്രമണം, ഓലക്കരിച്ചിൽ ഇവയ്ക്ക് തുടരെയുള്ള പ്രതിരോധ നടപടികാം സ്വീകരിച്ച് തെങ്ങുകളെ രക്ഷിക്കണം.

5) ദുർബല വിഭാഗങ്ങാം പോലും തുണ്ടു ഭൂമിയുടെ ഉടമകളായി മാറിക്കൊണ്ടിരിക്കുന്നതിനാൽ വിസ്തീർണ്ണം കണക്കിലെടുക്കാതെ ജലസേചനസൗകര്യങ്ങാം കേര കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം.

6) പരിസ്ഥിതിസൗകര്യങ്ങാം കണക്കിലെടുത്ത് ജൈവവളങ്ങാം പ്രാദേശികമായി ഉത്പാദിപ്പിക്കുന്നതിന് കർഷകരെ ബോധവൽക്കരിച്ചും, ധനസഹായം ചെയ്തും സജ്ജമാക്കണം.

7) പടിഞ്ഞാറൻ മേഖലയിലുള്ള മണ്ണിന്റെ ഗുണപരിശോധന നടത്തി തെങ്ങിൻ ചുവട്ടിൽ ഈർപ്പം സ്ഥായിയായി നിലനിൽക്കുന്ന വളപ്രയോഗം കണ്ടുപിടിച്ചു നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

8) സ്ഥിരവും തുടരെയുള്ള ഇടപെടലും മാത്രമാണ് തെങ്ങു കൃഷിയെ രക്ഷിക്കുവാൻ കഴിയുന്നത്. ആയതിലേക്ക് ബന്ധപ്പെട്ട കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് വിദഗ്ധ പരിശീലനം നല്കുന്ന പദ്ധതി തയ്യാറാക്കണം.

9) ഉത്പാദിപ്പിക്കുന്ന നാളികേരം പ്രാദേശികമായി സംസ്കരിച്ച് കർഷകന് ന്യായമായ വില ലഭ്യമാക്കുന്നതിന് എക്സ്പെല്ലർ തുടങ്ങിയവ ബാങ്കുകളുടെ സഹായത്തോടെ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. സഹകരണ മേഖലയിൽ സംസ്കരണ യൂണിറ്റുകാം സ്ഥാപിക്കു

ന്നത് ഉത്തമമാണെന്ന് കണ്ട് സ്കീം തയ്യാറാക്കാൻ കഴിയണം.

നെല്ല്

രണ്ടാം ലോകമഹായുദ്ധ കാലത്ത് കായൽ നിലത്തിലും , കരിനിലത്തിലും , കരപ്പാടം ഉൾപ്പെടെയുള്ള മുഴുവൻ നിലങ്ങളിലും നെല്ല് കൃഷി ചെയ്തിരുന്നതായി പഴമക്കാർ പറയുന്നു. ദേവസ്വം വക നിലങ്ങളും ,മാടമ്പി ഇനം തുടങ്ങിയവ പാട്ടമായും,വാരമായും , മറ്റ് ഭോഗങ്ങൾ നല്കിയും അടിയാൻമാർ കൃഷിചെയ്തിരിന്നു.പഴമക്കാരുടെ ഓർമ്മകൾക്കപ്പുറം മുതൽ മുണ്ടകൻ, വിരുപ്പ് ഈ പേരുകളിലുള്ള വിത്തുകളാണ് ഉപയോഗിച്ചിരുന്നത്.

മുണ്ടകനും,വിരുപ്പും കൂട്ടായി കലർത്തി വിതച്ചു. വിരുപ്പ് കന്നിമാസത്തിലും ,മുണ്ടകൻ മകരമാസത്തിലും കൊയ്തുവന്നിരുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തിരുന്ന പഴയകാലസ്മരണകൾ അയവിറക്കുമ്പോൾ വെള്ളം ഒഴുകി പോകുന്നതിനുണ്ടായിരുന്ന ചെറിയ തോടുകളാണ് ആദ്യമായി ഓർമ്മയിലെത്തുന്നത്. അപ്രകാരം ഉണ്ടായിരുന്നതിലധികം തോടുകളും നിവരുകയും ശേഷിക്കുന്നവ വീതി കുറഞ്ഞ് ഇല്ലാതായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്നു.

കാർഷിക പുരോഗതി ലക്ഷ്യമാക്കിയുള്ള 1ാം പഞ്ചവത്സര പദ്ധതിയുടെ (1951-56) ആവിർഭാവത്തോടെ പുതിയ ഇനം നെൽവിത്തുകൾ വികസിപ്പിച്ചെടുത്തു കാർഷിക രംഗത്തു വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. ഇതിന്റെ അലകും പാരമ്പര്യ കൃഷിരീതിയിൽ ഏർപ്പെട്ടിരുന്ന ജനവിഭാഗങ്ങളെ വളരെയധികം സ്വാധീനിച്ചെങ്കിലും ജലസേചന നിർഗ്ഗമന സൗകര്യങ്ങൾ അപര്യാപ്തമായിരുന്നതിനാൽ കരപ്പാടങ്ങളിൽ ഈകൃഷി രീതി പരീക്ഷിക്കാൻ പോലും കഴിഞ്ഞില്ല

ചെമ്മണ്ണു നിറഞ്ഞ (അടിയിൽ മഞ്ഞ നിറത്തിൽ കട്ടിയായ മണ്ണ്) 120 ഏക്കർ കായൽ നിലം പുതിയ വിത്തിനങ്ങൾ കൃഷി ചെയ്യാൻ പറ്റുന്നതല്ലെന്ന് കണ്ടായിരിക്കണം പരമ്പരാഗത കൃഷിതന്നെ തുടർന്ന് പോന്നത്. 284 ഏക്കർ കരിനിലങ്ങളിൽ 1970 - വരെ പരമ്പരാഗത കൃഷിരീതി തുടരുകയും ഗവ: ഇടപെടൽ കൊണ്ട് അത്യുത്പാദനശേഷിയുള്ള വിത്തുകൾ കൃഷിചെയ്യാനും തുടങ്ങി.

1ാം പഞ്ചവത്സര പദ്ധതിയിലൂടെ ആധുനിക കൃഷി സമ്പ്രദായം രാജ്യത്ത് ഉടലെടുത്തുവെങ്കിലും കേരളത്തിലേക്ക് എത്തി പ്രവർത്തിപഥത്തിലായതു 1960 നോടടുത്തും, നമ്മുടെ പ്രദേശത്ത് വർദ്ധമാനമായ തോതിൽ നടപ്പിലായതു 1970 നോട് അടുത്ത കാലത്തും ആണ് .അന്നുണ്ടായിരുന്ന 450 ലധികം ഏക്കർ വരുന്ന കരപ്പാടങ്ങളുടെ മണ്ണിന്റെ തരവും ഭൂമി ശാസ്ത്രപരമായ കിടപ്പും പുതിയതരം വിത്തുകൾ കൃഷി ചെയ്യുവാൻ ഉപയുക്തമല്ലായിരുന്നു. ഇപ്പോഴും അപ്രകാരം തന്നെ ഇവിടങ്ങളിലുള്ള (ഇപ്പോൾ 300 ഏക്കർ) നിലത്തിൽ പരമ്പരാഗത കൃഷിതന്നെ ചെയ്തുവരുന്നു.

<u>മേൽ വിവരിച്ചനിലങ്ങളുടെ സ്ഥിതിയും കൃഷിരീതിയും</u>

<u>കായൽ നിലം</u> -120 ഏക്കർ

നിലവിൽ നെൽ കൃഷി ഇല്ല. കൃഷി ചെയ്യുവാൻ ഉപയുക്തമല്ലതാനും. 2,1,7,14, വാർഡുകളിലുള്ള കായൽ നിലങ്ങളിൽ ചെളിക്കൂന വെച്ച് തെങ്ങു കൃഷി ചെയ്തു വരുന്നു. എന്നാൽ തെങ്ങുകൃഷിയും പ്രതീക്ഷക്കൊപ്പം വിജയിക്കുന്നില്ല. തന്മൂലം ഈ ഭാഗം തെങ്ങു കൃഷിയിലോ, മറ്റ് കൃഷികളിലോ വിള വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തികാണുന്നില്ല. ഈ പ്രദേശത്തെ പിന്നോക്കാവസ്ഥയ്ക്കു പരിഹാരം കാണണം.

<u>കരിനിലങ്ങൾ</u>

പെരുംതുരുത്തുകരി, ചിരട്ടക്കാട്ടുകരി, മണ്ണഞ്ചേരി തെക്കേകരി, മാങ്കരി, പറവയ്ക്കൽകരി (284 ഏക്കർ) എന്നിവയിൽ 1974 കാലഘട്ടത്തിൽ പുതിയ ഇനം കൃഷി രീതി പ്രാബല്യത്തിൽ വന്നു. ഗവ: ഇടപെടൽ കൊണ്ട് ചിരട്ടക്കാട്ടുകരി ഒഴിച്ച് മറ്റ് പാടശേഖരങ്ങളിലൊക്കെ അനുയോജ്യമായ മോട്ടോറുകളും, പെട്ടിയും, പറയും സൗജന്യമായി വിതരണം ചെയ്യുകയും മോട്ടോർ തറകൾ കെട്ടി ഉറപ്പിക്കുകയും ഉണ്ടായി.

എന്നാൽ പെരുംതുരുത്തു കരി ഒഴിച്ച് മറ്റ് കരികളിലെ കൃഷി സ്ഥായിയായി നിലനിർത്താൻ കഴിഞ്ഞില്ല. കൃഷിക്കാർക്ക് വേണ്ടി സ്ഥാപിച്ച ഇലക്ട്രിക്കൽ ട്രാൻസ്ഫോർമറുകളുടെ മിനിമം ഗ്യാരണ്ടി അനുസരിച്ചുള്ള തുക അടയ്ക്കാൻ കർഷകർക്ക് കഴിയാതിരുന്നതാണ് നിലങ്ങൾ തരിശിടേണ്ടി വന്നതെന്ന്

നിലമുടമകൾ പറയുന്നു. പെരുംതുരുത്തു കരിയിലേതൊഴിച്ച് പെട്ടിയും, പറയുടേയും, മോട്ടോറുകളുടേയും അവശിഷ്ടം പോലുമില്ല. പെരുംതുരുത്തു കരിയിലെ കൃഷിയോടൊപ്പം മണ്ണഞ്ചേരി തെക്കേകരിയിലും കുട്ടനാടൻ മേഖലയിൽ വിളയുന്ന നെല്ലിന്റെ മൂന്നി ലൊന്നുമാത്രമാണ് വിളയിക്കാൻ കഴിയുന്നത്. ഏക്കറിന് 20-25 ക്വിന്റൽ നെല്ല് കുട്ടനാടൻ താലൂക്കിൽ വിളയുമ്പോൾ പെരുംതുരുത്തു കരിയിൽ 8-12 വരെയും മണ്ണഞ്ചേരി തെക്കേകരിയിൽ 5-8 വരെയുമാണ് വിളവ്. ഇവിടെയും ഇവർ നാമമാത്രകർഷകരാണ്. ഉത്പാദനം വർദ്ധിപ്പിച്ചും ജലസേചന നിർഗ്ഗമന ചാലുകൾ പുനർ നിർമ്മിച്ചും വേണം കൃഷി തുടരാൻ.

ചിരട്ടക്കാട്ടുകരി ഏറ്റവും കൂടുതൽ ചെളി നിറഞ്ഞതും മണ്ണഞ്ചേരി തോടിനോടു തൊട്ടു ചേർന്ന് കിടക്കുന്നതുമാകുന്നു. ദീർഘനാളുകളായി കൃഷി ചെയ്യാതെ കിടക്കുന്ന പ്രസ്തുത കരി കൃഷി ചെയ്താൽ അല്പം കൂടി വർദ്ധിച്ച ഉല്പാദനം നേടാൻ കഴിയും.

7,13 വാർഡുകളിൽ ചേർന്ന് കിടക്കുന്ന മാങ്കരിക്ക് 20 ഏക്കർ വിസ്തീർണ്ണം ഉണ്ട്. പ്രധാനമന്ത്രിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി 1.5 ലക്ഷം രൂപ, ചെലവ് ചെയതു കൃഷി പുനരാരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിവച്ചെങ്കിലും ഇനിയും കൃഷിപണി അകലെയാണ്. പെരുംതുരുത്ത്കരി, തെക്കേകരി ഇവപോലെ മാങ്കരിയും പുഞ്ചയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു.

1976-ൽ കൃഷി നിലച്ചതോടെ 25 ഏക്കർ വരുന്ന പറവയ്ക്കൽ കരി തരിശു കിടക്കുന്നു. ഇവയിൽ അങ്ങിങ്ങായി നികത്തിയും, ചെളിക്കൂന വെച്ചും തെങ്ങ് കൃഷി ചെയ്യുന്നുണ്ടെങ്കിലും ഇന്നും നിലത്തിന്റെ പട്ടികയിലാണ് ഉൾപ്പെടുന്നത്. നിലത്തിന്റെ പടിഞ്ഞാറുവശമായി തെക്ക് വടക്ക് കിടക്കുന്ന ഭാഗം മണൽക്കാലാണ്. ഇവിടെ ഗ്രൂപ്പായി പച്ചക്കറി കൃഷി നടത്തിവരുന്നു. നിലം കൃഷി യോഗ്യമാക്കുന്നതിന് ധനസഹായം ചെയ്തും, പുഞ്ചയിൽ ഉൾപ്പെടുത്തിയും പെട്ടിയും, പറയും സൗജന്യമായി ലഭ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുകയും ചെയ്താൽ കൃഷി പുനരാരംഭിക്കുവാൻ കഴിയുമെന്നാണ് കർഷകരുടെ അഭിപ്രായം.

കരപ്പാടം

450 ഏക്കർ വരുന്ന കരപ്പാടം പാരമ്പര്യ കൃഷി രീതി തുടർന്ന് വരുന്നവയാകുന്നു. എന്നാൽ പഴയകാല ഓർമ്മകളിലുണ്ടായിരുന്ന ഇടതോടുകളും, നീരൊഴുക്കുള്ള മറ്റു ചാലുകളും നികർത്തിയതിനു ശേഷം കൃഷിയുടെ ഉത്പാദനം കുറഞ്ഞ് ജനവാസവും അധികരിച്ചു. എന്നാൽ പഴയ രീതിയിലുള്ള നീരൊഴുക്കുചാലുകൾ പുനർനിർമ്മിച്ചാൽ നാമമാത്രമായി ചെയ്തു കൊണ്ടിരിക്കുന്ന പാരമ്പര്യ കൃഷിയായ മുണ്ടകനും, വിരിപ്പും വിജയകരമാക്കാൻ കഴിയുമെന്നാണ് ഗ്രാമ സഭയിൽ ഉയർന്നു വന്ന അഭിപ്രായം. നെല്ലിന്റെ വിളവെടുപ്പ് കഴിഞ്ഞാൽ വിവിധയിനം പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യാൻ പറ്റുന്നതും കൃഷി ചെയ്തു കൊണ്ടിരിക്കുന്നു.പരമ്പരാഗത കൃഷിയുടെ ഉത്പാദന ക്ഷമത പടിപടിയായി ഉയർത്തുന്നതിന് വിശദമായ പഠനം അനിവാര്യമാകുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1)190ഏക്കർ വരുന്ന പെരുംതുരുത്തുകരിയുടെ സെൻട്രൽ ചാലിനു ഇരുവശവും സംരക്ഷിച്ച് നെടുകെ കർഷകർക്ക് സഞ്ചരിക്കുവാൻ കരിങ്കൽ കെട്ടണം.ട്രാക്ടറർ കൊണ്ടുപോകുത്തക്ക രീതിയിൽ കരിക്ക് കുറുകെ കിഴക്ക് പടിഞ്ഞാറെത്തുന്ന റോഡ് നിർമ്മിക്കണം. മുടക്കനാം കുഴി തോടു മുതൽ തെക്കോട്ട് മണ്ണഞ്ചേരി ഹൈസ്കൂൾ ജംഗ്ഷൻ വരെ പെയ്യുന്ന മഴവെള്ളം ഈ നിരത്തിലാണ് ഒഴുകി എത്തുന്നത്. ഈ വെള്ളം മുഴുവൻ കരിയിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടോർ ഉപയോഗിച്ച് പുറത്തേയ്ക്ക് തള്ളേണ്ടിവരുന്നു. ഈ വെള്ളം നേരിട്ട് വേമ്പനാട്ടുകായലിൽ പതിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് സൈഡ് തോടുകൾ താഴ്ത്തി കല്ല് കെട്ടി ഉറപ്പിക്കണം. നിലവിലുള്ള 50എച്ച്.പി മോട്ടോറും പെട്ടിയും പറയും 32 വർഷത്തെ പഴക്കമുള്ളതും പ്രവർത്തനശേഷി കുറഞ്ഞതുമാകുന്നു. ഇവയ്ക്കു പകരം 60എച്ച്.പി മോട്ടോറും, പെട്ടിയും, പറയും പുതുതായി സ്ഥാപിക്കേണ്ടതാകുന്നു. ജൈവവളം കൂടുതലായി ഉപയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിച്ചാൽ കൃഷി തൊഴിലാളികളെ കൂടുതലായി ആകർഷിക്കാൻ കഴിയുമെന്ന് മാത്രമല്ല 18000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനുതുകുകയും ചെയ്യും.

2) മണ്ണഞ്ചേരി തെക്കേകരി 35 ഏക്കർ വിസ്തൃതിയുള്ളതാകുന്നു. ഉത്പാദന ക്ഷമത കുറഞ്ഞതിനാൽ കൃഷിയിൽ നിന്നും നെൽ കർഷകർ പുറകോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. മണ്ണഞ്ചേരി പാലം മുതൽ തെക്കോട്ട് നേതാജി കവല വരെ തണ്ണീർ മുക്കം റോഡിന് കിഴക്കുവശം പെയ്യുന്ന മഴ വെള്ളം ഈ ചെറിയ വിസ്തീർണ്ണമുള്ള കരിയിലാണ് പതിക്കുന്നത്. ഈ ജലം നേരിട്ടൊഴുകി വേമ്പനാട്ടു കായലിൽ പതിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം. സെൻട്രൽ ചാലുകൾ താഴ്ത്തി ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുന്നതിനും വേമ്പനാട്ടു കായലിൽ നിന്ന് മഴക്കാലത്തു വെള്ളം പടിഞ്ഞാറോട്ടൊഴുകി ചിറകൾ പൊട്ടി കൃഷി നാശമുണ്ടാകുന്നതു തടയാൻ കുടിലിൽ പുരയിടത്തിൽ ചീപ്പ് നിർമ്മിക്കുകയും, മണ്ണ് പരിശോധനയിൽ കണ്ടുപിടിച്ച പുളിരസം മാറ്റുന്നതിന് വർഷം തോറും ഒരേക്കറിന് 300 കി.ഗ്രാം കുമ്മായം വിതറാൻ സൗകര്യം ഉണ്ടാകുകയും വേണം. നാമമാത്ര കർഷകർക്ക് അപ്രാപ്യമായ പ്രസ്തുത പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.

3) ചിരട്ടക്കാട്ട് കരിക്കും, മാങ്കരിക്കും പറവയ്ക്കൽ കരിക്കും കൃഷി പുനരാരംഭിക്കുവാൻ കഴിയുന്ന പ്രത്യേക പദ്ധതികൾ തയ്യാറാക്കണം. മാങ്കരിക്കും പറവയ്ക്കൽ കരിക്കും മോട്ടോറും,പെട്ടിയും, പറയും സൗജന്യമായിചെയ്തു കൊടുക്കുന്നതോടൊപ്പം ചിരക്കാട്ട് കരിക്ക് പെട്ടിയും ,മടയും നിർമ്മിക്കണം.പ്രാരംഭത്തിൽ നിലം കൃഷി യോഗ്യമാക്കാൻ പദ്ധതി തയ്യാറാക്കണം.

<u>കരുമ്പുറം കൃഷി</u>

450 ഏക്കറിൽ വരുന്ന ഇവിടുത്തെ കൃഷി ഭൂർ ബലവിഭാഗങ്ങളെ സഹായിക്കാൻ ഉതകുന്നതാണ്. ഓരോരുത്തരുടെയും വീടിനോട് ചേർന്ന് കിടക്കുന്ന പാടങ്ങൾ മുണ്ടകനും, വിരുപ്പും കൃഷി ചെയ്യുകയും കൊയ്തുകഴിഞ്ഞ് വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുകയും വേണം.

<u>പരിഹാര മാർഗ്ഗങ്ങൾ</u>

1) തുണ്ട് നിലങ്ങൾ കൃഷി ചെയ്യുന്നതിന് സഹായകമായി 10 തുണ്ട് നിലങ്ങളെ ഒരു യൂണിറ്റായെടുത്തു പദ്ധതി തയ്യാറാക്കാവുന്നതാണ്.

2) പരമ്പരാഗതമായ കൃഷിയോടാഭിമുഖ്യം ഉണ്ടാക്കുന്നതിന് വളം സൗജന്യമായി വിതരണം ചെയ്യുവാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്

3) പച്ചക്കറികളും കിഴങ്ങ് വർഗ്ഗങ്ങളും കൂട്ടു കൃഷിയിലുൾപ്പെടുത്തി പദ്ധതി തയ്യാറാക്കണം.

<u>പച്ചക്കറി</u>

ജൈവ വളം ഉപയോഗിച്ചുള്ള പച്ചക്കറികൃഷി ഇവിടെ സർവ്വ സാധാരണമായിരുന്നു. മണ്ണഞ്ചേരി പഞ്ചായത്ത് 13ാം വാർഡിലെ പറവയ്ക്കൽ കരിയുടെ ഏതാനും ഭാഗത്ത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്നുണ്ട്. തരിശായി കിടക്കുന്ന കരപ്പാടങ്ങളും, കരിനിലങ്ങളുടെ മണൽക്കാൽനിറഞ്ഞ പടിഞ്ഞാറൻഭാഗവും പച്ചക്കറികൃഷിക്കു പറ്റിയ മേഖലയാണ്. തെങ്ങിന്റെ ഇടവിളയായാണ് ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദിപ്പിക്കുന്നത്. നിലവിലുള്ള വിസ്തീർണ്ണത്തിന്റെ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ പഠനപര്യടനത്തിലൂടെയും,വാർഡുതല ചർച്ചയുടെയും അടിസ്ഥാനത്തിൽ തെങ്ങിന്റെ ഇടവിളയായും പച്ചക്കറി തോട്ടങ്ങൾ മാത്രമായും 2500 ഏക്കർ സ്ഥലത്ത് പച്ചക്കറികൃഷി വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, നാടൻ മാവ്, അടയ്ക്കാമരം, ചേമ്പ്, ചേന, കാച്ചിൽ, സപ്പോർട്ട എന്നിവ കൃഷി ചെയ്യാൻ സാധിക്കുമെന്ന് കാണുന്നു.

<u>പരിഹാര മാർഗ്ഗങ്ങൾ</u>

ഒരു പ്രദേശത്തെ 25 വീടിന് ഒരു യൂണിറ്റ് എന്ന ക്രമത്തിൽ സ്കീം തയ്യാറാക്കാവുന്നതാണ്. പച്ചക്കറി കൃഷിക്കാവശ്യമായ വളവും,ജലസേചന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കണം.ഏറ്റവും കൂടുതൽ പച്ചക്കറികൾ എത്തിച്ചേരുന്നത് തമിഴ്നാട്ടിൽ നിന്നാണ്. നമ്മുടെ പ്രദേശത്ത് ആവശ്യമുള്ളത്രയും പച്ചക്കറി ഉത്പാദിപ്പിക്കാൻ കഴിയത്തക്ക രീതിയിൽ ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി പദ്ധതി തയ്യാറാക്കാവുന്നതാണ്. പച്ചക്കറി തോട്ടങ്ങൾ ഇല്ലാത്ത ഒരു വീടും 2500 ഏക്കറിൽ ഉണ്ടാകരുതെന്ന് നിർബന്ധമുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ വാഴകൃഷി വിജയകരമാണന്ന് അനുഭവസ്ഥർ പറയുന്നു.കായൽ നിലം നികത്തിയ ഭൂഭാഗത്തിൽ വാഴകൃഷി നടത്താൻ കഴിയും. ഈ മേഖലകളിൽ 120 ഏക്കർ ഉള്ളതിൽ 60 ഏക്കർ സ്ഥലത്ത്

വാഴ മാത്രം കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക് തുടക്കം കുറിക്കണം.ആഭ്യന്തര ഉപയോഗം കഴിഞ്ഞ് മിച്ചം വരുന്ന പച്ചക്കറികളും,കിഴങ്ങ് വർഗ്ഗങ്ങളും ശേഖരിച്ച് വിറ്റഴിക്കുന്നതിനുള്ള സഹകരണസംഘം രൂപികരിക്കണം.

കൂടാതെ രേഖകളിൽ സ്ഥാനം പിടിക്കാത്ത പച്ചമുളക്, കാന്താരി, കറിനാരങ്ങ, ചെറുനാരങ്ങ,പൈനാപ്പിൾ, വെള്ളരി, മത്തൻ തുടങ്ങിയവ ആവശ്യത്തിലധികം ഉല്പാദിപ്പിക്കാൻ കഴിയുന്ന ഭൂപ്രകൃതിയാണിവിടെയുള്ളത്. ചുരുക്കത്തിൽ കാബേജ്,കാരറ്റ്,ബീറ്റ്റൂട്ട് എന്നീ ഏതാനും ഇനങ്ങൾ ഒഴികെ മറ്റെല്ലാം തന്നെ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് പല കൃഷിക്കാരും തെളിയിച്ചിട്ടുണ്ട്.

<u>പൂ കൃഷി</u>

ഈ പഞ്ചായത്ത് പ്രദേശത്ത് ആവശ്യമുള്ള പൂക്കൾ തമിഴ് നാട്ടിൽ നിന്നോ നേരിട്ടോ , ഏജൻസി വഴി വാങ്ങുകയോ ആണ് ചെയ്യുന്നത്. ഇത് ക്രമാതീതമായ വില വർദ്ധനയ്ക്ക് കാരണമാകുന്നു.

പരിഹാര മാർഗ്ഗങ്ങൾ

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വിശേഷിച്ചും ആലപ്പുഴ-തണ്ണീർമുക്കം റോഡിന് പടിഞ്ഞാറുവശം സൂര്യ പ്രകാശം ലഭ്യമാകുന്ന ചൊരിമൺ പ്രദേശം പൂ കൃഷിയ്ക് അനുയോജ്യമാണ്.ഇവിടെ പാരമ്പര്യമായി പൂ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ കുറവല്ല, അടുത്ത കാലം വരെ ഈ കൃഷിയിൽ ഗവൺമെന്റ് ഇടപെടൽ ഉണ്ടാകുകയോ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയോ ചെയ്തിരുന്നില്ല. തന്മൂലം കൂടുതൽ കൃഷിക്കാർ ഈ രംഗത്തേയ്ക്ക് കടന്നു വരുന്നില്ല.

സാദ്ധ്യതയും പരിഹാരവും

സ്ത്രീകൾക്കും കുട്ടികൾക്കും വീടിന് സമീപം ചെയ്യാൻ പറ്റുന്ന ആദായകരമായ കൃഷിയാണിത്. 25 സെന്റിൽ കൂടുതൽ ഭൂമിയുള്ള 200 കുടുംബങ്ങളെ തെരഞ്ഞെടുത്ത് പച്ചക്കറി കൃഷിയോടൊപ്പം പൂ കൃഷി നടപ്പാക്കണം.ജലസേചനമാണ് ഈ കൃഷി നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. 5 സെന്റ് കൃഷി ചെയ്യുന്ന 200 കൃഷിക്കാർക്ക് ഒരു പദ്ധതിയെന്ന രീതിയിൽ ജലസേചനത്തുനതകുന്ന കുഴൽക്കിണറുകളും, മോട്ടോറുകളും സൗജന്യ നിരക്കിൽ നല്കണം. ഇത് പച്ചക്കറി കൃഷിയ്ക്കും, പൂ കൃഷിയ്ക്കും ചേർന്ന പദ്ധതിയായിരിക്കാവുന്നതാണ്. നിലവിൽ കൃഷിഭവനിലൂടെ നല്കുന്ന ആനുകൂല്യങ്ങൾ വിപുലീകരിക്കേണ്ടതാണ്.

<u>കശുമാവ് കൃഷി</u>

ഇത് ഒരു പരമ്പരാഗത കൃഷിയാകുന്നു.ഉത്പാദിപ്പിക്കുന്ന കശുവണ്ടി പഴയകാലത്ത് ചുട്ടുതല്ലി ഇവിടെത്തന്നെ ഉപയോഗിക്കുകയായിരുന്നു. അലക്ഷ്യമായ ഈ പ്രക്രിയയ്ക്ക് തെല്ലൊരു മാറ്റം രണ്ടാം പഞ്ചവത്സര പദ്ധതിയോടെ ഉണ്ടായി. കശുവണ്ടി ശേഖരിച്ച് സംസ്കരണ ഫാക്ടറികൾക്ക് വില്പന ആരംഭിച്ചു.കശുവണ്ടി പരിപ്പ് ഗണ്യമായ തോതിൽ വിദേശനാണ്യം നേടിത്തരുന്നവയാണ്. സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികൾക്ക് ആകെ വേണ്ടി വരുന്ന തോട്ടണ്ടിയുടെ 25% മാത്രമേ കേരളത്തിൽ ഉത്പാദിപ്പിക്കുന്നുള്ളു. ഈ കൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് കൊട്ടാരക്കരയിൽ ആരംഭിച്ച കശുമാവ് ഗവേഷണ കേന്ദ്രം ഇപ്പോൾ ആനക്കയത്ത് പ്രവർത്തിക്കുന്നു.മറ്റ് സ്ഥലങ്ങളിൽ തോട്ടണ്ടിക്ഷാമം പരിഹരിക്കുന്നതിന് കശുവണ്ടി തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നു. കശുവണ്ടി കൃഷി മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമാണ്. ഫാക്ടറികളുടെ പ്രവർത്തനത്തിന് ആവശ്യമായ തോട്ടണ്ടി ടാൻസാനിയ,മൊസാമ്പിക്ക്,കെനിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു.ഒന്നരലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയുടെ ഉന്നതിയ്ക്കായി 1970- ൽ കശുവണ്ടി വികസന കോർപ്പറേഷൻ രൂപികരിച്ചു. പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുകയും പ്രവർത്തിച്ച് കൊണ്ടിരിക്കുന്നവയ്ക്ക് പ്രോത്സാഹനം നല്കുകയും ഉണ്ടായി. എന്നിരുന്നാലും ഈ രംഗത്ത് ശാസ്ത്രീയമായ കൃഷി സമ്പ്രദായം നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

<u>*പരിഹാരം*</u>

സൂര്യ പ്രകാശം വിപുലമായി കിട്ടുന്ന പ്രദേശം കശുമാവ് കൃഷിക്ക് അനുയോജ്യമാണ്.ആയതിനാൽ പടിഞ്ഞാറൻ മേഖലകളിൽ തരിശായി കിടക്കുന്ന ഭൂമി ഇതിനായി ഉപയോഗിക്കാൻ പദ്ധതിരൂപപ്പെടുത്തണം. ഉല്പാദനക്ഷമത കൂടിയ ഇനം വിത്തുകൾ ശാസ്ത്രീയമായി കിളിർപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യണം. ഈ പ്രക്രിയ സന്നദ്ധസംഘടനകളെ ഏർപ്പെടുത്തണം.കശുമാവിന് വളവും,കീടനാശിനിയും

ഉപയോഗിക്കുന്നതിനേ പറ്റി സമൂഹത്തിൽ ബോധവത്കരണം നടത്തണം. ബാങ്കിൽ നി ന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കണം.ഉത്പന്ന ങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം കുറ്റമ റ്റരീതിയിൽ സഹകരണസ്ഥാപനങ്ങളെ ഏല് . പിക്കണം.

കുരുമുളക് കൃഷി

നൂറ്റാണ്ടുകളായി പ്രസിദ്ധമായ കൃഷിയാണ് കുരുമുളക് കൃഷി. ഇവയുടെ ക യറ്റുമതിക്കും അത്രയും തന്നെ പഴക്കമുണ്ട്.വീടുകളോട് ചേർ ന്നു കിടക്കുന്ന പറമ്പുകളിലാണ് ഇവ കൂടുതലാ യും കൃഷി ചെയ്യുന്നത്.

പ്ലാവ്,മാവ്,മുരിക്ക്,തെങ്ങ്,കമുക് ഇവയിലാണ് സാധാരണയായി കുരുമുളക് വള്ളികൾ പടർ ത്തുന്നത്.പന്നിയൂർ,കരിമുണ്ട ഈ ഇനം കുരുമുള ക് വള്ളികൾ അത്യുത്പാദനശേഷിയുള്ളവയാ കുന്നു.ഈ കൃഷിയുടെ പ്രാധാന്യം കണക്കിലെ ടുത്ത് 1953-ൽ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം സ്ഥാപിച്ചു.1980-ൽ കുരുമുളക് വികസ ന പദ്ധതിക്ക് രൂപം കൊടുത്തു.ആഭ്യന്തരാവശ്യം കഴിഞ്ഞ് ബാക്കിയുള്ളവ മാർക്കറ്റിൽ വിറ്റ് ആദാ യമുണ്ടാക്കാനും കഴിയും.

സാദ്ധ്യത/പരിഹാരം


പന്നിയൂർ,കരിമുണ്ട എന്നീ ഇനം കുരുമുളക് വള്ളികൾ കൃഷിഭവനിലൂടെ വിതരണം ചെയ്യു ന്ന ഇന്നത്തെ രീതി വിപുലീകരിക്കണം. വിതര ണം ചെയ്യുന്ന തൈകളുടെ ഗുണ നിലവാരം ഉറ പ്പ് വരുത്തുന്ന പരിരക്ഷ ലഭിക്കുന്നതിന് തുടർ ച്ചയായ ഇടപെടൽ ആവശ്യമാണ്. കുരുമുളക് കൃഷിയുടെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കു വാൻ ബോധവത്ക്കരണം ആവശ്യമാണ്. വിത രണം ചെയ്യുന്ന വേര് പിടിപ്പിച്ച കുരുമുളക് തൈകളുടെ ഗുണ നിലവാരം കണക്കിലെടുത്ത് ഒരു വാർഡിൽ 100 തൈകൾ വീതം സൗജന്യ മായി വിതരണം ചെയ്യുന്നതിന് പദ്ധതി ആവി ഷ്ക്കരിക്കണം.

അടയ്ക്ക

ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന അടയ്ക്കായു ടെ 40% കേരളത്തിലാണ്. തെങ്ങിന്റെ ഇടവിള യായി ഈർപ്പം നില്ക്കുന്ന പ്രദേശമായ കരിക ളോട് ചേർന്ന ഭാഗത്ത് കൃഷി ചെയ്യാൻ പറ്റും. മംഗള തുടങ്ങിയ ഉത്പാദനശേഷി കൂടിയ അട യ്ക്കാതൈകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നുണ്ട്. വളക്കൂർ ഇല്ലായ്മയും, രോഗ വുമാണ് ഈ കൃഷിക്ക് തടസ്സമായി നിൽക്കു ന്നത്.

1,2,7,13,14 വാർഡുകളിൽ നിന്നും 200 കർഷ കരെ തെരഞ്ഞെടുത്ത് അടയ്ക്കാ കൃഷിയ്ക്ക് പ്രോത്സാഹനം ചെയ്യണം.ഇത് കൂടാതെ നമ്മു ടെ പഞ്ചായത്ത് പ്രദേശത്തെ കാർഷിക മേഖ ലയെ പാടേ നശിപ്പിക്കുന്ന എലി ശല്യം കുറയ് ക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിക്കേണ്ടതാണ്.

എല്ലാവിധ കൃഷികളിലും ഗവൺമെന്റ് ഇടപെ ടൽ അനിവാര്യമാണ്. കൃഷിവകുപ്പുദ്യോഗ സ്ഥന്മാരുടെ നിലവിലുള്ള ഇടപെടൽ തൃപ്തി കരമല്ല.കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന തിനുള്ള നടപടി ഗവൺമെന്റ് ഭാഗത്തു നിന്നും ഉണ്ടാകണം.





ക്ഷീരസംരക്ഷണം–ഒരു കുടുംബസ്വത്ത്

കേരളത്തിലെ ജനങ്ങൾ ഇൻഡ്യയിലെ മറ്റ് പ്രദേശങ്ങളിലെന്നപോലെ ഉഴവിനും വളത്തിനും ഉൽപന്നങ്ങളുടെ വിപണനത്തിനും വളർത്തു മൃഗങ്ങളെ ആശ്രയിക്കുന്ന രീതി തുലോം കുറവാണ് .പാൽ ഉൽപാദനം അണ് മുഖ്യമായും ലക്ഷ്യമിടുന്നത് പാലക്കാടിന്റെയും വയനാട് കാസർകോട് ജില്ലകളുടെയും ചിലഭാഗങ്ങളിൽ ചരക്കു നീക്കം ചെയ്യുതിനായി കഴുതകളെ ഉപയോഗിക്കുന്നു കൃഷിയിടങ്ങളിൽ അങ്ങിങ്ങായി കാള, പോത്ത് ഇവകളെ ഉഴവിനായും ഉപയോഗിക്കുന്നുണ്ട് .1974 - 78 -ലെ ധവളവിപ്ലവത്തിലൂടെ കാലി വളർത്തൽ രംഗത്ത് വിപ്ലവകരമായ പുരോഗതി കൈവരിക്കുകയുണ്ടായി . ആപ്-കോസിന്റെ ആവിർഭാവത്തോടുകൂടി പാലുത്പന്നങ്ങളക്ക് വിപണനസാദ്ധ്യതയും ,വിലവർദ്ധനവും ഉണ്ടായതോടെ കന്നുകാലിവളർത്തലിൽ കർഷകർ കൂടുതൽ ആകൃഷ്ടരായി.

നമ്മുടെ പഞ്ചായത്തിൽ കോഴി താറാവ്, മുതലായവ വളർത്തുന്നതിന് വളരെ വിപുലമായ സാദ്ധ്യതകളാണ് ഉള്ളത് .മുട്ട കോഴികളെ കൂടാതെ ഇറച്ചികോഴി വളർത്തലും പ്രചാരത്തിലുണ്ട്. ബേബിഫുഡ് മിൽക്ക് പൗഡർ എന്നിവയുടെ ഉപയോഗം സാർവത്രികമായി മുട്ടയുടെയും ഇറച്ചിയുടെയും ഉപയോഗം ക്രമാതിതമായി വർദ്ധിച്ചു .മേൽത്തരം, കോഴി, താറാവ് തുടങ്ങിയവയും ഗ്രാമങ്ങളിൽ പ്രചരിച്ചു തുടങ്ങി.

ഈ കാലയളവിൽ സ്വിസ്സ് ഗവൺമെന്റിന്റെ സഹായത്തോടെ ഇടുക്കി ജില്ലയിലെ മൂന്നാറിനടുത്തു മാട്ടുപെട്ടി എന്ന സ്ഥലത്ത് ആരംഭിച്ച ഇൻഡോ സ്വിസ്സ് പ്രോജക്ടിലൂടെ നമ്മുടെ നാട്ടിൽ നല്ലയിനം കാലികൾ ലഭ്യമായി തുടങ്ങിയതും ഈ രംഗത്തെ എടുത്തു പറയത്തക്ക നേട്ടമാണ്.

നമ്മുടെ പഞ്ചായത്തിൽ ഉദ്ദേശം 30%വീടുകളിൽ നല്ലയിനം കാലികളെ വളർത്തിപോരുന്നു . ഈ കൂട്ടത്തിൽ മുർബ്ബുല വിഭാത്തിൽപ്പെട്ടവർക്ക് ഐ. ആർ.ഡി. പി, ഐ. എച്ച്. ഡി.പി.ഡി ഡബ്ബു .സി.ആർ.എ. പദ്ധതികളിലൂടെ നല്ലയിനം പശുക്കളെ വിതരണം ചെയ്തതും ഈ രംഗത്ത് വന്വിച്ച പുരോഗതി ഉളവാക്കുവാൻ സഹായിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ 1,2,7,13,14 വാർഡുകളും കന്നുകാലികളും ,കോഴി,താറാവ് തുടങ്ങിയവ സമൃദ്ധമായി വളർത്തുന്നതിന് അനുയോജ്യമായ പ്രദേശമാണ് .ഇവിടെ കാലികൾക്ക് അവശ്യമായ പച്ചപ്പുല്ല് ആണ്ടിൽ 7 മാസക്കാലവും സുലഭമായി ലഭിക്കും .എന്നാൽ ഈ പ്രദശത്തെ കാലി വളർത്തലിന് അനുകൂലമായ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കർഷകർക്ക് കഴിയുന്നില്ലായെന്നുള്ളതാണ് വസ്തുത.

24 ചതുരശ്രകിലോമിറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ കരഭാഗം കാലിവളർത്തലിന് അനുയോജ്യമാണ് .എന്നാൽ ഒരു പദ്ധതിയുടെ (പ്രോജക്ട്) അടിസ്ഥാനത്തിൽ കന്നുകാലി വളർത്തൽ പ്രാബല്യത്തിൽ വന്നിട്ടില്ല.കാലിതീറ്റയുടെ വില വർദ്ധനവ് ഈ രംഗത്തെ കർഷകർ നേരിടുന്ന ഭീഷിണികളിലെന്നാണ്. സങ്കരയിനം പശുക്കൾ പ്രചാരത്തിൽ വരികയും സംരഷിക്കപ്പെടുകയും ചെയ്തതോടെ പാലിന്റെ ഉല്പാദനം നമ്മുടെ മേഖലയിൽ അധികരിച്ചു.

ഉല്പന്നങ്ങൾ വിപണനം ചെയ്യുക ,ബീജ സങ്കലനം , കാലിതീറ്റ നിർമ്മാണം ഇവയെ ലഷ്യമാക്കി 1975 - ൽ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ രൂപീകരിച്ചു. ഇതോടെ സംസ്ഥാനത്തൊട്ടാകെ മൃഗപരിപാലന രംഗത്തും പാലുല്പദനരംഗത്തും പുതിയൊരുണർവുണ്ടായി.

നമ്മുടെ നാട്ടിൽ പാൽസഹകരണസംഘങ്ങളുടെ ആവിർഭാവം പ്രവർത്തനങ്ങൾക്ക്ആക്കം കൂട്ടി. എന്നിരുന്നാലും ഇന്നും കന്നുകാലി വളർത്തൽ മുഖ്യ തൊഴിലുകളിൽ ഒന്നായികാണാൻ ഗ്രാമവാസികൾ തയ്യാറല്ല. കന്നുകാലികൾക്കാവശ്യമുള്ള വൈക്കോൽ പാലക്കാട് ,ത്രിശ്ശൂർ ജില്ലകളിൽ നിന്നും തമിഴ്നാട് മേഖലകളിൽ നിന്നും എത്തിചേരുന്നവയാണ്. തീറ്റപ്പുല്ല്, ആർ . ബ്ലോക്ക്, റാണി,ചിത്തിര, മാർത്താണ്ഡം കായൽ മേഖലകളിൽ നിന്നും കാലിതീറ്റ സഹകരണസംഘങ്ങൾ വഴിയുമാണ് വിതരണം ചെയ്യുന്നത്. ഈ വിതരണ സമ്പ്രദായത്തിലുള്ള ക്രമക്കേടും തന്മൂലമുണ്ടാകുന്ന വിലവർദ്ധനവും സ്ഥായിയായി പരിഗണിക്കണം.

ഉല്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ ഉണ്ടാകുന്ന ചൂഷണം ഒരു പ്രശ്നമായി ഗ്രാമവാസികളിൽ ഉയർന്നുവന്നു. ക്ഷീരോത്പാദകസഹകരണ സംഘങ്ങൾ പഞ്ചായത്ത് അതിർത്തികളിൽ പ്രവർത്തിക്കുന്നു. പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയണം. കാലിതീറ്റയുടെയും, പുല്ലിന്റെയും വിലവർദ്ധനവ് കർഷകരെ നിരുൽസാഹപ്പെടുത്തുന്നു..

കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നിവ വ്യാപകമാക്കുന്നതിന് എല്ലാവിധ സാദ്ധ്യതകളുമുള്ള പ്രദേശമാണിവിടെ. എന്നാൽ ഇത് ഒരു പദ്ധതിയായി രൂപപ്പെടുത്തി ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള സംവിധാനമില്ല. ഇറച്ചികോഴി വളർത്തലിന്പറ്റിയ കാലവസ്ഥയാണിവിടെ. എന്നാൽ ഈ മേഖലയിലേയ്ക്കുള്ള ചുവട് വെയ്പ് എന്തുകൊണ്ടോ നടന്നു കാണുന്നില്ല. കന്നുകാലികൾക്ക് ഉണ്ടാവുന്ന കുളമ്പ് രോഗം ,അകിടു വീക്കം, പ്രസവസംബദ്ധമായ അസുഖങ്ങൾ , ഇവയ്ക്ക് തൃപ്തികരമായ ചികിൽത്സ ലഭ്യമല്ല. മൃഗസംരഷണ കേന്ദ്രം മണ്ണഞ്ചേരി പഞ്ചായത്തിൽ 4-ാംവാർഡിലുള്ള ആര്യാട് ബ്ലോക്കിനോട് ചേർന്ന് പ്രവർത്തിക്കുന്നു. മറ്റു പ്രദേശങ്ങളിലുള്ളവർ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നു.

വേമ്പനാട്ട് കായലിന്റെ തീരത്ത് താമസിക്കുന്നവരിൽ നല്ലൊരു വിഭാഗം ജനങ്ങൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. വേമ്പനാട്ടുകായലിൽ നിന്നും മൽസ്യബന്ധനവും കക്കാവാരലും നടത്തി ഉപജീവനം കഴിക്കുന്ന വളരെയധികം പേർ ഈ പഞ്ചായത്തിലുണ്ട്. മത്സ്യബന്ധനത്തിനും കക്കാവാരലിനും ചെറു വള്ളങ്ങളാണ് ഇവിടെ ഉപയോഗിക്കുന്നത്.

വേമ്പനാട്ടുകായലിൽ 150 -ലധികം ഇനം മൽസ്യങ്ങൾ ഉണ്ടെന്ന് കണക്കാക്കുന്നു. ഇവയിൽ ഗണ്യമായ ഭാഗം സമുദ്രത്തിൽ നിന്നും കുടിയേറി വംശവർദ്ധനവ് സാധിച്ചവയാണ് ശുദ്ധജലത്തിൽ ജീവിക്കാൻ കഴിയുന്ന മൽസ്യങ്ങൾ കായലിൽ നിന്ന് തോടുകളിലൂടെ കടന്ന് പ്രദേശത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള കുളങ്ങളിലും ചാലുകളിലും താവളമടിച്ച് വംശവർദ്ധനവുവരുത്തി ജീവിക്കുന്നു. വേമ്പനാട്ടുകായലിൽ മൽസ്യങ്ങളുടെ വംശവർദ്ധനവിന് തടസ്സമാകാത്ത രീതിയിൽ മത്സ്യബന്ധനം നടത്തേണ്ടതാകുന്നു.

നമ്മുടെ വിപുലമായ പ്രദേശത്ത് ഫലവത്തായി പ്രവർത്തിക്കുവാൻ ബ്ലോക്കിലുള്ള മൃഗാശുപത്രിക്ക് കഴിയുന്നില്ല. വളർത്തു മൃഗങ്ങളുടെയും കോഴി,താറാവ് എന്നിവയുടേയും സ്ഥിതിവിവര കണക്ക് (അനുബന്ധം 2:1:2:2) ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സാദ്ധ്യതകൾ -:

1. കായൽ മേഖലയിൽ നിന്നും കൊണ്ടുവരുന്ന തീറ്റപ്പുല്ല് കോമളപുരം,കുറ്റുവേലി,മണ്ണഞ്ചേരി, അമ്പലക്കടവ് എന്നിവടങ്ങളിൽ വച്ച് പാൽ വിതര ണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം. തന്മൂലം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുകയും ന്യായവിലയ്ക്ക് തീറ്റപ്പുല്ല് ലഭ്യമാക്കുവാനും കഴിയും.

2. ഉല്പാദനക്ഷമത കൂടിയ കന്നു കുട്ടികളെ (കിടാരികളെ) ദരിദ്ര രേഖയ്ക്ക് താഴെയുള്ള വർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും വിതരണം ചെയ്യണം. അപ്രകാരം ഒരു വീടിന് ഒരു പശു, ഒരു തൊഴുത്ത് എന്ന ദീർഘകാല പദ്ധതി നടപ്പിലാക്കണം. ഇതോ ടെ 25 വീടിന് ഒരു യൂണിറ്റ് എന്ന രീതിയിൽ സംഘടിപ്പിച്ച് കന്നുകാലി വളർത്തലും ആട്, കോഴി,താറാവ് വളർത്തലും ശാസ്ത്രീയമാക്ക ണം.

3. 6 കിലോമീറ്റർ നീളമുള്ള എ.സ്സ് കനാലിന്റെ ഇരു കരകളിലും കുളങ്ങളുടെയും ചാലുകളുടേ യും ഇടത്തോടിന്റെയും കരകളിൽ 300 ഏക്കർ വരുന്ന കരിനില പ്രദേശത്തും തീറ്റപ്പുല്ല് കൃഷി ചെയ്യാം. ഇവയെ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണവകുപ്പ് പദ്ധതി തയ്യാറാക്കണം.

4. പാൽ വിതരണത്തിന് നിലവിലുള്ള കഷ്ടപ്പാ ടുകൾ ഒഴിവാക്കുന്നതിന് ഉല്പാദകർ ഒരു കിലോമിറ്റർ ദൂരത്തിലധികം സഞ്ചരിക്കേണ്ടി വരരുത്. ആയതിലേയ്ക്ക് രണ്ട് വാർഡ് കേന്ദ്രീകരിച്ച് അപ്കോസ് സഹകരണസംഘ ങ്ങളും വാർഡുതോറും കളക്ഷൻ കേന്ദ്രങ്ങളും ഉണ്ടാക്കണം. ഉല്പാദകരെ ബോദ്ധ്യപ്പെടുത്ത ക്കത്തക്കരീതിയിൽ പാലിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തുവാൻ അധുനികയന്ത്രങ്ങൾ ഉപ യോഗിക്കണം . മണ്ണഞ്ചേരി പഞ്ചായത്തിൽ ഇന്നുള്ള മൃഗാശുപത്രി കൂടാതെ രണ്ട് സബ് സെന്റർ കൂടി സ്ഥാപിക്കണം കൂടാതെ സ ഞ്ചരിക്കുന്ന മൃഗാശുപത്രിയും സ്ഥാപിക്കണം.

5. കോഴി വളർത്തൽ ,താറാവ് വളർത്തൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് മേൽ സൂചിപ്പിച്ച യൂണിറ്റ് ടി.സ്ഥാപനം നടപ്പിലാക്കണം . ഇറ ച്ചിക്കോഴികളെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നതിന് കൂടും മറ്റ് സഹായങ്ങളും നല്കണം.

6. നല്ലയിനം ആട്ടിൻ കുട്ടികളെ സബ്സിഡി നിരക്കിലും ദുർബലവിഭാഗങ്ങൾക്ക് സൗജന്യ മായും വിതരണം ചെയ്യണം

7. എല്ലാ വീടുകളിലും കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിച്ചു ചാണകവും ഗോമൂത്രവും ശേഖരി ക്കുകയും ജൈവവളമാക്കി മാറ്റുകയും വേണം.

8.ഏറ്റവും നല്ല ക്ഷീരകർഷകരെ , കുറഞ്ഞത് 5 പേരെയെങ്കിലും ഓരൊവർഷവും തെരഞ്ഞ ടുത്ത് ആദരിക്കുകയും അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുകയും വേണം .

9. വേമ്പനാട്ട് കായലിനെ ആശ്രയിച്ച് ജീവി ക്കുന്ന മത്സ്യ തൊഴിലാളികൾ മത്സ്യ രോഗം മൂലവും കക്ക പ്രയോജനമില്ലായ്മമൂലം പട്ടിണിയെ നേരിടുന്നു. ശാസ്ത്രീയ ഗവേഷ ണത്തിലൂടെ വേമ്പനാട്ടുകായലിനെ മേഖലക ളായി തിരിച്ച് കക്ക വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കണം. മൽസ്യ സമ്പത്ത് കായ ലിൽ കുറഞ്ഞ് വരുന്നതിന്റെ കാരണം തണ്ണീർ മുക്കം ബണ്ട് തുടർച്ചയായി അടച്ചിടുന്നതും വർഷം തോറും ഷട്ടറുകൾ മുഴുവനായും തുറ ക്കാത്തതിനാലുമാണ്. ട്രജ്ജർ ഉപയോഗിച്ച് കക്കാ വാരൽ നിരോധിക്കണം . കറുത്ത കക്ക യുടെ വംശനാശം തടയുന്നതിന് പദ്ധതിയാ വിഷ്കരിക്കണം.

10. ശുദ്ധ ജലത്തിൽ വളർത്താൻ പറ്റുന്ന മൽസ്യങ്ങൾ ധാരാളമാണ്. ഇവ കുളങ്ങളിലും ഓര് വെള്ളം കയറാത്ത ചാലുകളിലും ശാസ്ത്രീയമായി കൃഷി ചെയ്യുന്നത് ആദായകരമാണ് .

11.വേമ്പനാട്ട് കായലിൽ കൊഞ്ച്, ചെമ്മീൻ തുടങ്ങിയവ വളർത്തുന്നതിന് സാദ്ധ്യത വളരെയുണ്ട്. ഉൾനാടൻ മൽസ്യ തൊഴിലാളി കളുടെ സംഘങ്ങൾ ഉണ്ടാക്കി മൽസ്യ ഫെഡ് വഴി പദ്ധതി വിപുലമാക്കണം .

12.ആഭ്യന്തര ഉപയോഗം കഴിഞ്ഞുള്ള മൽസ്യ ങ്ങളും കക്കായിറച്ചിയും ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ടുപോയി വിപണനം ചെയ്തു വരുന്നു .ഇടത്തട്ട് കാരെ ഒഴിവാക്കി ഉൽപാദകർക്ക് നേരിട്ട് ഉപഭോക്താവിൽ എത്തിക്കുവാനുള്ള വാഹന സൗകര്യം നിലവി ലില്ല. ഫിഷറീസ് കോർപ്പറേഷൻ മുൻകൈ എടുത്ത് ഒരു വാഹനം പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ നിന്നോ മുഹമ്മയിൽ നിന്നോ പുറപ്പെടുന്നതിന് ഏർപ്പാടാക്കണം.

13. മാതൃകാ ഡയറി യൂണിറ്റ് സ്ഥാപിക്കുക.

കായലോര മത്സ്യബന്ധനം-കക്കാ സംഭരണം
സ്ഥിതി വിവര കണക്ക്

വാർഡ് നമ്പർ	വലിയ വള്ളം	ചെറിയ വള്ളം	തൊഴിലാളികൾ		റിമാർക്ക്സ്
			പുരുഷൻമാർ	സ്ത്രീകൾ	
1	11	29	164	69	
2	7	38	203	75	
7	9	34	109	67	
13	4	150	250	200	
14	5	200	400	370	

(പഠന പര്യടന ഗ്രൂപ്പ് റിപ്പോർട്ട്)

മൃഗ സംരക്ഷണം - മത്സ്യബന്ധനം

അനുബന്ധം 2:1

കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	കുതിര	ട്രാക്ടർ	ഗ്യാസ്
ഗർഭധാരണം നടത്തിയവ	ഗർഭധാരണം നടത്താത്തവ	ഗർഭധാരണം നടത്തിയവ	ഗർഭധാരണം നടത്താത്തവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
-	19	6	151	316	300	850	833	3	7	-	1429	792	1

അനുബന്ധം 2:2

പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1132	4264	8296	397	1191	55



വിദ്യാഭ്യാസം

ഒരു സമൂഹത്തിന്റെ പുരോഗതിക്കാവശ്യമായ ശാസ്ത്രീയമായ ചുവട് വെപ്പാണ് വിദ്യാഭ്യാസം.നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങളും അധികവും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ്.കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള നവോദയാ വിദ്യാലയങ്ങളും, സെൻട്രൽ സ്ക്കൂളുകളും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.1966-ൽ വിദ്യാഭ്യാസത്തിന്റെ സമസ്തമേഖലകളെക്കുറിച്ച് പഠിച്ച് ഒരു റിപ്പോർട്ട് ഡോക്ടർ: സി. എസ്സ്.കോത്താരി കമ്മീഷൻ ഇൻഡ്യാ ഗവൺമെന്റിന് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1968-ൽ രാജ്യത്തിന്റെ പൊതുവായ വിദ്യാഭ്യാസ നയം ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ തുടങ്ങി.ഇതിന്റെ ഭാഗമായി 15 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സാർവ്വത്രികം ആക്കി അദ്ധ്യാപകരുടെ നിലവാരം ഉയർത്തുക,വിദ്യാഭ്യാസ പുരോഗതി പടിപടിയായി ഉയർത്തുക, പ്രാദേശിക ഭാഷകളുടെ വികസനം സാധ്യമാക്കുക, ത്രിഭാഷാ ഫോർമുല അംഗീകരിക്കുക, ഗവേഷണത്തിന് പ്രാമുഖ്യം നല്കുക,കാർഷിക വ്യവസായ വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കുക തുടങ്ങിയ നിർദ്ദേശങ്ങളും റിപ്പോർട്ടിൽ അടങ്ങുന്നു. ദേശീയ വരുമാനത്തിന്റെ 6% വിദ്യാഭ്യാസ മേഖലക്ക് ചിലവ് ചെയ്യണമെന്ന് കൂടി റിപ്പോർട്ടിൽ എഴുതി ചേർക്കാൻ കമ്മീഷൻ ശ്രദ്ധിച്ചിരുന്നു. 1978-ൽ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ കോൺഫറൻസിൽ 6 മുതൽ 11 വയസ്സ് വരെ എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് തീരുമാനമായി.തുടർന്ന് 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.

നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ സൗകര്യങ്ങളുടെ അളവ് അനുദിനം വർദ്ധിക്കുമ്പോഴും സംസ്ഥാനതലത്തിൽ വിദ്യാഭ്യാസ നിലവാരം കുറയുന്നതായി കാണാം.താനുംപ്പെടുന്ന സമൂഹത്തിന് ജീവിക്കാൻ ആവശ്യമായ ഭൗതിക വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള കഴിവ് വളർത്തിയെടുക്കുകയും സമൂഹത്തോട് തനിക്കുള്ള കടമകളെ പറ്റിയും, താൻ പാലിക്കേണ്ട മര്യാദകളെ പറ്റിയും ഉള്ള പ്രതിബദ്ധത വളർത്തിയെടുക്കുക എന്നിവ

യും ആണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമായവയല്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.മതപരമായും,ജാതിപരമായും പിന്നോക്കം എന്ന് കരുതിയിരുന്ന സമൂഹത്തിലെ ഗണ്യമായ വിഭാഗത്തിന് വിദ്യാഭ്യാസം അന്യമായിരുന്നു. ശ്രീ നാരായണ ഗുരു, ശ്രീ.അയ്യൻകാളി തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കൾ ഈ വിഭാഗം ജനങ്ങളുടെ ഉദ്ധാരണത്തിന് വേണ്ടി നിരവധി സംഭാവനകൾ നല്കിയിട്ടുണ്ട്. കേരള പിറവിക്ക് ശേഷം ആദ്യമായി അധികാരത്തിലേറിയ ജനകീയ മന്ത്രി സഭ വിദ്യാഭ്യാസ പരിഷ്ക്കരണത്തിൽ വമ്പിച്ച പങ്ക് വഹിച്ചു. തങ്ങളുടേതെന്ന് മാത്രമെന്ന് കരുതി ചിലർ കൈകളിലൊതുക്കി വെച്ചിരുന്നവിദ്യാഭാസ മേഖല ആകെ ഉടച്ച് വാർത്ത് ഗവൺമെന്റ് ടപെടൽ സാധ്യമാക്കിത്തീർത്തു.അപ്രകാരം കലാശാല വിദ്യാഭ്യാസം,തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയിൽ ഗവൺമെന്റ് നിയന്ത്രണ മേർപ്പെടുത്തി.ഈ മാറ്റം വിദ്യാഭ്യാസ മേഖലയിൽ വലിയൊരു മുന്നേറ്റത്തിന് വഴിയൊരുക്കി. കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വേർതിരിച്ച് നിർത്തുന്നത് മേൽപ്പറഞ്ഞ മാറ്റത്തിന്റെ ഫലങ്ങളാണെന്ന് കാണാം.

1947 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിർത്തിയിൽ 4-ാം ക്ലാസ്സ് വരെയുള്ള മണ്ണഞ്ചേരി സ്ക്കൂളും, 7-ാം ക്ലാസ്സ് വരെയുള്ള കലവൂർ സ്ക്കൂളുമാണ് ഉണ്ടായിരുന്നത്. നോർത്ത് ആര്യാട് സ്ക്കൂൾ ഇതേ കാലഘട്ടത്തിൽ സ്ഥാപിതമായതാണ്. നിലവിൽ നമ്മുടെ പഞ്ചായത്തിൽ 2 ഹൈസ്ക്കൂളുകൾഉണ്ട്. പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊന്നാട് സ്ക്കൂൾ 2-ാം വാർഡിലും,കാവുങ്കൽ സ്ക്കൂൾ 3-ാം വാർഡിലും സ്ഥിതി ചെയ്യുന്നു.പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പൊതു സ്ഥിതി വിവര പട്ടിക ചുവടെ ചേർക്കുന്നു.(അനു :3:1)

1.മണ്ണഞ്ചേരി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മുസ്ലീം ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ 2,1,7,6 എന്നീ വാർഡുകളാണ്.പ്രസ്തുത വാർഡുകളെ കേന്ദ്രീകരിച്ചുള്ള മണ്ണഞ്ചേരി ഹൈസ്ക്കൂളിൽ എ. ൽ. പി. , യു.പി., എച്ച്.എസ്സ് വിഭാഗത്തിലായി 2361 കുട്ടികളും 64 ഡിവിഷനുകളും ഉണ്ട്.ഇതിൽ ഗണ്യമായ വിഭാഗം മുസ്ലീം കുട്ടികളാണ്. വിദ്യാഭ്യാസത്തിൽ ഏറ്റവും പിന്നോക്കം നിന്നിരുന്ന മുസ്ലീം സമുദായം ഗണ്യമായ പുരോഗതി കൈവരിച്ചതായി ക്കാണാം. മണ്ണഞ്ചേരി ഗവ: ഹൈസ്ക്കൂൾ ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയോട് അടുത്തു സ്ഥിതി ചെയ്യുന്നതും മറ്റ് പഞ്ചായത്തിലെ കുട്ടികൾക്ക് കൂടി പ്രയോജനപ്രദവുമായ കലവൂർ ജി.എച്ച്. എസ്സിൽ 838 കുട്ടികളാണുള്ളത്. പഞ്ചായത്തിന്റെ 1,2,3,4,9,13,14 എന്നീ വാർഡുകളിലാണ് വിവിധ സ്ക്കൂളുകൾ നിലവിലുള്ളത്. 1,9 ഉം വാർഡുകളിൽ ഹൈസ്ക്കൂളുകളും അതിനോട് ചേർന്ന് യു.പി.,എൽ.പി വിഭാഗവും 2,3 വാർഡുകളിൽ എൽ.പി സ്ക്കൂളുകളും 4,13,14 വാർഡുകളിൽ യു.പി സ്ക്കൂളുകളും അതിനോടനുബന്ധിച്ച് എൽ.പി സ്ക്കൂളുകളും നിലനിൽക്കുന്നു.

മണ്ണഞ്ചേരി, കലവൂർ സ്ക്കൂളുകളിൽ മൂന്ന് വിഭാഗങ്ങളിലും തമ്പകച്ചുവട് സ്ക്കൂളിൽ രണ്ട് വിഭാഗങ്ങളിലും കുട്ടികൾ അധികരിച്ചു കാണ്ടുന്നു.പഞ്ചായത്തിന്റെ 8,10,11,12 വാർഡുകളിലെ കുട്ടികൾ 2 മുതൽ 4 വരെ കി.മീ ദൂരെയുള്ള സ്ക്കൂളിൽ പോയി വേണം വിദ്യാഭ്യാസം ചെയ്യാൻ .ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഒരു സ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്.ജ്ഞാനോദയം എൽ.പി.,യു.പി സ്ക്കൂളുകളിൽ കക്കൂസ്സുകൾ ഇല്ല. പൊന്നാട്, ജ്ഞാനോദയം എൽ.പി.സ്ക്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ലഇവ ഒഴിച്ചാൽ പ്രാഥമിക സൗകര്യങ്ങൾ ഉള്ളവയാണ് മറ്റുള്ളവ.കളിക്കളം ഇല്ലാത്ത ഒരേ ഒരു സ്ക്കൂൾ ജ്ഞാനോദയം സ്ക്കൂൾ ആണ്.മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിലവിൽ 9 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1996-97 വർഷാരംഭത്തിൽ ഈ വിദ്യാലയങ്ങളിൽ ഉണ്ടായിരുന്ന ആകെ കുട്ടികൾ 6928 ആണ്. ഇതിൽ 3713 ആൺകുട്ടികളും 3215 പെൺകുട്ടികളും ആണ്. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം 498 എണ്ണം കുറവാണന്ന കാണാം. ആകെ 577 കുട്ടികൾ തോറ്റു പഠിക്കുന്നതിൽ ആൺകുട്ടികൾ 381 ഉം പെൺകുട്ടികൾ 196 ഉം ആകുന്നു. തോറ്റവരിൽ 66% വും ആൺകുട്ടികളുണ്ട്. ആൺകുട്ടികളിൽ പരാജിതരുടെ എണ്ണം വർദ്ധിക്കാനുള്ള സാഹചര്യം പഠന വിഷയമാക്കേണ്ടിയിരിക്കുന്നു.ഈ വർഷം ആകെ 117 കുട്ടികൾ പഠിത്തം നിർത്തി.

വിദ്യാലയം വിട്ട് പോയിട്ടുണ്ട്. അതിൽത്തന്നെ 81 ആൺകുട്ടികളും 36 പെൺകുട്ടികളും ഉൾപ്പെടുന്നു.തുടർച്ചയായ ഹാജരില്ലായ്മയാണ് ഈ കൊഴിഞ്ഞ് പോകലിന് കാരണം. ആകെ 9 വിദ്യാലയങ്ങൾ ഉള്ളതിൽ 6 എണ്ണം ഗവൺമെന്റ് സ്ക്കൂളു ം 3 എണ്ണം എയിഡഡ് സ്ക്കൂളും ആണ്. ഗവ:ഹൈസ്ക്കൂൾ മണ്ണഞ്ചേരി,തമ്പകച്ചുവട് യു.പി.എസ്സ്,പി.ജെ. എൽ.പി.എസ്സ് വളവനാട് , ഗവ:എച്ച്.എസ്സ്.കലവൂർ , ആര്യാട് നോർത്ത് യു.പി.എസ്സ്. എന്നിവ സർക്കാർ സ്ക്കൂളുകളും പൊന്നാട് എൽ.പി.എസ്സ്,കാവുങ്കൽ എൽ.പി.എസ്സ്,പി.ജെ. യു.പി.എസ്സ് എന്നിവ എയിഡഡ് സ്ക്കൂളും ആകുന്നു. ആകെ 229 അദ്ധ്യാപക തസ്തികകൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്.നിലവിൽ 223 അദ്ധ്യാപകർ ഉണ്ട്.കലവൂർ എൽ.പി.എസ്സിൽ അനുവദിക്കപ്പെട്ട അദ്ധ്യാപിക തസ്തികകളുടെ എണ്ണം 13 ആണെങ്കിലും നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം 12 ആണ്. അങ്ങനെ നികത്തപ്പെടാതെ കിടക്കുന്ന തസ്തികകളുടെ എണ്ണം 7 ആണ്.തമ്പകച്ചുവട് യു.പി.എസ്സിൽ ഒരു ദീർഘകാല ലീവ് വേക്കൻസി നിലവിലുണ്ട്.

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഭൗതീക സൗകര്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

2.പഞ്ചായത്തിലെ മിക്ക സ്ക്കൂളുകൾക്കും ആവശ്യത്തിന് സ്ഥലസൗകര്യം ഇല്ല.പ്രത്യേകിച്ച് ഹൈസ്ക്കൂൾ,ഹയർ സെക്കന്ററി സ്ക്കൂളുകളുടെ സ്ഥലസൗകര്യങ്ങൾ വളരെ പരിമിതമാണ്. കളിസ്ഥലങ്ങൾ എല്ലാ സ്ക്കൂളിനും ലഭ്യമല്ലാത്ത ആവസ്ഥയാണ് ഇന്നുള്ളത്. ഈ വിദ്യാലയങ്ങളിൽ എല്ലാം പൈപ്പ്, കിണർ, ബോർവെൽ എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള കുടിവെള്ള സൗകര്യം ഉണ്ട് പി.ജെ. എൽ.പി.എസ്സ്, പി.ജെ.യു.പി.എസ്സ് എന്നിവ ഒഴിച്ച് മറ്റ് എല്ലാ സ്ക്കൂളുകളിലും കക്കൂസ്സ് ഉണ്ട് പൊന്നാട് എൽ.പി.എസ്സ്,പി.ജെ.എൽ.പി.എസ്സ് എന്നിവ ഒഴിച്ച് മറ്റെല്ലാ സ്ക്കൂളുകളും വൈദ്യുതീകരിച്ചതാണ്. പഞ്ചായത്തിലെ സ്ക്കൂളുകളിൽ ലൈബ്രറിയുണ്ട്.എൽ.പി.സ്ക്കൂളുകളിൽ അവ വേണ്ടത്ര പ്രവർത്തനക്ഷമമല്ല. ലാബറട്ടറി, സയൻസ് കോർണർ ഇവയിലേതെങ്കിലും ഒന്ന് എല്ലാ സ്ക്കൂളുകളിലും ഉണ്ട്. മാതൃസംഗമം, പി.റ്റി.എ എന്നിവ എല്ലാ സ്ക്കൂളുകളിലും നിലവിലുണ്ട്.

3.ആകെ വിദ്യാർത്ഥികളുടെ 13.51% കുട്ടികൾ 30% മാർക്കിനു താഴെ മാർക്ക് ലഭിക്കുന്നവരും 33.8% കുട്ടികൾ 30% നും 40% നും ഇടയിൽ മാർക്ക് സ്ക്കോർ ചെയ്യുന്നവരും 12.42% കുട്ടികൾ 40% മുതൽ 50% മാർക്ക് വാങ്ങുന്നവരും 14.08% കുട്ടികൾ 60% മാർക്ക് വാങ്ങുന്നവരുമാണ്.95-96 ൽ മണ്ണഞ്ചേരി ഹൈസ്ക്കൂളിലെ വിജയശതമാനം 34 ഉം കലവൂർ ഹൈസ്ക്കൂളിലേത് 36 % ഉം ആയിരുന്നു. സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴ്ന്ന വിജയശതമാനമാണിത്.നമ്മുടെ പഞ്ചായത്തിന്റെ പഠന നിലവാരത്തിന്റെ സൂചകമായി ഇതിനെ കണക്കാക്കാം. പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ ബോധപൂർവ്വകമായ പ്രവർത്തനങ്ങളുടെ ആവശ്യകതയിലേയ്ക്കാണിത് വിരൽ ചൂണ്ടുന്നത്. 95-96 അദ്ധ്യയന വർഷത്തിൽ എസ്സ്.എസ്സ്.എൽ.സി.പരീക്ഷയ്ക്ക് മണ്ണഞ്ചേരി ഹൈസ്ക്കൂളിൽ നിന്നും പരീക്ഷയെഴുതിയ ഒരു പെൺ കുട്ടിക്ക് ജില്ലാതലത്തിലും,സംസ്ഥാനതലത്തിലും അവാർഡ് ലഭിക്കുകയുണ്ടായി. അറബി സാഹിത്യ മേളയ്ക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഈ സ്ക്കൂളിലെ ഒരു പെൺകുട്ടിക്കും,ആൺകുട്ടിക്കും അവാർഡ് ലഭിക്കുകയുണ്ടായി. ഗണിത ശാസ്ത്ര പ്രദർശനത്തിന് കലവൂർ ഹൈസ്ക്കൂളിൽ നിന്നും 3 ആൺ കുട്ടികൾക്കും 7 പെൺ കുട്ടികൾക്കും ജില്ലാ തലത്തിലും 3 ആൺ കുട്ടികൾക്ക് സംസ്ഥാനതലത്തിലും അവാർഡ് ലഭിച്ചു. മെരിറ്റ് സ്ക്കോളർഷിപ്പ് ലഭിക്കുന്ന 54 കുട്ടികളും, ലംപ്സം ഗ്രാന്റ് ലഭിക്കുന്ന 772 കുട്ടികളും നമ്മുടെ ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്നു. 273 കുട്ടികൾക്ക് മുസ്ലീം പെൺ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പും,45 കുട്ടികൾക്ക് വികലാംഗർക്കുള്ള സ്ക്കോളർഷിപ്പും, 34 കുട്ടികൾക്ക് ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

95-96 അദ്ധ്യയന വർഷത്തിൽ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ പലയിനങ്ങളിലായി 252115 രൂപാ വരവും ഉച്ചക്കഞ്ഞിയുൾപ്പടെയുള്ള വിവിധ ഇനങ്ങളിലായി 160337 രൂപാ ചെലവും ഉണ്ടായിട്ടുണ്ട്. 133406 രൂപ പി.റ്റി.എ വഴി രക്ഷകർത്താക്കളിൽ നിന്ന് സംഭാവന സ്വീകരിച്ചതാണ്.ഉച്ചക്കഞ്ഞി

ക്ക് മാത്രം 73826 രൂപാ ചെലവായിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം ശമ്പളം, ബത്ത,ബോണസ്സ്, ചികിത്സ, ഉത്സവബത്ത എന്നീ ഇനങ്ങളിലായി അദ്ധ്യാപകർക്കും,അദ്ധ്യാപകേതര ജീവനക്കാർക്കും 12438528 രൂപാ നല്കിയിട്ടുണ്ട്.

ആര്യാട് നോർത്ത് യു.പി.സ്ക്കൂൾ 14-ാം വാർഡിന്റെ ഏകദേശം മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു .ഇവിടെയുള്ള കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏറ്റവും അടുത്ത സ്ക്കൂൾ ലൂഥറൻ ഹൈസ്ക്കൂൾ തെക്കനാര്യാടാണ്.14-ാം വാർഡിന്റെ ചില ഭാഗങ്ങളിൽ നിന്ന് 3 കി.മീ സഞ്ചരിച്ചുവേണം ഈ സ്ക്കൂളിൽ എത്തിച്ചേരാൻ.മണ്ണഞ്ചേരി ഹൈസ്ക്കൂൾ 1-ാം വാർഡിന്റെ തെക്ക് പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്നു.ഈ സ്ക്കൂളിൽ 2361 കുട്ടികൾ പഠിക്കുന്നു. സ്ഥല സൗകര്യത്തിന്റേയും മറ്റു സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള ഷിഫ്റ്റുകളായാണ് പ്രവർത്തനം നടക്കുന്നത്.തമ്പകച്ചുവട് യു.പി സ്ക്കൂൾ 13-ാം വാർഡിന്റെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതി ചെയ്യുന്നു.മതിയായ യാത്രാ സൗകര്യം ഇല്ലാത്ത ഈ വാർഡിന്റെ കിഴക്ക് ഭാഗത്തുള്ള കുട്ടികൾക്ക് ഈ സ്ക്കൂളിൽ എത്തിച്ചേരുന്നതിന് പ്രയാസം അനുഭവപ്പെടുന്നു. പൊന്നാട് എൽ.പി.എസ്സ്. 2-ാം വാർഡിന്റെ മധ്യ ഭാഗത്തു നിന്നും കിഴക്കോട്ട് മാറി സ്ഥിതി ചെയ്യുന്നു. ഈ സ്ക്കൂളിലെ കുട്ടികൾ ഉപരി പഠനത്തിനായി മണ്ണഞ്ചേരി ഹൈസ്ക്കൂളിനേയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

3-ാം വാർഡിന്റേയും 1-ാം വാർഡിന്റേയും ഇടയിലാണ് 7-ാം വാർഡിന്റെ സ്ഥാനം.വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ലാത്തതും യാത്രാ സൗകര്യങ്ങൾ താരതമ്യേന വിരളവുമായ വാർഡാണിത്.പ്രത്യേകിച്ച് വാർഡിന്റെ കിഴക്ക് ഭാഗത്ത് വേമ്പനാട്ട് കായലുമായി സന്ധിക്കുന്ന തോടുകൾ വളരെയധികം ഉണ്ട്.ഈ തോടുകളെയെല്ലാം ബന്ധിപ്പിക്കുന്ന റോഡുകളും,പാലങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.യാത്രാക്ലേശം ഏറെയുള്ള ഈ വാർഡിലെ കുട്ടികൾ വിദ്യാഭ്യാസത്തിനു വേണ്ടി ആശ്രയിക്കുന്നത് മണ്ണഞ്ചേരി സ്ക്കൂളിനേയാണ്.

3-ാം വാർഡിന്റെ കിഴക്കേ അറ്റത്ത് തെക്കോട്ട് മാറി കാവുങ്കൽ എൽ.പി.എസ്സും 4-ാം വാർഡ് വടക്ക് പടിഞ്ഞാറു ഭാഗത്ത് ജ്ഞാനോദയം സ്ക്കൂളും സ്ഥിതി ചെയ്യുന്നു.9-ാം വാർഡിന്റെ വടക്കു പടിഞ്ഞാറായി കലവൂർ ഗോപംസ് ഹൈസ്ക്കൂളും,എൽ.പി.എസ്സും ഉണ്ട്.8,14 വാർഡുകളുടെ പടിഞ്ഞാറും, 8,9 വാർഡുകളുടെ തെക്കുമായി പടിഞ്ഞാറു നിന്ന് കിഴക്കോട്ട് 10,11,12 എന്നീ വാർഡുകൾ കിടക്കുന്നു.ഇതിൽ 12 ന്റെ കിഴക്ക് ഭാഗത്തുള്ള കുട്ടികൾക്ക് ആര്യാട് നോർത്ത് യു.പി.സ്ക്കൂളിലോ തമ്പകച്ചുവട് യു.പി.സ്ക്കൂളിലോ പോകാൻ സൗകര്യം ഉണ്ട്. എന്നാൽ 10,11,12 എന്നീ ഭാഗങ്ങളിലെ കുട്ടികൾ 3 മുതൽ 4 കി.മീ. ദൂരം സഞ്ചരിച്ചാൽ മാത്രമേ സ്ക്കൂളുകളിൽ എത്തിച്ചേരാൻ കഴിയുകയുള്ളു. ഈ ദുസ്ഥിതിക്ക് പരിഹാരമായി 11-ാം വാർഡിന്റെ മദ്ധ്യഭാഗത്ത് പടിഞ്ഞാറ് അടുത്തോ 7ാം വാർഡിന്റെ മദ്ധ്യഭാഗത്ത് കിഴക്കടുത്തോ ഒരു പ്രൈമറി സ്ക്കൂൾ പ്രീ പ്രൈമറിയോടുകൂടി ആരംഭിച്ച് ഭാവിയിൽ യു.പി.സ്ക്കൂളായി ഉയർത്തി കൊണ്ടുവരേണ്ടതും പരമപ്രധാന പരിഗണന അർഹിക്കുന്ന ഒരു ആവശ്യമാണ്.

6-ാം വാർഡിന്റെ തെക്ക് കിഴക്ക് ഭാഗത്തുള്ള കുട്ടികൾക്ക് മണ്ണഞ്ചേര ി ഹൈസ്ക്കൂളിലേയ്ക്കും വടക്കു ഭാഗത്തുള്ള കുട്ടികൾക്ക് കാവുങ്കൽ എൽ.പി.എസ്സിലേയ്ക്കും പോകാൻ സൗകര്യം ഉണ്ട്.എന്നാൽ 5-ാം വാർഡിലെ കുട്ടികൾ വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു അടുത്ത സ്ക്കൂളിലെത്താൻ. ഇതിനു പരിഹാരം കാണാൻ 5-ാം വാർഡിന്റെ മദ്ധ്യഭാഗത്ത് ഒരു പ്രൈമറി സ്ക്കൂൾ പ്രീ പ്രൈമറിയോടുകൂടി ആരംഭിക്കുക തന്നെ വേണം.കൂടുതൽ സ്ക്കൂളുകൾ ആരംഭിക്കുന്നത് മൂലം നിലവിലുള്ള സ്ക്കൂളുകളിൽ ക്ലാസ്സ് റൂമുകൾ ഒഴിവായാൽ ഈ സൗകര്യം ഉപയോഗിച്ച് സാങ്കേതികപഠന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. പ്രസവ കാലാവധി പോലുള്ള ഹ്രസ്വകാല ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്ന സമ്പ്രദായം ഇന്ന് നിലവിലില്ല.തന്മൂലം വിഷയങ്ങൾ പരീക്ഷാ സമയങ്ങളിൽ പഠിപ്പിച്ച് തീർക്കുവാൻ കഴിയാതെ വരികയും അദ്ധ്യാപകർ വിഷയം മാറി പഠിപ്പിക്കുന്നതായും മനസ്സിലാക്കാം.

നിർദ്ദേശങ്ങൾ

1. അദ്ധ്യാപകരുടെ താത്ക്കാലിക ഒഴിവിലേക്ക് നിയമനം നടത്തുവാൻ ത്രിതല പഞ്ചായത്ത്

സമിതികൾക്ക് അധികാരം നല്കുക. ജില്ലാ പഞ്ചായത്തുകൾ ഹൈസ്ക്കൂളിലേയും ബ്ലോ ക്ക് പഞ്ചായത്തുകൾ യു.പി. സ്ക്കൂളുകളുടേയും, ഗ്രാമ പഞ്ചായത്തുകൾ എൽ.പി. സ്ക്കൂളുകളുടേയും നിയമനം നടത്തുക.

2)പാഠ പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തുകളെ അതാത് ജില്ലയിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങളും അച്ചടി-വിതരണം എന്നിവയുടെ ചുമതല ഏല്പ്പിക്കുക.

3) ദുർബ്ബല വിഭാഗത്തിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കു വാങ്ങി പാസ്സാകുന്നവർക്ക് ഉപരിപഠനത്തിന് ധനസഹായവും , പ്രോത്സാഹനവും നല്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കുക., പി ടി എ പരിപോഷക സമിതി എന്നിവയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുക.

4) എല്ലാ സക്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളും, ചുറ്റുമതിലും നിർമ്മിച്ചു നല്കുക.

5)ഓല മേഞ്ഞ കെട്ടിടങ്ങൾ സ്ഥിരം കെട്ടിടങ്ങളാക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തുകയും വേണം.

6) സ്കൂളുകളിലുള്ള ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ, വർദ്ധിപ്പിച്ച് കുട്ടികളെ ആകർഷിക്കുക. ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കേടു പറ്റിയവ നന്നാക്കുന്നതിനുമുള്ള തീരുമാനങ്ങൾ ആവശ്യമാണ്.

7) പൊന്നാട് പഞ്ചായത്ത് സ്കൂൾ യു.പി സ്ക്കൂളായി ഉയർത്തുകയും 5,6 വാർഡുകളെ കേന്ദ്രീകരിച്ച് ഒരു പ്രൈമറി സ്കൂളും 8, 9, 10, 11,12,8 എന്നീ വാർഡുകളെ കേന്ദ്രീകരിച്ച് മറ്റൊരു എൽ.പി.സ്കൂളും ആരംഭിക്കുക.

8) തമ്പകച്ചുവട് യു.പി സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

9) എല്ലാ വാർഡുകളിലും രണ്ട് മേഖലകളിലായി പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നതിന് സൗകര്യമുണ്ടാക്കുക.

10)എല്ലാ സ്കൂളുകളോടനുബന്ധിച്ച് വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുകയും പി.ടി.എ യുമായി യോജിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

11) പിന്നോക്കം നില്ക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗിക്കുക.

12) സ്ക്കൂളുകൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കുകയും ആയ പ്രമോഷൻ സമ്പ്രദായം ഒഴിവാക്കുകയും വേണം.

13) കലാ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നല്കി രാജ്യത്തിന് അഭിമാനകരമായി വളർത്തിയെടുക്കുക.

14) സമഗ്ര വിദ്യാഭ്യാസ പരിഷ്ക്കരണത്തിന് സ്കൂൾ കോംപ്ലക്സ് പരിപാടികൾ നടപ്പിലാക്കുക.

15) 7-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു സ്കൂൾ ആരംഭിക്കുക.


16) പഞ്ചായത്തുതല വാർഡുതല വിദ്യാഭ്യാസ വികസന സമിതികൾ രൂപീകരിച്ച് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ആകെ കുട്ടികൾ			പട്ടിക ജാതി വിദ്യാർത്ഥികൾ		
		ആൺ	പെൺ	മൊത്തം	ആൺ	പെൺ	മൊത്തം
1.	മണ്ണഞ്ചേരി ഗവ: എച്ച് .എസ്സ്	589	480	1069	32	36	68
2.	കലവൂർ ഗവ:ഹയർസെക്കന്ററി (വിഭാഗം)	450	388	838	36	42	78
3.	മണ്ണഞ്ചേരി ഗവ: യു.പി.എസ്സ് (വിഭാഗം)	379	297	676	14	7	21
4.	കലവൂർ ഗവ: യു.പി.എസ്സ്	327	283	610	40	30	70
5.	തമ്പകച്ചുവട് ഗവ: യു.പി.എസ്സ്	149	135	284	4	6	10
6.	ജ്ഞാനോദയം യു.പി.എസ്സ്	232	191	423	4	-	4
7.	ആര്യാട് നോർത്ത് ഗവ: യു.പി.എസ്സ്	124	89	213	7	4	11
8.	മണ്ണഞ്ചേരി ഗവ: യു.പി.എസ്സ് (വിഭാഗം)	313	303	616	9	8	17
9.	കലവൂർ ഗവ: എൽ.പി.എസ്സ് (വിഭാഗം)	343	323	666	11	11	22
10.	തമ്പകച്ചുവട് ഗവ: എൽ.പി.എസ്സ് (വിഭാഗം)	238	189	427	11	6	17
11	ജ്ഞാനോദയം ഗവ: എൽ.പി.എസ്സ്	145	131	276	1	3	4
12 .	ആര്യാട് നോർത്ത് ഗവ: എൽ.പി.എസ്സ് (വിഭാഗം)	158	146	304	8	8	16
13.	പെന്നാട്ട് പഞ്ചായത്ത് എൽ.പി.എസ്സ്	138	140	278	-	-	-
14	കാവുങ്കൽ പഞ്ചായത്ത് എൽ.പി.എസ്സ്	128	120	248	17	13	30
		3713	3215	6928	194	174	368

വിദ്യാഭ്യാസ നിലവാരപട്ടിക

അനുബന്ധം 3:3

സ്ക്കൂളുകൾ	30% നു താഴെ മാർക്കു ലഭിച്ചവർ	30 -40 % മാർക്കു ലഭിച്ചവർ	40-50% മാർക്കു നേടിയവർ	50-60% മാർക്കു നേടിയവർ	60% ന് മേൽ മാർക്ക് നേടിയവർ
മണ്ണഞ്ചേരി എച്ച്.എസ്സ്	47	1050	257	173	2167
പൊന്നാട് എൽ.പി.എസ്സ്	5	11	23	22	136
കാവുങ്കൽ എൽ.പി.എസ്സ്	13	20	39	28	139
തമ്പകച്ചുവട് യു.പി.എസ്സ്	30	115	82	109	484
പി.ജെ.എൽ.പി.എസ്സ്	8	10	21	22	164
പി.ജെ. യു.പി.എസ്സ്	51	180	85	31	424
ജി.എച്ച്.എസ്സ്. എൽ.പി.എസ്സ്	305	778	183	94	1463
ജി.എച്ച്.എസ്സ്. കലവൂർ	207	73	67	37	136
ആര്യാട് നോർത്ത്	27	704	104	60	377
ആകെ	931	2341	861	576	5697



പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾക്ക് പ്രധാനമായും നാം ആശ്രയിക്കുന്നത് പൊതുമേഖലയിലുള്ള ശുശ്രൂഷാ കേന്ദ്രങ്ങളെ ആകുന്നു. സ്വകാര്യ ആശുപത്രികളും കുറവല്ല. അലോപ്പതി, ഹോമിയോ, ആയുർവേദം, സിദ്ധവൈദ്യം, യുനാനി എന്നീ മേഖലകളാണ് നിലവിലുള്ളത്. ഈ മേഖലകളിലൊക്കെയും ഗവൺമെന്റ്, സ്വകാര്യ ഇടപെടലുകൾ ഉണ്ടുതാനും.

രോഗവിമുക്തമായ ഒരു ജനതയെ വളർത്തിയെടുക്കുകയാണ് ആരോഗ്യ രംഗത്ത് മുൻകൈയെടുത്ത് ചെയ്യേണ്ടത്.

പരിസര ശുചീകരണം, ശുദ്ധജലം, ശുദ്ധവായു, പോഷകഗുണമുള്ള ആഹാരം ഇവ ലഭ്യമാക്കാൻ നമുക്കു കഴിയണം. ഇതിനായി ആരോഗ്യ പരിപാലന രംഗത്തു ശ്രദ്ധചെലുത്തിയാൽ അസൂയാർഹമായ പുരോഗതി കൈവരിക്കാൻ കഴിയും.എന്നാൽ മരണനിരക്ക് കുറഞ്ഞതായും ജനന നിരക്ക് കൂടുന്നതായും സ്ഥിതി വിവരക്കണക്കുകളിലൂടെ മനസ്സിലാക്കാം ഇത് കേരളത്തെ സംബന്ധിച്ച് അത്ഭുതകരമായ പ്രതിഭാസമാണ്.

'ഉയർന്ന സാക്ഷരത,പ്രത്യേകിച്ച് സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരം, ജന്മിത്തം അവസാനിപ്പിച്ച് ഗ്രാമീണരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയത്, കുറ്റമറ്റ പൊതുവിതരണ സമ്പ്രദായം, ഗുർബ്ബല വിഭാഗങ്ങളുടെ ഉയർന്ന അവകാശബോധം, സാർവ്വത്രികവും, സൗജന്യവുമായ പൊതുജനാരോഗ്യ സംവിധാനം, എന്നിവ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഉയർന്ന സംഭാവന നല്കിയിട്ടുണ്ട്. '

(ഡോ. ബി.ഇക്ബാൽ)

എന്നാൽ വീണ്ടും രോഗങ്ങൾ വർദ്ധിക്കുന്നു. മഞ്ഞപ്പിത്തം, ക്ഷയം, വയറിളക്കം തുടങ്ങിയ ഒട്ടേറെ രോഗങ്ങളും അധികരിച്ചു. കോളറ 1949 ൽ തുടച്ചു നീക്കപ്പെട്ടു. 1952 ലെ ആരംഭംകുറിച്ച മലമ്പനി നിർമ്മാർജ്ജനവും ഉദ്ദേശിച്ച ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. എന്നാൽ അടുത്ത കാലത്തായി ഈ രോഗങ്ങൾ തിരിച്ചുവരുന്നു. എഹസലയറ്റിസ്, എലിപ്പനി തുടങ്ങിയ മാരകമായ രോഗങ്ങൾ കണ്ടുതുടങ്ങി.

1952 ൽ ആരംഭിച്ച കുടുംബാസൂത്രണ പരിപാടിയുടെ വിജയം കണ്ടുതുടങ്ങിയെങ്കിലും ലക്ഷ്യപ്രാപ്തി ഇനിയും അകലെയാണ്. പോഷകാഹാരക്കുറവ് മൂലം വളരെയേറെ രോഗാതുര വൈകല്യങ്ങൾ ഉണ്ടാകുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒന്ന് കലവൂർ വടക്ക് നാലാം വാർഡിലും, മറ്റൊന്ന് നേതാജിക്കു സമീപം 12 ാം വാർഡിലും സ്ഥിതി ചെയ്യുന്നു. ഈ സ്ഥാപനങ്ങളിൽ ആവശ്യമുള്ളത്ര ജീവനക്കാരോ, ഔഷധങ്ങളോ ഇല്ല. രോഗികളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ പോലും ഇല്ല. 4ാം വാർഡിലുള്ള ആശുപത്രിക്ക് ആവശ്യമായ സ്ഥലം പൊതുജനപങ്കാളിത്തത്തോടെ നേടിയെടുത്തു. 10 കിടക്കകളുള്ള ആശുപത്രികെട്ടിടവും പണികഴിപ്പിച്ചു. എന്നാൽ ഇന്നും രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റുന്ന യാതൊരു സംവിധാനവും ഇല്ല. പഞ്ചായത്തിന്റെ 3, 4, 5 എന്നീ വാർഡുകളിൽ തിങ്ങിപ്പാർക്കുന്നത് പിന്നോക്ക വിഭാഗത്തിൽപെട്ടവരും, ഹരിജനങ്ങളും, ദുർബല വിഭാഗക്കാരും ആകുന്നു. ഹരിജൻ കോളനി, ലക്ഷംവീട് കോളനി, ഇവയും ഈ പ്രദേശത്ത് കുറവല്ല. ഇവരുടെ ആകെ ആശ്രയം ഈ ആതുരാശുശ്രൂഷാകേന്ദ്രങ്ങൾ മാത്രമാണ്.

പഞ്ചായത്ത് 3, 4, 5 വാർഡുകളൊഴിച്ച് ശേഷിക്കുന്ന11വാർഡുകളിലേയും ജനങ്ങളുടെ ആശ്രയം നേതാജിക്ക് സമീപം 12 ാം വാർഡിൽ സ്ഥാപിച്ചിരിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രമാണ്. 5 രോഗികളെ കിടത്തി ചികിത്സിക്കാൻ പറ്റുന്ന തരത്തിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. എന്നാൽ അതിനുള്ള യാതൊരു തയ്യാറെടുപ്പും നടത്തുന്നില്ല. ജീവിതഭാരം പേറി വരുന്ന ദുർബല വിഭാഗക്കാരാണ് മേൽപ്പടി വാർഡുകളിലെ ജനങ്ങളിലധികവും രോഗം വന്നാൽ 10 കി.മീ അകലെയുള്ള മെഡിക്കൽ കോളേജിലോ 12 കി.മീ അകലെയുള്ള ജില്ലാ ആശുപത്രിയിലോ പോകേണ്ടി വരുന്നു.

ഇവ കൂടാതെ തമ്പകച്ചുവട്, കാവുങ്കൽ പൊന്നാട് മേഖലകളിൽ മാതൃ ശിശുസംരക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവേ തൃപ്തികരം അല്ലെന്നാണ് ഗ്രാമസഭകളിൽ ഉയർന്നു വന്ന അഭിപ്രായം. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെന്നപോലെ ഇവിടെയും ശുഷ്കമായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്.

മരുന്നില്ലായ്മ,ജീവനക്കാരുടെ അപര്യാപ്തത, സേവന തല്പരത ഇല്ലായ്മ ഇവയൊക്കെ ഈ രംഗം താറുമാറാക്കിയിരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പരിശോധിച്ചാൽ ജലത്തിലൂടെയും, വായുവിലൂടെയും ഉണ്ടാകുകയും, പകരുകയും ചെയ്യുന്ന രോഗങ്ങളാണധികവും എന്ന് കാണാം. പോഷകാഹരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളും കുറവല്ലതാനും.ചീഞ്ഞളിഞ്ഞ പായലും മറ്റു മാലിന്യങ്ങളും എ. എസ്സ്. കനാലിലും, തോടുകളിലും,കുളങ്ങളിലും കൊതുക് ശല്യംവർദ്ധിപ്പിക്കുന്നു. ലക്ഷം വീടുകളുടേയും, ഹരിജൻ കോളനികളുടേയും അകത്തും സമീപ പ്രദേശങ്ങളിലുമുള്ള ജലം, വിസർജ്ജ വസ്തുക്കളും മറ്റു മാലിന്യങ്ങളും കലർന്ന് ഉപയോഗശൂന്യമല്ലാതായിത്തീർന്നിരിക്കുന്നു. ഈ മേഖലകളിൽ പകർച്ച വ്യാധികൾ പിടിപെടാനുള്ള സാദ്ധ്യത തളളിക്കളയാനാവില്ല.

ആയുർവ്വേദ ആശുപത്രി മണ്ണഞ്ചേരി പഞ്ചായത്തിലോ സമീപത്തോ സ്ഥിതി ചെയ്യുന്നില്ല. 11 കി.മി. അകലെ ആലപ്പുഴ ടൗണിലെ ആശുപത്രിയാണഭേയം. പഞ്ചായത്ത് പ്രദേശത്ത് ഹോമിയോ ആശുപത്രികളില്ല. പാരമ്പര്യമായി ഈ ചികിത്സാരീതിയിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ടെന്നത് ഒഴിച്ചാൽ മറ്റ് സൗകര്യങ്ങളൊന്നും ഇല്ല. ഇവിടെ ഒരു സിദ്ധവൈദ്യശാലഗവ:ഉടമയിലുണ്ട്. 13-ാം വാർഡിൽ കണക്കൂർ ക്ഷേത്രത്തിന് സമീപം വാടകകെട്ടിടത്തിലുള്ള ഈ കേന്ദ്രത്തിൽ ഔഷധങ്ങൾ ലഭ്യമല്ല. 100 ൽ അധികം രോഗികൾ ചികിത്സക്കായി എത്തുന്നതായി കാണുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെ മാത്രം ജീവിക്കുന്ന രോഗികളായ ഇവർക്ക് ആശ്വാസം നല്കാൻ ഉതകുന്ന യാതൊരു ഔഷധവും ലഭ്യമല്ല.

പൊതു മേഖലയിൽ അലോപ്പതിയിൽ നിന്നും വ്യത്യസ്തമായി ആയുർവ്വേദം,ഹോമിയോ, സിദ്ധ ചികിത്സ, യൂനാനി എന്നിവ പരീക്ഷിച്ചു നോക്കാൻ പോലും ഈ പ്രദേശത്ത് സാദ്ധ്യമല്ല. പ്രസ്തുത ചികിത്സാ രീതികൾ ഇന്നാട്ടുകാർക്ക് അപ്രാപ്യമാണുതാനും.

ക്ഷേത്രങ്ങളോടനുബന്ധിച്ച് മാടമ്പി ഇല്ലങ്ങളിൽ കിണറുകളിലെ ജലം കുടിവെള്ളത്തിനായി ഉപയോഗിച്ചിരുന്നു എന്ന് കാണാം. എന്നാൽ പൊതുവേ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ കുടിവെള്ളത്തിനായി കുളങ്ങളേയും,പാലുകളേയും

ആയിരുന്നു ആശ്രയിച്ചിരുന്നത്. ജനവാസം വർദ്ധിച്ചതോടെ കുളങ്ങളും, ചാലുകളും മാലിന്യം കലർന്നതായി. ബ്ലോക്കുകളുടേയും, പഞ്ചായത്തുകളുടേയും ആവിർഭാവത്തോടെ പൊതു സ്ഥലങ്ങളിൽ കിണറുകളും, കുഴൽക്കിണറുകളും സ്ഥാപിച്ചു. ഈ പ്രവർത്തികൾ ശുദ്ധജലം ലഭ്യമാക്കുവാൻ കാരണമായി. തുടരെ തുടരെ തട്ടേശ ഭരണവും, ഗവൺമെന്റും ഈ രംഗത്ത് പ്രായോഗിക ഇടപെടൽ നടത്തിയിട്ടുണ്ട്. എങ്കിലും ഈ മേഖലയിലുള്ള വികസനം തൃപ്തികരമല്ല.

മണ്ണഞ്ചേരി പഞ്ചായത്തിന്റെ വേമ്പനാട്ട് കായലിനോട് ചേർന്നു കിടക്കുന്ന 6 കി. മി പ്രദേശം കുടിവെള്ളത്തിനായി കേഴുന്ന ജനങ്ങൾ അധിവസിക്കുന്നതാണ്. ചതുപ്പും, ചെളിയും നിറഞ്ഞ ഇവിടം ഉപ്പുവെള്ളത്തിന്റെ കെടുതി ആറുമാസക്കാലം അനുഭവിക്കേണ്ടി വരുന്നു. കിണർ കുഴിക്കുന്നതിനോ, കുഴൽക്കിണർ സ്ഥാപിക്കുന്നതിനോ ഇവിടം പറ്റുന്ന മേഖലയല്ല.എത്ര ആഴത്തിൽ ചെന്നാലും ശുദ്ധജലംലഭ്യമല്ല.ഉപരിതല ജലം ഉപ്പുരസം കലർന്നതാകയാൽ ഇതര ആവശ്യങ്ങൾക്ക് പോലും ജലം യോഗ്യമല്ല. തന്മൂലം 1000-ൽ അധികം കുടുംബങ്ങൾ കുടിവെള്ളത്തിനായി ഒന്ന് മുതൽ ഒന്നരക്കിലോമീറ്റർവരെ സഞ്ചരിക്കേണ്ടി വരുന്നു. ഹരിജൻ കോളനി,ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ കിണർ കുഴിച്ചാൽ കിട്ടുന്ന വെള്ളം മാലിന്യങ്ങൾ കലർന്നതാകയാൽ കുടിക്കാൻ പറ്റുന്നതല്ല.

ഇവിടെയുള്ള കിണറുകളിലെ ജലം കുടിക്കുന്നത് തടയണമെന്ന് ഗ്രാമ സഭകളിൽ നിർദ്ദേശം ഉണ്ടായി. വേമ്പനാട്ട് കായലിന്റെ സമീപ പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈനിലൂടെ വരുന്ന വെള്ള കുടിക്കാൻ ഉപയുക്തമല്ല. മണ്ണഞ്ചേരി വാട്ടർ സ്ക്കീമിൽ നിന്നും വരുന്നത് പൂർണ്ണമായും ഉപ്പുരസമുള്ളതാണെങ്കിൽ തമ്പകച്ചുവട് വാട്ടർ സ്ക്കീമിൽ നിന്നും ലഭിക്കുന്നത് പാചകാവശ്യത്തിന് പറ്റാത്തതുമാണ്.

നിലവിലുള്ള റിംഗ് കക്കൂസുകൾ നിറഞ്ഞ് കവിയുകയോ, പൊട്ടി ഒലിക്കുകയോ സാധാരണമാണ്. തന്മൂലം ജനവാസമേറിയ ഭാഗങ്ങളിൽ ആരോഗ്യ പ്രശ്നവും,കുടിവെള്ളക്ഷാമവും പ്രശ്നമാകുന്നു.

വേമ്പനാട്ട് കായലിനോട് ചേർന്നുള്ള 3 ച.കി.മി.സ്ഥലത്ത് യാതൊരിനം കക്കൂസുകളും നിർമ്മിക്കാൻ സാധ്യമല്ല. ജനങ്ങൾ മലമൂത്ര വിസർജ്ജനം ജലത്തിൽ നിർവ്വഹിക്കുന്നു. ഇത് ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു.

മണ്ണഞ്ചേരി, കലവൂർ മാർക്കറ്റുകളിൽ അശ്രദ്ധമായി കൂട്ടിയിടുന്ന ചപ്പുചവറുകളും ,ചായക്കട,ഹോട്ടൽ ഇവകളിൽ നിന്നുള്ള അവശിഷ്ടങ്ങളും, മലിന ജലവും അന്തരീക്ഷത്തെ മലീമസമാക്കുന്നുണ്ട്.

ശുചീകരണം,ആരോഗ്യ പരിപാലനം,പോഷകാഹാരം എന്നിത്യാദികാര്യങ്ങളിലുള്ള അറിവ് ജനങ്ങൾക്ക് തുലോം കുറവാണ്.തന്മൂലം അശ്രദ്ധമായ ജീവിതം നയിക്കുന്നു. ഹൈന്ദവരുടെ ശവസംസ്കാരം കോളനി പ്രദേശങ്ങളിൽ ഗുരുതരമായ പ്രശ്നമായി ഉയർന്നു വന്നിരിക്കുന്നു. എല്ലാവിധ കോളനികളിലും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലും പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണേണ്ടത് അനിവാര്യമാണെന്ന് എല്ലാ ഗ്രാമ സഭകളിലും ചർച്ചാവിഷയമായി.

<u>പരിഹാര മാർഗ്ഗങ്ങൾ</u>

1) ഒരു വീടിന് ഒരു കിണർ എന്ന പദ്ധതി ലക്ഷ്യം വീട്, ഹരിജൻ കോളനി, വേമ്പനാട്ട് കായലിനോട് ചേർന്ന 6 കി. മി ഭാഗം ഇവിടെ ഒഴിച്ചുള്ള ഭാഗങ്ങളിൽ നടപ്പിലാക്കണം. പൊതു കിണറുകൾ ഉപയോഗയോഗ്യമാക്കണം. ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് സൗജന്യ നിരക്കിലും ഈ പദ്ധതി നടപ്പിലാക്കണം.

2) പഞ്ചായത്തിലെ 1,2,7,13,14 വാർഡുകളുടെ കിഴക്കൻ മേഖലയിൽ വേനൽക്കാലത്ത് സപ്ലൈ ചെയ്യുന്ന കുടിവെള്ളം ഒരു സമഗ്ര പദ്ധതിയായി വിപുലീകരിക്കണം.

3) ടി. വാർഡുകളുടെ പടിഞ്ഞാറൻ മേഖലയിൽ ശുദ്ധജലം ലഭ്യമാണ്. ചെറിയ സ്ക്കീമുകൾ തയ്യാറാക്കി ഇവിടുത്തെ ജലം കിഴക്കൻ മേഖലയിൽ വിതരണം ചെയ്യണം.

4) എല്ലാ വീടുകളുടേയും 50 മീറ്ററിൽ കൂടാത്ത അകലം വരെ പൈപ്പ് വെള്ളം എത്തിക്കണം. നിലവിലുള്ള മണ്ണഞ്ചേരി വാട്ടർ സപ്ലൈ സ്ക്കീമിന്റെ പ്രവർത്തനം നിർത്തി വെയ്ക്കണം. ശുദ്ധ ജലം ലഭിക്കുന്ന സ്രോതസ്സ് കണ്ടുപിടിച്ച് ആ മേഖലയിൽ പമ്പ്ഹൗസും, കിണറും സ്ഥാപിക്കണം. ലക്ഷംവീട് കോളനി, ഹരിജൻ കോളനി ഇവിടങ്ങളിൽ പൈപ്പുവെള്ളം എത്തിക്കണം. 3,4 , 5, 6, 8, 9, 10, 11, 12 വാർഡുകളിൽ പമ്പ് ഹൗസുകൾ നിർമ്മിച്ച് കുടിവെള്ള പ്രശ്നം സ്ഥായിയായി പരിഹരിക്കണം.

5) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയം പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ സ്റ്റാഫും,ഔഷധങ്ങളും മറ്റ് പ്രാഥമിക സൗകര്യങ്ങളും ലഭ്യമാക്കണം. 12- ാം വാർഡിലുള്ള നേതാജി ആശുപത്രിയിൽ 20 കിടക്കകൾ ആക്കി ഉയർത്തുകയും വളവനാട്,നേതാജി ഇവിടങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന സമ്പ്രദായം ആരംഭിക്കുകയും വേണം. അപ്രകാരം ഈ രംഗത്തുള്ള സ്വകാര്യ കടന്ന് കയറ്റവും,ചൂഷണവും അവസാനിപ്പിക്കണം.

6) നോക്കുകുത്തികളായി മാറിയിരിക്കുന്ന മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുകയും 2 വാർഡിന് ഒരു കേന്ദ്രം എന്ന നിലയിൽ പുന:സംവിധാനം ചെയ്യുകയും വേണം

7) നിലവിലുള്ള ഫീഡിംഗ് സെന്ററുകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ അവലോകനം ചെയ്യണം. ഇന്നത്തെ സെന്ററുകളുടെ പ്രവർത്തന മാന്ദ്യവും, കൃത്യനിഷ്ഠയില്ലാത്ത രീതിയും അവസാനിപ്പിക്കണം. ഒരു വാർഡിന് രണ്ട് ഫീഡിംഗ് സെന്റർ എന്ന രീതിയിൽ പുന:സംവിധാനം ചെയ്യണം.

8) എ. എസ്സ്. കനാലിലേയും മറ്റ് ജലാശയങ്ങളിലേയും പുല്ലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യണം.

9) ദുർബ്ബല വിഭാഗങ്ങളുടെ ഒരു വീടിന് ഒരു കക്കൂസ് എന്ന പദ്ധതി നടപ്പിലുക്കുന്നതോടെ കക്കൂസുകൾ സ്ഥാപിക്കുന്നതിന് പ്രാദേശികമായി 'പാറ്റേൺ' മാറ്റുന്ന രീതി നടപ്പിലാക്കണം.

10) വെള്ളക്കെട്ട് പ്രദേശത്ത് സ്ഥാപിക്കുന്നതിന് ഭൂമിക്കു മുകളിൽ സ്ഥാപിക്കുവാൻ പറ്റുന്ന മൊബൈൽ സെപ്റ്റിക്ക് ടാങ്ക് പ്രചാരത്തിൽ കൊണ്ടുവരണം.

11) ഓരോ മാർക്കറ്റിനും സമീപം പാഴ്വസ്തുക്കൾ ശേഖരിച്ച് കംപോസ്റ്റ് വളം നിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

12) മണ്ണഞ്ചേരി കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ആശുപത്രിയും തമ്പകച്ചുവട് കേന്ദ്രീകരിച്ച് ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം. നിലവിലുള്ള സിദ്ധവൈദ്യാശുപത്രിയിൽ ഔഷധങ്ങൾ ലഭ്യമാക്കണം.

13) അടഞ്ഞ് പോയ തോടുകൾ പുന:സ്ഥാപിച്ചു കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കികളയണം.

14) ജനവാസം കുറഞ്ഞ പ്രദേശങ്ങളിലോ വേമ്പനാട്ട് കായലിന്റെ ഒരു ഭാഗ നികത്തിയോ ഒരു പൊതുശ്മശാനം സ്ഥാപിക്കണം.

15) ചകിരി ബ്ലീച്ച് ചെയ്യുന്ന ജലം സുരക്ഷിതമായ ടാങ്കുകൾ കെട്ടി നിർവ്വഹിക്കണം.

16) ഗുണ മേന്മയുള്ള മാടുകളേയും മറ്റും വളർത്തി ഇറച്ചിക്കൂടുതൽ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

17) സഹകരണ മേഖലയിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

18) മണ്ണഞ്ചേരി മാർക്കറ്റ് ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിലെ മലിനജലം ഒഴുക്കി കളയുന്നതിന് സഹായകരമായി കാണകെട്ടുന്നതിനുള്ള പദ്ധതി ഉണ്ടാവണം.

19) കലവൂരിലുള്ള കാനയുടെ വീതികൂട്ടണം.

20) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കാര്യക്ഷമമാക്കണം. ■

ശുദ്ധജല വിതരണം - വിവരപ്പട്ടിക
(ജല ഉപയോഗം)

അനുബന്ധം 4:1

ക്രമ നമ്പർ	വാർഡു നമ്പർ	പൊതു പൈപ്പുകൾ	സ്വകാര്യ കിണർ കുഴൽകിണർ ഉൾപ്പടെ	പൊതു കിണർ	വാട്ടർ സപ്ലൈ സ്കീമുകൾ	വാട്ടർ ടാപ്പുകൾ
1	1	11	60	8	1	21
2	2	20	110	10	1	23
3	3	22	80	13	1	7
4	4	15	100	20	1	14
5	5	17	105	10	1	1
6	6	24	126	11	1	12+1
7	7	12	88	11	2	37
8	8	17	90	9	2	6
9	9	10	68	7	2	19
10	10	10	55	11	1	11
11	11	16	70	6	1	9
12	12	12	70	15	1	16
13	13	11	120	12	1	29
14	14	12	126	15	1	30
		209	1271	158		235

പകർച്ച വ്യാധികൾക്കാധാരമായ സ്ഥിതി വിവരങ്ങൾ

അനുബന്ധം. 4:2

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
93-94	209	61	3	7
94-95	287	69	5	18
95-96	267	87	6	14

(മണ്ണഞ്ചേരി, കലവൂർ, പ്രാഥകിമാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച
സ്ഥിതിവിവരക്കണക്കുകൾ 1000- നുള്ള അനുപാതത്തിൽ)



വ്യവസായം

വ്യവസായങ്ങളുടെ കാര്യത്തിൽ മണ്ണഞ്ചേരി പഞ്ചായത്ത് പ്രദേശം പിന്നോക്കമാണ്. കേന്ദ്ര മേഖലയിലും സംസ്ഥാന മേഖലയിലും യാതൊരു വ്യവസായ സംരംഭവും ഇവിടെ നടത്തിയിട്ടില്ല.കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കയർബോർഡിന്റെ ഒരു സ്ഥാപനമാണ് ഇവിടെ ഉള്ളത്. സ്വകാര്യയുടമയിൽ എടുത്തുദ്ധരിക്കാൻ പറ്റുന്ന ഏക സ്ഥാപനം കേരള സ്പിന്നേഴ്സ് മാത്രമാണ്. മൊറാർജി കെമിക്കൽസും, ഫോർമാലിൻ ഫാക്ടറിയും വളരെ പ്രതീക്ഷയോടെയാണ് സ്വകാര്യമേഖലയിൽ സ്ഥാപിക്കപ്പെട്ടത്.ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രായോഗിക ഇടപെടൽ ഉണ്ടായിരുന്നെങ്കിലും പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമല്ലാതെ അടഞ്ഞുകിടക്കുന്നു.ധനകാര്യസ്ഥാപനത്തിന്റെ കടം തിരിച്ചടക്കുന്നതിന് വീഴ്ച വരുത്തിയതിനാൽ ഫോർമാലിൻ ലേലം ചെയ്ത് കെട്ടിടങ്ങൾ പൊളിച്ചു വിറ്റുകൊണ്ടിരിക്കുന്നു.

സ്ഥല നിർണ്ണയ്ക്ക് വ്യവസായത്തിൽ രണ്ടാം സ്ഥാനം മാത്രമേ ഉള്ളു.എന്നാൽ മറ്റു ഭൗതീക സാഹചര്യങ്ങൾ അനുഗുണമായിരിക്കണം.വനവിഭവങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം പ്രായോഗികമല്ലെന്ന് കണ്ടു. ധാതു സമ്പത്തുകൾ ഉപയോഗിച്ച് വ്യവസായം നടത്തുന്നതിനുള്ള സാഹചര്യം ഇല്ല.

മനുഷ്യശക്തിയിൽ കേരളാടിസ്ഥാനത്തിൽ പരിശോധിച്ചാൽ 50% പ്രഥമ മേഖലയായ കാർഷിക മേഖലയിലും 20% ദ്വിതീയ മേഖലയായ വ്യവസായത്തിലും 30% തൃതീയ മേഖലയായ സേവന മേഖല തുടങ്ങിയവയിലും ആണെന്ന് പറയാം. കാർഷിക മേഖലയിൽ ആദായകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ബുദ്ധിമുട്ടും തൃതീയ മേഖലയുടെ പെരുപ്പവും അഥവാ തള്ളിക്കയറ്റവും കണക്കിലെടുത്താൽ തൊഴിൽ രഹിതരായ സിംഹഭാഗം ആൾക്കാരേയും വ്യവസായ മേഖലയിൽ ഉൾക്കൊള്ളിക്കേണ്ടിവരും.

നമ്മുടെ പ്രദേശത്തിന് അനുയോജ്യമായതു പരമ്പരാഗത വ്യവസായങ്ങളാണ്. ആധുനികവത്ക്കരണത്തിലൂടെ സംപുഷ്ടമാക്കേണ്ടതാണിത്. കയർ, ഖാദി ഗ്രാമ വ്യവസായങ്ങൾ

മറ്റ് ചെറുകിട വ്യവസായങ്ങളും ഇവ നമ്മുടെ പ്രദേശത്ത് കേന്ദ്രീകരിച്ച് നടത്താവുന്നതാണ്.

കയർ

ഈ പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ടതും, പരമ്പരാഗതമായതും കയർ വ്യവസായമാണ്. കയറും കയർ ഉത്പ്പന്നങ്ങളുമാണ് ഇവിടെ നിർമ്മിച്ച് കൊണ്ടിരിക്കുന്നത്. അവിഭക്ത പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന ആസ്പിൻവാൾ കമ്പനിയും ഇപ്പോഴത്തെ മണ്ണഞ്ചേരി പഞ്ചായത്ത് അതിർത്തിക്കുള്ളിലായിരുന്ന ബോംബേ കമ്പനി, പിയേഴ്സ്ലെസ്ലി എന്നിവ വിദേശ കമ്പനികളും പി.സി.മാത്യൂ ആന്റ് സൺസ്,ബൗഡൻ കമ്പനി എന്നിവ തദ്ദേശിയരുടേയും ആയിരുന്നു. ഇന്നത്തെ കയർ ബോർഡ് പ്രവർത്തിക്കുന്നത് പഴയ ബോംബെ കമ്പനിയുടേയും, പിയേഴ്ലെസ്ലിയുടേയും സ്ഥാനത്താകുന്നു. മണ്ണഞ്ചേരി പാലത്തിന് കിഴക്കുവശം തോടിന്റെ ഇരുകരകളിലുമായി തദ്ദേശിയരുടെ രണ്ട് വൻകിട കയർ ഫാക്ടറികളും സ്ഥാപിച്ചിരുന്നു.

1.പി.സി.മാത്യൂ ആന്റ് സൺസ് 2.ബൗഡൻ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് കമ്പനി, ഇവയിൽ പി.സി.മാത്യൂ ആന്റ് സൺസ് കത്തി നശിച്ചു. ബൗഡൻ മാറ്റ്സ് ആന്റ് മാറ്റിഗ്സ് ഇപ്പോൾ ആലപ്പുഴയിൽ പ്രവർത്തിക്കുന്നു. കയർ വ്യവസായം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന തൊഴിലാളികളും ജോലി നഷ്ടപ്പെട്ട് ദുരിതത്തിലുമായി. ഭൂ പരിഷ്ക്കരണം നടപ്പിലാകുന്ന കാലഘട്ടം കൂടിയായിരുന്നു ഇത്. തൊഴിൽ നഷ്ടപ്പെട്ട കുടുംബങ്ങളും ഉത്പന്നങ്ങളും നിർമ്മിക്കാൻ ആരംഭിച്ചു. ഇതോടെ കയർ വ്യവസായം വികേന്ദ്രീകരിക്കപ്പെടുകയും ഒരു കുടിൽ വ്യവസായമായി രൂപം പ്രാപിക്കുകയും ചെയ്തു. 2 മുതൽ 6 വരെയുള്ള തറികളും നിർമ്മിച്ച് കയറുത്പ്പന്നങ്ങളായ തടുക്ക്, പായ് എന്നിവ ഉത്പാദിപ്പിക്കാൻ തുടങ്ങി.കയർ,ചകിരി,ചണം എന്നിവയാണ് അസംസ്കൃത വസ്തുക്കൾ. ചായം തുടങ്ങിയ കെമിക്കലുകളും ഉപയോഗിച്ച് വരുന്നു. ഉത്പന്നങ്ങളിൽ സിംഹഭാഗവും കയറ്റി അയയ്ക്കുകയാണ്. കേരളത്തിൽ കയർ വ്യവസായത്തിന്റെ പ്രാധാന്യത്തെ കണക്കിലെടുത്തു ആലപ്പുഴ കേന്ദ്രമായി 1969-ൽ കയർ കോർപ്പറേഷൻ രൂപികരിച്ചു. കേന്ദ്ര മേഖലയിലുള്ള കയർ ബോർഡിന്റെ സേവനവും ഈ മേഖലയ്ക്ക് ഉത്തേജനം നല്കുന്നു.

അസംസ്കൃത സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് പ്രശ്നമാണ്. ഉത്പ്പന്നങ്ങളും വിറ്റഴിക്കുന്നതിന് ഇടത്തട്ടുകാരെ ആശ്രയിക്കേണ്ടി വരുന്നതും വ്യവസായ മാന്ദ്യം ഉണ്ടാക്കുന്നു. ഈ രംഗത്ത് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന തർക്കങ്ങളും ആരോഗ്യകരമല്ല. തുടരെത്തുടരെ ഉള്ള ഗവണ്മെന്റിന്റേയും ബന്ധപ്പെട്ട മറ്റുള്ളവരുടേയും ഇടപെടലുകളും പ്രശ്നത്തിന് പരിഹാരം കാണുവാൻ ആവശ്യമാണ്.

ഒരു വൻകിട വ്യവസായശാലയായ കേരളാ സ്പിന്നേഴ്സ് ഇവിടെ പ്രവർത്തിക്കുന്നു. എന്നാൽ പ്രാദേശികമായ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിയുന്നില്ല. ഇടത്തരം വ്യവസായങ്ങളുടെ പട്ടികയിൽ എൻ. സി.ജോൺ ആൻറ് സൺസിന്റെ സഹോദര സ്ഥാപനമായ ഇഡ്യൻ കയർ മാറ്റ്സ് കമ്പനി ഇവിടെ 11ാം വാർഡിൽ സ്ഥിതിചെയ്യുന്നു.

പാം ഫൈബർ എന്ന മറ്റൊരു സ്ഥാപനം കയർ മേഖലയിൽ പ്രവർത്തിക്കുന്നു. കയർ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ പിൻനിരയിലല്ലാത്തകേന്ദ്രങ്ങളാണ് ഇവ. ഡി.സി. മിൽസ്, നീഗൽ ഷിയറിങ്ങ് ഫാക്ടറി, മാതാ കയർ വർക്സ്, എന്നിവ കയർ മേഖലയിലുള്ളവയും,ടർബോ,ജ്യോതിപോളിമർ ഇൻഡസ്ട്രീസ് എന്നിവ റബ്ബർ മേഖലയിലും പ്രവർത്തിക്കുന്നു.

500 ലധികം ചെറുകിട കയർ ഫാക്ടറികളിലായി 2000 ത്തിലധികം തൊഴിലാളികളാണ്നേരിട്ടും അത്രയും തന്നെ ആളുകൾ പരോക്ഷമായും പണിയെടുക്കുന്നു. ഇതിന് ആവശ്യമായ അസംസ്കൃത വിഭവങ്ങൾ സംസ്ഥാനത്തിന്റെ അകത്തും, പുറത്തും നിന്നും സംഭരിക്കുന്നു.

വേമ്പനാടു കായലിൽ നിന്ന് ലഭിക്കുന്ന കറുത്തകക്കയും,വെളുത്തകക്കയും നീറ്റി കുമ്മായം ആക്കി സിമൻറ്, വളം,ടൈറ്റാനിയം ഡയോക്സൈഡ്, പെയിൻറ് തുടങ്ങിയവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. എന്നാൽ വേമ്പനാടു കായലിൽ നിന്ന് ലഭിക്കുന്ന കക്ക സംസ്ക്കരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും നിലവിലില്ല. സ്വകാര്യ സ്ഥാപനങ്ങളും ഉള്ളവ തന്നെ പരിമിതമായ രീതിയിൽ മാത്രമേ സംസ്കരിക്കുന്നുള്ളു.

സ്ത്രീകളുടെ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് ഉതകുന്ന കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കാൻ കഴിയും. തൊഴിലും, വ്യവസായങ്ങളും പരസ്പര പൂരകങ്ങളാണ്.

വ്യവസായ അഭിവൃദ്ധി തൊഴിൽ മേഖലയിലും ശക്തമാകും . ഇത് മൂലം സാമാന്യ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയും.ഹരിജനങ്ങളുടെ ഉദ്ധാരണത്തിനായി സ്ഥാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് സെൻററിൻെറ പ്രവർത്തനം തൃപ്തികരമല്ല.

<u>പരിഹാര മാർഗ്ഗങ്ങൾ</u>

1) കയർ വ്യവസായത്തിന് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുന്നതിന് പഞ്ചായത്തു പ്രദേശത്ത് . ആവശ്യമായ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. പ്രദേശത്ത് 1680 തറികൾ ഉള്ളതായി കണക്കാക്കുന്നു. ഇവയുടെ പ്രവർത്തനത്തിന് ഉദ്ദേശം 400 കിൻറൽ ചകിരിയും 300 കിൻറൽ കയറും 20 കിൻറൽ ചണവും ഒരു മാസത്തെ ആവശ്യത്തിനുമാത്രമായി വേണ്ടിവരും.

2) ഉത്പാദിപ്പിക്കുന്നവശേഖരിച്ച് ആഭ്യന്തരവും വൈദേശികവുമായ വിപണിയിൽ എത്തിക്കാൻ മതിയായ മൂലധനത്തോടെ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ഇന്ന് ഈ ഭാഗത്തുള്ള കയർ കോർപ്പറേഷനും കയർ ഫെഡ്സും ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡും ഉത്പന്നങ്ങൾ മുഴുവനും ശേഖരിക്കുവാൻ ഉതുകുന്നുവയല്ലാ. തന്മൂലം സ്വകാര്യവ്യക്തികൾ കൂടുതലായി കടന്നുവരികയും ഇടത്തട്ടുകാർ വർദ്ധിക്കുകയും ചെയ്യുന്നു.

3) വേമ്പനാട്ട് കായലിൽ നിന്നു ലഭിക്കുന്ന കക്ക സംസ്ക്കരിക്കുന്നതിന് ഈ പഞ്ചായത്തിൻെറ കിഴക്കൻ മേഖലകേന്ദ്രീകരിച്ച് പൊതു മേഖലയിൽ ഒരു ഫാക്ടറി ആരംഭിക്കണം.

4) ചെറുകിട കയർ ഫാക്ടറികളെ സഹായിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ടു വരേണ്ടത് ആവശ്യമാണ്. ഇവരിൽ പെട്ട ദുർബലവിഭാഗങ്ങൾക്ക് ഉപാധിരഹിത ദീർഘകാല വായ്പകൾ അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കണം.

5) മണ്ണഞ്ചേരി പഞ്ചായത്തിൽ ഹോളോ ബ്രിക്സ് നിർമ്മാണം ആധുനിക രീതിയിൽ പൊതുമേഖലയിൽ ആരംഭിക്കണം. ഗൃഹ നിർമ്മാണം ലാഭകരമാക്കുന്ന ഈ പദ്ധതി പഠന വിഷയമാക്കുകയും നടപ്പിലാക്കുകയും വേണം.

6) 8-ാം വാർഡിൽ നിലവിലുള്ള നവോത്ഥാന സമിതിയുടെ ചുവടുപിടിച്ചുള്ള കുടിൽ വ്യവസായങ്ങളും തൊഴിൽ സംരംഭങ്ങളും മറ്റു വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കണം. തഴപ്പായ് നെയ്ത്ത്,പുൽതടുക്ക്,ഭക്ഷ്യവസ്തുക്കൾ എന്നിവ നിർമ്മിച്ച് വ്യാണിജ്യാടിസ്ഥാനത്തിൽ വിതരണം ചെയ്യണം. കൈത ഓല ഉപയോഗിച്ച് കേരളത്തനിമ നിലനിർത്തികൊണ്ടുള്ള പുട്ടിൽ,തലയിണ,ഇരിക്കത്തട,,വെറ്റില പാത്രം തുടങ്ങിയ കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കണം . സ്ത്രീകളുടെ ഇടയിലുള്ള തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ ഇത് സഹായകരമാകുന്നു.

7)തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ ഉൾപ്പെടുത്തി റെഡിമേയ്ഡ് നിർമ്മിക്കുന്ന ഒരു സഹകരണ സ്ഥാപനം സ്ഥാപിക്കാൻ കഴിയണം .പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ പ്രീ - പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി ഈ വിഭാഗങ്ങളിലായി 4500 വിദ്യാർത്ഥികൾ യൂണിഫോറം ആവശ്യമായ വയാണ്. 20 ലക്ഷം രൂപാ ഓരോ വർഷവും യൂണീ ഫോറത്തിനായി മുടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.വിപുലമായഒരു സഹകരണസംഘം രൂപീകരിച്ച് യൂണീഫോറം നിർമ്മിച്ച് വിതരണംചെയ്യണം.റെഡീമേയ്ഡ് വസ്ത്രങ്ങൾ സമൂഹത്തെ സ്വാധീനിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. പ്രസ്തുത സഹകരണസംഘത്തിലൂടെ ഗുണമേൻമയുള്ള വസ്ത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.ഒരു കോടിയിലധികം മൂല്യമുള്ള റെഡിമേയ്ഡ് വസ്ത്രങ്ങൾ ഈ പ്രദേശത്തുള്ളവർ ആണ്ടിനാൽ ഉപയോഗിക്കുന്നു എന്നാണ് കണക്ക്. അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചിരിക്കുന്ന ഈ വ്യവസായം പ്രാദേശിക തലത്തിൽ രൂപപ്പെടുത്താൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും. സ്ക്കൂൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

8) നാളികേര സംസ്കരണമാണ് മണ്ണഞ്ചേരിയിൽ കേന്ദ്രീകരിച്ചിരിക്കുന്ന മറ്റൊരു പരമ്പരാഗത വ്യവസായം. സ്വകാര്യ മേഖലയിൽ മാത്രം പ്രവർത്തിക്കുവാൻ കഴിയുന്നവ്യവസായമാണ് ഇതെന്ന് പ്രായോഗ്യക ദൃഷ്ടിയിൽ ബോധ്യവുമാണ്. എന്നാൽ പുതുതായി ഈ രംഗത്തേയ്ക്ക് കടന്നു വരുന്നവർ സാമ്പത്തികമായി നഷ്ടം നേരിട്ടു വരുന്നു.നിലവിലുള്ളവരേയും പുതുതായി വരുന്നവരേയും വ്യാവസായികാടിസ്ഥാനത്തിൽ സഹായിക്കാൻ മണ്ണഞ്ചേരിയിൽ പ്രവർത്തിക്കുന്ന

ഫെഡറൽ ബാങ്ക് മുന്നോട്ട് വരണം. സേറ്റ്റ്റ് ബാങ്കിന്റെ ഒരു ശാഖകൂടി മണ്ണഞ്ചേരിയിൽ ആരംഭിക്കണം. വ്യവസായിക വായ്പകളുടെ പരിധിയിൽ ഉൾപ്പെടുത്തി വായ്പകൾ കൊടുത്താൽ ഈ വ്യവസായം അഭിവൃദ്ധപ്പെടാൻ സാധ്യത ഏറെയാണ്. വളരെ വിപുലമായി പ്രവർത്തിക്കുന്ന ഈ മേഖലയിൽ കേരഫെഡിന്റെ കീഴിൽ കൊപ്രാ സംഭരണ കേന്ദ്രവും സംസ്കരണ കേന്ദ്രവും ആരംഭിക്കുന്നത് നല്ലതാണ്. ഇതിന് ബാങ്കുകൾ സഹായിക്കണം.

9) ഇവിടെ പ്രവർത്തിക്കുന്ന സെൻട്രൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുറത്തുവരുന്ന വനിതകൾക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുവാനുതുകുന്ന തരത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. ■



മണ്ണഞ്ചേലി ഗ്രാമ പഞ്ചായത്ത്

കയർ - കൊപ്രാ വ്യവസായ മേഖല സ്ഥിതി വിവരക്കണക്ക്

വാർഡു നമ്പർ	തറികം	തൊഴിലാളികം		പായ് തറികം	തടുക്ക് തറികം	കമ്പി കാർപ്പറ്റ് തറികം	നാളികേര സംസ്ക്കരണ കേന്ദ്രങ്ങം	തൊഴിലാളികം	
		പുരുഷൻമാർ	സ്ത്രീകം					പുരുഷൻമാർ	സ്ത്രീകം
1	14	14	5		14		5	82	5
2	24	24	8		24		18	182	24
3	79	67	4	20	55	4			
4	71	78	32	28	23	20			
5	66	38	23	30	28	8	1	8	2
6	32	32	8		32		6	76	18
7	36	36	10		36		10	160	20
8	178	178	54		178		5	57	15
9	123	123	41		123				
10	214	138	73	28	182	4			
11	320	340	102	10	310				
12	96	96	31		96		1	8	2
13	89	98	30	9	80		2	18	4
14	338	345	36	12	326				
	168	1707	457	137	1507	36	48	591	90

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു വ്യവസായങ്ങളുടെ സ്ഥിതി വിവര കണക്ക്

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര്	ഉല്പന്നത്തിന്റെ സ്വഭാവം	തൊഴിലാളികം		ഓഫീസ് സ്റ്റാഫ്	മൊത്തം	റിമാർക്സ്
				പുരുഷന്മാർ	സ്ത്രീകം			
1	14	കേരളാ സ്പിന്നേഴ്സ്	നൂൽ നിർമ്മാണം	908	65	127	1,100	
2	10	പാം ഫൈബർ	കയർ ഉല്പന്നം	4	1	14	19	
3	4	മൊറാർജി കെമിക്കൽസ്	കെമിക്കൽസ്					പൂട്ടി കിടക്കുന്നു
4	10	ടർബോ റബ്ബർ വർക്സ്	റബ്ബർ ചെരുപ്പുകം	26	0	3	29	
5	8	ജ്യോതി പോളിമേഴ്സ്	റബ്ബർ ഷീറ്റ്, ചെരിപ്പ്	5	0	0	5	
6	3	ഡി.സി.മിൽസ്	കയർ ഉല്പന്നങ്ങം					പ്രവർത്തനം തുടങ്ങിയില്ല
7	4	നീഗൽ ഷിയറിങ്ങ് ഫാക്ടറി	കയർ ഉല്പന്നങ്ങം	6	2	3	11	
8	2	ഖാദി ഗ്രാമ വ്യവസായ കേന്ദ്രം	നൂൽ നൂൽപ്		15	1	16	15 Nos Trainees
9	10	മാതാ കയർ വർക്സ്	കയർ ഉല്പന്നങ്ങം					പ്രവർത്തനം നിലച്ചു
10	3	ജയാ ഇന്റസ്ട്രീസ്	ഹോളോ ബ്രിക്സ്	3	5	1	9	
11	7	ഹിന്ദുസ്ഥാൻ കയർ ഇന്റസ്ട്രീസ്	കയർ ഉല്പന്നങ്ങം	49	1	12	62	
12	2	നാഷണൽ കയർ ട്രയിനിംഗ് & ഡിസൈനിംഗ് സെന്റർ	ഡിസൈനിംഗ് & ട്രയിനിങ്ങ്	0	0	20	20	
13		കക്കാ സംസ്ക്കരണ യൂണിറ്റുകം (18)	കുമ്മായം ഉല്പാദിപ്പിക്കുക	249	67	18	334	
		നാളികേര സംസ്ക്കരണ സ്ഥാപനങ്ങം (48)	നാളികേരം കൊപ്രാ ആക്കുക	1707	457		2164	
		ചെറുകിട കയർ ഫാക്ടറികം (505)	കയർ ഉല്പന്നങ്ങം					
14	5	കൈരളി അലൂമിനിയം ഫാക്ടറി	അലൂമിനിയം പാത്രങ്ങം	4	3	1	8	
15	10	ജാൺസൺ സെയ്ലേഴ്സ്	കയർ ഉല്പന്നങ്ങം	3	1	1	5	
16	10	എസ്.ഡി.ഫാർമസി ഉല്പാദന കേന്ദ്രം	മെഡിസിൻ					പ്രവർത്തനം ആരംഭിച്ചില്ല
17	10	പ്രഭു ഷിയാട്രെ ഫാക്ടറി	റബ്രൈസ്ഡ്	6		1	7	
18	9	സി.സി.ആർ.ഐ	ട്രയിനിങ്ങ്			62(3)	62	



ഗതാഗതവും ഊർജ്ജവും

1948 - ൽ വില്ലേജ് യൂണിയൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച വിവരം ആമുഖമായി സൂചിപ്പിച്ചുവല്ലോ.ഈ കാലയളവിൽ മണ്ണഞ്ചേരി വളളക്കടവിനുണ്ടായിരുന്ന പ്രാധാന്യം കുറച്ചു കാണുന്നതു ശരിയായിരിക്കുകയില്ല.

മണ്ണഞ്ചേരിയിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന നാളികേര സംസ്കരണ വ്യവസായത്തിനാവശ്യമായ നാളികേരം കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുപോലും ലഭ്യമാക്കിയിരുന്നു. ജലഗതാഗതമായിരുന്നു നിലനിന്നിരുന്നത്. വലിയ വളളങ്ങളിൽ കൊണ്ടുവന്നിരുന്ന നാളികേരം പൊതിച്ച് അട്ടികളങ്ങളിൽ (നാളികേര സംസ്കരണ സ്ഥലം) എത്തിച്ചിരുന്നു. ഇന്നും സ്മരണകൾ നിലനിർത്താനെന്നോണം ചില വളളങ്ങളിൽ നാളികേരം എത്തിച്ചേരാറുണ്ട്.

കലവൂർ മാർക്കറ്റ് മണ്ണഞ്ചേരി തോടുമായി ബന്ധപ്പെട്ടുകിടന്നിരുന്നു. കലവൂർ മാർക്കറ്റിലേക്ക് ആവശ്യമായ എല്ലാ വില്പ്പന സാധനങ്ങളും മണ്ണഞ്ചേരി കടവിലാണ് എത്തിക്കോണ്ടിരുന്നത്. വള്ളങ്ങളിൽ എത്തിച്ചേരുന്ന പ്രസ്തുത വസ്തുക്കൾ കലവൂർ, കാട്ടൂർ എന്നിവിടങ്ങളിലേക്ക് തലച്ചുമടായും , രണ്ടു കാളകളെ കെട്ടിയ വണ്ടികളിലും കൊണ്ടുപോയിരുന്നു.

കലവൂർ കാട്ടൂർ പ്രദേശത്തേയ്ക്ക് കേന്ദ്രീകരിച്ചിരുന്ന തലച്ചുമടായി സാധനങ്ങൾ കൊണ്ടുപോകുന്നവർക്ക് പരസഹായമില്ലതെ ചുമടിറക്കി വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തു. തണൽ വൃക്ഷങ്ങളോടു ചേർന്ന് ചുമട് താങ്ങികളും സ്ഥാപിച്ചു. മണ്ണഞ്ചേരിയിൽ സംസ്കരിക്കുന്ന കൊപ്രാ ഇന്നത്തെപ്പോലെ തന്നെ വിറ്റഴിച്ചുകൊണ്ടിരുന്നത് ആലപ്പുഴയിലാണ്. മണ്ണഞ്ചേരിയിൽ നിന്നും വളളങ്ങളിലാണ് കൊപ്രാ വ്യവസായ കേന്ദ്രമായ ചുങ്കത്ത് എത്തിച്ചുകൊണ്ടിരുന്നത്. ചില മേഖലകളിൽ ഈ സമ്പ്രദായം തുടരുന്നതായി കാണുന്നു. കാട്ടൂർ തുടങ്ങിയ കടൽ തീരങ്ങളിൽ നിന്നും കലവൂർ, മണ്ണഞ്ചേരി മാർക്കറ്റിലേക്ക് മത്സ്യം എത്തിച്ചുകൊണ്ടിരുന്നത് തലച്ചുമടായും തണ്ടായത്തിൽ താങ്ങിയുമായിരുന്നു. (രണ്ടറ്റം നേർത്ത ദണ്ഡിൽ കുട്ടകം തൂക്കിയിട്ട് മദ്ധ്യ ഭാഗം തോളിൽ വെച്ചുകൊണ്ട് വരുന്ന പ്രക്രീയ) ചുരുക്കത്തിൽ കാളവണ്ടിയുഗംഎന്ന് ആക്ഷേപിച്ചു പറയുന്ന കാലം നമ്മുടെ പ്രദേശത്ത് മറഞ്ഞിട്ട് അധികവർഷങ്ങൾ ആയെന്നു പറയാൻ പറ്റുകയില്ല. കാളവണ്ടികളോടൊപ്പം എത്തിച്ചേർന്നതും

പ്രചാരത്തിൽ ഇരുന്നതുമാണ് തള്ളുവണ്ടി.

സാങ്കേതികവിദ്യയുടെ നേട്ടങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ പരിഷ്ക്കാരങ്ങളും ഗ്രാമീണ ജനങ്ങൾക്ക് പ്രാപ്യമാകാൻ വർഷങ്ങളെടുത്തു 953 ൽ മണ്ണഞ്ചേരി പഞ്ചായത്ത് നിലവിൽ വന്നപ്പോൾ മണ്ണഞ്ചേരിയിൽ നിന്നും കലവൂരേയ്ക്കുള്ള 2 കി. മീ റോഡു മാത്രമാണ് ഉണ്ടായിരുന്നത്. ഈ റോഡ് നിർമ്മിച്ച കാലഘട്ടം വില്ലേജ് യൂണിയന്റെ ആവിർഭാവത്തിന് മുൻപാണെന്ന് കാണാം. ഇതുപോലെ തന്നെ പഴക്കമുള്ള റോഡ് കാവുങ്കൽ നിന്നും വളവനാട്ടേയ്ക്കുള്ളതാണ്. പ്രസ്തുത റോഡിന്റെ നിർമാണം സർ. സി.പി. രാമസ്വാമി അയ്യർ നിർവഹിച്ചതാണെന്നും , വളവനാട് പട്ടാള ക്യാമ്പിലേയ്ക്കും അവിടെ നിന്നും വണ്ടികൾ ഓടിക്കുന്നതിനായിരുന്നു എന്ന് പഴമക്കാർ പറയുന്നു.എന്നാൽ ഈ റോഡിനേ സംബന്ധിച്ച് യാതൊരു രേഖയും ഇല്ല.6 കി.മി.ആലപ്പുഴ - തണ്ണീർമുക്കം റോഡിന്റെ ഭാഗവും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.

1953 ൽ വില്ലേജ് റോഡിന്റെ ഉദയം നമ്മുടെ ഗ്രാമത്തിൽ കണ്ടു തുടങ്ങി. മണ്ണഞ്ചേരി കവലയിൽ നിന്നും 400 മീറ്റർ കിഴക്കോട്ട് മണ്ണഞ്ചേരി കടവ് വരെയും 2 കി.മി. ഡയറി ഫാം പൂന്തോപ്പ് റോഡും പ്രധാനപ്പെട്ടവയാണ്. രണ്ട് വില്ലേജ് ഉൾപ്പെട്ട പഞ്ചായത്തായിരുന്നതിനാൽ അക്കാലത്തെ പണിതീർന്ന മറ്റൊരു റോഡാണ് കോമളപുരം - പാതിരപ്പള്ളി റോഡ്. പ്രസ്തുത റോഡ് ആര്യാട് പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡാകുന്നു. ആശ്രമം - കൂറ്റുവേലി റോഡ് പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഇതു നാഷണൽ ഹൈവേയുടെ സമാന്തര റോഡായി പി. ഡബ്ല്യു. ഡി പണിതീർത്തതാണ് ജനാധിപത്യ ഭരണ ക്രമം ഗ്രാമങ്ങളിൽ നടപ്പിലായതോടെ ജനങ്ങളുടെ മുഖ്യആവശ്യം ഗതാഗതമായിരുന്നു. ഇപ്പോഴും എല്ലാ ഗ്രാമസഭകളിലും ചർച്ചകൾ കൂടുതൽ നടന്നതും. റോഡുകളെ കേന്ദ്രീകരിച്ചാണ് ഏറ്റവും അധികരിച്ച പങ്കാളിത്തവും ഈ ഗ്രൂപ്പിലായിരുന്നു.

ഓരോ ഭരണകാലത്തും നിർമ്മിച്ചിട്ടുള്ള പ്രധാന റോഡുകളുടെ വിവരം ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. കൂറ്റുവേലി - പൂന്തോപ്പ് റോഡ് പി. ഡബ്ല്യു.ഡി നിർമ്മിച്ചതും മണ്ണഞ്ചേരി - പൊന്നാട് റോഡ് പൂന്തോപ്പു - ഷൺമുഖം നേതാജി റോഡ് ഇവ പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുള്ളതാണ്

നിലവിലുള്ള റോഡുകളുടെ വാർഡ് തിരിച്ചുള്ള വിവരം ഇതോടൊപ്പം ചേർക്കുന്നു. (അനു : 8:1) പട്ടികയിൽ കാണിച്ചിരിക്കുന്ന *** കിലോമീറ്റർ റോഡിൽ ടാർ ചെയ്തത് പന്ത്രണ്ടു കിലോമീറ്റർ മാത്രമാണ്. പോക്കറ്റ് റോഡുകളും പലതും നിർദ്ദിഷ്ട സ്ഥാനത്തെത്താതെയും കലിങ്കും, ചെറിയ പാലങ്ങളും നിർമ്മിച്ചും പൈപ്പിട്ടും സഞ്ചാരയോഗ്യമാകാതെയും കിടക്കുന്നു. മഴക്കാലത്ത് ഒലിച്ചു പൊയ്ക്കൊണ്ടിരിക്കുന്ന നിരവധി റോഡുകളും ഇവിടെ ഉണ്ട്.--- മീറ്റർ റോഡ് മെയിന്റനൻസ് നടത്താതെ കുന്നും കുഴിയുമായി കിടക്കുന്നു.എല്ലാ വാർഡുകളിലും പ്രധാനപ്പെട്ടതും ജനങ്ങളും കൂടുതൽ സഞ്ചരിക്കുന്നതുമായ നടപ്പാതകളും റോഡായി മാറ്റേണ്ടതുണ്ട്. ജനങ്ങളും തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ നടപ്പാത നിർമ്മിച്ച് സഞ്ചാരം സുഗമമാക്കേണ്ടതുണ്ട് (അനു :8:2).

മണ്ണഞ്ചേരിയിൽ നിന്നുമുള്ള യാത്രാസൗകര്യം പരിമിതമാണ് .എറണാകുളം , കോട്ടയം ജില്ലകളെയാണ് വ്യാവസായിക ആവശ്യത്തിന് ആശ്രയിക്കുന്നത് എന്നാൽ അവയെ ബന്ധപ്പെടുത്തുന്ന സർവ്വീസുകളും നിലവിലില്ല. 1953 മുതൽ സ്വപ്നം കണ്ടിരുന്ന മണ്ണഞ്ചേരി - ആര്യാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആസ്പിൻവാൾ പാലം എം. എൽ .എ സ്കീമിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തത് ഖേദകരമാണ്.ഈ റോഡിന്റെ പണിപൂർത്തീകരിച്ചാൽ തദ്ദേശവാസികളുടെ ആലപ്പുഴയ്ക്കുള്ള യാത്ര മൂന്ന് കി.മീ ദൂരം കുറയ്ക്കുവാൻ കഴിയും.

മണ്ണഞ്ചേരി കവലയിൽ പണിതീർത്ത വെയ്റ്റിംഗ് ഷെഡ് ഉപയോഗ ശൂന്യമായി ജീർണ്ണിച്ചുകൊണ്ടിരിക്കുന്നു അതിന്റെ മുൻവശത്തുള്ള എല്ലാ ബങ്കുകളും മാറ്റേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കേസ് നിലവിലുണ്ട്.ആലപ്പുഴ - തണ്ണീർമുക്കം റോഡിൽ, റോഡ്മുക്ക്, തമ്പകച്ചുവട്, നേതാജി, കാവുങ്കൽ തെക്കേക്കവല എന്നിവിടങ്ങളിൽ നിരവധി ആളുകൾ ബസ് കാത്തുനില്ക്കുന്നുണ്ട്.

190 ഏക്കർ വിസ്തൃതി ഉള്ളതാണ് പെരുംതുരുത്തിക്കരി. വീതിക്കൂടിയ സെൻട്രൽ ചാലിന് കുറുകെ ട്രാക്ടർ കടത്തിക്കൊണ്ടു പോകാൻ കഴിയുന്നില്ല.തന്മൂലം ഉഴവിന് ബുദ്ധിമുട്ട്

അനുഭവപ്പെടുന്നു. വേമ്പനാട് കായലിനോട് ചേർന്ന ഭാഗങ്ങളിൽ നിന്നും യാത്ര ചെയ്യുവാൻ റോഡുകളും വാഹന ഗതാഗതവുമില്ല. മത്സ്യ ത്തൊഴിലാളികൾക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നുണ്ട്.

<u>പരിഹാരമാർഗ്ഗങ്ങൾ</u>

1) നിർദ്ദിഷ്ട സ്ഥലത്തെത്താതെ കിടക്കുന്ന റോഡുകളുടെ പണിപൂർത്തിയാക്കി അവയെ ബന്ധിപ്പിക്കുന്ന കലിങ്കുകൾ, പാലങ്ങൾ , ബണ്ടുകൾ, എന്നിവ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുക.

2)1,2 വാർഡുകളിലൂടെ അമ്പലക്കടവിലെത്തുന്ന പൊന്നാട് മണ്ണഞ്ചേരി റോഡ് 7,13 വാർഡുകളുമായി ബന്ധിച്ച് പുത്തൻപന്തയിൽ എത്തിച്ചേരുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.പ്രസ്തുത റോഡിലൂടെ 1,2,7,13,14, വാർഡുകളിലുള്ളവരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സമാന്തര ബസ്സ് സർവ്വീസ് ആരംഭിക്കണം. മത്സ്യവ്യവസായികൾക്ക് പ്രത്യേകിച്ചും സ്ത്രീകൾക്ക് പ്രസ്തുത സർവ്വീസ് അനുഗ്രഹമാണ്.

4)7-ാം വാർഡിൽ 2.5 ലക്ഷം രൂപാ ചിലവ് ചെയ്ത് മാങ്കരിയുടെ നടുക്ക് നിർത്തിയിരിക്കുന്ന റോഡ് വെള്ളത്തിൽ ഒലിച്ചുപോകുന്നു. കിഴക്കേകരയിൽ എത്തിയാൽ 2.5 ലക്ഷം രൂപാ ലാഭപ്പെടുത്താൻ കഴിയും. കൂടാതെ ജനങ്ങൾക്ക് ചരിത്രപ്രാധാന്യമുള്ള മാടത്തു കര ശിവ ക്ഷേത്രത്തിൽ വരാനും സൗകര്യമുണ്ടാകും.

5) മണ്ണഞ്ചേരി കവലയിൽ ഉള്ള വെയിറ്റിംഗ് ഷെഡ് മെയിൻറൻസ് നടത്തിയും മുൻവശമുള്ള ചമയങ്ങൾ നീക്കം ചെയ്തും യാത്രക്കാർക്ക് പ്രയോജനപ്പെടുത്തണം. റോഡ്മുക്ക്, തമ്പകച്ചുവട് . കാവുങ്കൽ, തറമൂട് എന്നിവടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ പണിതും യാത്രക്കാർക്ക് പ്രയോജനപ്പെടുത്തണം.

6) എല്ലാ വാർഡുകളിലും നടപ്പാതകൾ നിർമ്മിച്ച് സഞ്ചാര സ്വാതന്ത്ര്യം ഉറപ്പുവരുത്തുക. പൊതുവഴികൾ റോഡു നിർമ്മിച്ച് വാഹനഗതാഗതം പ്രാപ്യമാക്കുക. ഓരോ വാർഡിലും ആവശ്യമുള്ള പുതിയ റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.

(1)വിദ്യുച്ഛക്തി വിതരണം നമ്മുടെ പ്രദേശത്തു നിർവ്വഹിക്കുന്നതു കെ .എസ്. ഇ.ബി യുടെ മൂന്ന് സെക്ഷനുകളാണ്. 1. എസ്.എൽ പുരം 2) മുഹമ്മ 3) പാതിരപ്പള്ളി
ഇതു പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഊർജ്ജം ലഭിക്കുവാൻ ജീവനക്കാരുടെ ഏകോപിച്ചുള്ള പ്രവർത്തനം അസാദ്ധ്യമാകുന്നു.
സെക്ഷനുകളാണ്.

(2) വോൾട്ടേജ് ക്ഷാമം വർഷങ്ങളായി നേരിടുന്നു. കുട്ടികളുടെ വിദ്യാഭ്യാസ് നിലവാരത്തിന് ഇടിവ് സംഭവിക്കുന്നതു കൂടാതെ വായനാശീലം ക്രമേണ കുറഞ്ഞുവരുന്നതായും കാണുന്നു.

(3) സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല. മെയിൻ റനൻസ് നടത്തുന്നതിന് കെ .എസ്. ഇ.ബി യുടെ അക്ഷന്തുമായ വീഴ്ച വരുത്തുന്നു.

(4) വയറിങ് നടത്തി വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു വൈദ്യുതി ലഭ്യമാക്കാൻ.വയറിങ് നടത്തിയിട്ടിരിക്കുന്ന 450 വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. 30 - 35 മീറ്റർ അകലത്തിൽ വൈദ്യുതി ലഭിക്കുവാനുള്ള ഭാരിച്ച ചെലവ് താങ്ങാൻ മുർബ്ബല വിഭാഗങ്ങൾക്ക് കഴിയുന്നില്ല.

(5) ലക്ഷം വീട് കോളനി കളിലും ഹരിജൻ കോളനികളിലും ഇനിയും പൂർണ്ണമായി വൈദ്യുതി എത്തിച്ചേർന്നിട്ടില്ല.

(6) കണക്ഷൻ ലഭിക്കുവാൻ വസ്തു ഉടമയുടെ സമ്മതം പ്രതിസന്ധിയായി മാറിയിരിക്കുന്നു. ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം (ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട്) പ്രയോഗിച്ച് ഉപഭോക്താവിന് വൈദ്യുതി ലഭ്യമാക്കുവാൻ കാലതാമസം ഉണ്ടാകുന്നു.

(7) മണ്ണഞ്ചേരി തോട്ടിലേയ്ക്ക് വേമ്പനാട്ടുകായലിൽ നിന്ന് രാത്രികാലങ്ങളിൽ വള്ളങ്ങളെത്തിച്ചേരാൻ പ്രയാസം നേരിടുന്നു. ചില അവസരങ്ങളിൽ ദിക്കുമാറി സഞ്ചരിക്കേണ്ടിയുംവരുന്നു.

(8) കാർഷികാവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കാൻ കാലതാമസം വരുന്നതു കൃഷിയെ സാരമായി ബാധിക്കുന്നു.

(9) വിറകിന്റെ ദൗർലഭ്യം പാചകത്തിന് പ്രശ്നം സൃഷ്ടിക്കുന്നു.

<u>പരിഹാരം</u>

1) പഞ്ചായത്ത് കേന്ദ്രീകരിച്ച് കെ.എസ്. ഇ.ബി സെക്ഷൻ ആഫീസ് :സ്ഥാപിച്ച് നിലവിലുള്ള ലൈനുകൾപുന:സ്ഥാപിച്ച് വൈദ്യുതി വിതരണം ഏകീകരിക്കുക.

2) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചും ലൈനുകൾ പുന:സംവിധാനം ചെയ്തും നടപടി കൈക്കൊള്ളുക.

3) എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു ലൈറ്റുകൾ തെളിയുന്നുണ്ടെന്നുറപ്പുവരുത്തുക. പ്രധാനപ്പെട്ട എല്ലാ ജംഗ്ഷനുകളിലും ട്യൂബ് ലൈറ്റ് അഥവാ ഫ്ളൂറസെന്റ് ട്യൂബ് സ്ഥാപിക്കുക.

4)പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 450 വീടുകം വയറിങ് നടത്തി 4,5വർഷങ്ങളായി കാത്തിരിക്കുന്നു. മുൻഗണനാക്രമത്തിൽ 1997 ജൂൺ 30 നു മുൻപ് കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.തന്മൂലം കെ.എസ്. ഇ.ബി ക്ക് അധികമായി വരുന്ന ചിലവ് കറന്റ് ചാർജ്ജിനോടൊപ്പം തവണകളായി വാങ്ങുന്നതിന് സംവിധാനം ഏർപ്പാടാക്കുക.ദുർബ്ബലവിഭാഗങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മേൽപ്പറഞ്ഞ പ്രാരംഭച്ചിലവ് സൗജന്യമാക്കുക.

5) കോളനി പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് പ്രത്യേക് പരിഗണന നല്കുക.

6) ഇഡ്യൻ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് വൈദ്യുതി ലഭ്യമാക്കുവാനുള്ള ഇന്നത്തെ കാലതാമസം ഒഴിവാക്കി മൂന്ന് മാസത്തിനുള്ളിൽ ലഭ്യമാക്കണം. അതിനായി കേന്ദ്ര സംസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തി ജില്ലാ കളക്ടർമാർക്കു നിർദ്ദേശം കൊടുപ്പിക്കണം. ഈ അധികാരം നിയമ ഭേദഗതിയിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്ന ഒരു വാദഗതിയും ഉയർന്നുവന്നിട്ടുണ്ട്.

7) അമ്പലക്കടവ് തോട്, മണ്ണഞ്ചേരി, മടയാംതോട്, ഇവയുടെ മുഖാരങ്ങളിൽ വൈദ്യുതി വിളക്കുകം സ്ഥാപിക്കുക.

8) കന്നുകാലി വളർത്തുന്ന എല്ലാ വീടുകളിലും ചെറുതും, വലുതുമായ ബയോഗ്യാസ് പ്ലാന്റുകം സ്ഥാപിക്കുന്നതിന് സബ്സിഡിയോടെയുള്ള ധനസഹായം ലഭ്യമാക്കണം.ഇതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണം വിപുലമായി നടപ്പിലാക്കുക.

9) പാചക ആവശ്യത്തിനുള്ള മണ്ണെണ്ണ ഒരു വീടിന് 5 ലിറ്റർ വീതം റേഷൻ കടകളിലൂടെ വിതരണം ചെയ്യുക.

10) പാചകഗ്യാസിന്റെ ലഭ്യതയ്ക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും നിലവിലുള്ള ഓരോ ഏജൻസിക്കും പ്രവർത്തന പരിധി നിർണ്ണയിക്കുകയും ചെയ്യുക.

11) ഇലക്ട്രിക്കൽ ലൈൻ ടച്ചിങ്സ് വെട്ടിമാറ്റുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏർപ്പെടുത്തണം.

12) വൈദ്യുതി ക്ഷാമം രൂക്ഷമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സൗരോർജ്ജ വിളക്കുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള സാമ്പത്തികവും, സാങ്കേതികവുമായ സഹായം സർക്കാർ ഭാഗത്തു നിന്ന് ഉണ്ടാകണം.

*) പ്രതിവർഷം 60,000 രൂപയ്ക്കുമേൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി പഞ്ചായത്ത് അടക്കുന്നു. എന്നാൽ നിലവിലുള്ള ബാംബുകളുടെ 20% മാത്രമാണ് കത്തുന്നത്. ബാംബുകം സ്ഥാപിക്കുന്നതിനുള്ള ചുമതല പഞ്ചായത്തിനെ ഏല്പിക്കണം തെരുവു വിളക്കുകളുടെയും , ഗാർഹിക- കാർഷിക -വ്യാപാര -വ്യവസായ കണക്ഷനുകളുടെ വിവരം അനുബന്ധം 8:3 ൽ ചേർക്കുന്നു. ■

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

അനുബന്ധം 6:1

ഗതാഗതവും ഊർജ്ജവും

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
1	2	3	4	5
1	1	പഴയ പോസ്റ്റ് ഓഫീസ് - ത്രിക്കോവിൽ വഴി മണ്ണഞ്ചേരി എച്ച്.എസ്സ്	600 മീറ്റർ	ഗ്രാവൽ പൂർത്തിയായി
2	1	പഴയ പോസ്റ്റ് ഓഫീസ് -കിഴക്കെ ജുമാ മസ്ജിദ് റോഡ്	300 ,,	പൂർത്തിയായിട്ടില്ല 1000 മീറ്റർ തീരാനുണ്ട് ഗ്രാവൽ
3	1	മണ്ണഞ്ചേരി ജംഗ്ഷൻ -കടവ് റോഡ്	400 ,,	പൂർത്തിയായി ടാറിട്ടത്
4	1	തറമൂട് - പെരുന്തുരുത്തുകരി റോഡ്	1100	പൂർത്തിയായി ഗ്രാവൽ
5	1	കുപ്പേഴം -പുത്തൻ വീട് റോഡ്	500	പൂർത്തിയായി ഗ്രാവൽ
6	1	പൊന്നാട് എൽ.പി.എസ്സ് - വേമ്പനാട്ടു കായൽ റോഡ്	400	550 മീറ്റർ തീരാനുണ്ട് ഗ്രാവൽ
7	1	വെളിയിൽ പുരയിടം - വേമ്പനാട്ടു കായൽ റോഡ്	550	150 ,, ഗ്രാവൽ
8	1	കാവുങ്കൽ സൊസൈറ്റി-പഴഞ്ഞാല റോഡ്	400	150 ,, ഗ്രാവൽ
9	1	കാവുങ്കൽ ജംഗ്ഷൻ - പെരുന്തുരുത്തു കരി റോഡ്	400	100 ഗ്രാവൽ
10	2	പൊന്നാട് എൽ.പി. എസ്സ് - ഒ.എൽ.എച്ച് കോളനി	150	1000 ഗ്രാവൽ
11	2	കാവുങ്കൽ വടക്കെ കവല - പൊന്നാട്	500	1500 ഗ്രാവൽ
12	2	മാടവനച്ചിറ റോഡ്	100	100 ഗ്രാവൽ

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
13	3	കാവുങ്കൽ ജംഗ്ഷൻ -മംഗളപുരം എൻ.എച്ച് റോഡ്	3200 മീറ്റർ	
14	3	നെടിയാണി - ദേശാഭിമാനി റോഡ്	1000	
15	3	പണിയ്ക്കാപറമ്പ് റോഡ്	1000	
16	3	മംഗള പുരം - പണിയ്ക്കാപറമ്പ് റോഡ്	1600	
17	3	അംബേദ്ക്കർ കോളനി റോഡ്	1500	
18	3	കാവുങ്കൽ -വളവനാട് റോഡ്	1500	
19	3	പറത്തറ പാലം നോർത്ത് & സൗത്ത് റോഡ്	300	
20	3	അയ്യൻകാളി ജംഗ്ഷൻ -വളവനാട്	2000	തീർന്നു 1കി.മി ടാർ 1 ഗ്രാവൽ
21	4	ഐ-റ്റി.സി - ഭജന മഠം	100	,, ഗ്രാവൽ
22	4	കലവൂർ പാലം പി.എച്ച് സെന്റർ റോഡ്	1000	2000 മീറ്റർ തീരുവാനുണ്ട് ,,
23	4	ഫോർമാലിൻ -കലവൂർ എച്ച്, എസ്സ് റോഡ്	500	200 ,, ,,
24	4	ബ്ലോക്ക് ആഫീസ് - പി.എച്ച് സെന്റർ റോഡ്	500	1000 ,, ,,
25	4	തകിടിവെളി ഒ.എൽ. എച്ച് കോളനി റോഡ്	600	600 ,, ,,
26	4	പറത്തറ സൗത്ത് റോഡ്	600	600 ,, ,,
27	4	കണ്ണന്തറ കോളനിറോഡ്	200	200 ,, ,,

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
28	4	ഐ.റ്റി.സി-എ.എസ്സ് കനാൽ റോഡ്	ടാർ 150	
29	4	എൻ.എച്ച്.47 - ബ്ലോക്ക് ഓഫീസ് റോഡ്	ടാർ 150	
30	4	ബ്ലോക്ക് ആഫീസ്-കലവൂർ കോളനി റോഡ്	ടാർ 100	
31	4	പറത്തറ ഈസ്റ്റ് റോഡ്	200	800 മീറ്റർ ടാർ തീരണം
32	5	ഗുരുമന്ദിരം പനയിൽ റോഡ്	650	600 മീറ്റർ തീരാനുണ്ട് ഗ്രാവൽ
33	5	പട്ടം വഴി റോഡ്	1000	തീർന്നു
34	5	ശാസ്താം പറമ്പ് (വിരുശ്ശേരി റോഡ്)	150	500 മീറ്റർ തീരണം ഗ്രാവൽ
35	5	വിരുശ്ശേരി റോഡ്	100	800 മീറ്റർ തീരണം
36	5	ഐ.റ്റി.സി ഫാക്ടറി ജംഗ്ഷൻ റോഡ്	1200	ടാറിംഗ് തീർന്നു .
37	6	കുന്നപ്പള്ളി ജംഗ്ഷൻ-കടിയംപള്ളി	1000	
38	6	കുന്നപ്പപള്ളി-പട്ടമനമഠം	1000	
39	6	സൊസൈറ്റി-ഭജനമഠം	200	
40	6	ഞാറകുളങ്ങര ഈസ്റ്റ് റോഡ്	600	
41	6	തൈവെളി റോഡ്	100	
42	6	തൈവെളി റോഡ്	100	

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	പെയ്തു തീർന്ന അകലം	റിമാർക്സ്
43	6	ഫാക്ടറി ജംഗ്ഷൻ ഈസ്റ്റ്	200 മീറ്റർ	
44	6	സുഗുണൻ കവല ഈസ്റ്റ്	200	
45	6	മണ്ണഞ്ചേരി എച്ച്.എസ്സ് ആലാഞ്ചേരി റോഡ്	1500	
46	7	അടിവാരം- തീയശ്ശേരി റോഡ്	650	
47	7	അമ്പനാകുളങ്ങര-തൈക്കൂട്ടം	1250	
48	7	പടിഞ്ഞാറ് കോള ഭാഗം-വേമ്പനാട്ട് കായൽ	600	
49	7	കണക്കൂർ മാടത്തുംകര റോഡ്	1250	
50	7	പതിയാംതറ തക്യാവ്-പുത്തൻപറമ്പ്	1250	
51	7	കോവൂർ-വാഴയിൽക്കടവ് റോഡ്	400	
52	7	പോലീസ് സ്റ്റേഷൻ - സൗത്ത് റോഡ്	200	
53	7	കോളഭാഗം തൈപ്പറമ്പ് റോഡ്	350	
54	8	തക്യാവ്-വലിയവീട് ക്ഷേത്രം റോഡ്	1250	
55	8	കരിച്ചാപറമ്പ്-പറത്തറ റോഡ്	700	
56	8	വലിയ വീട് ക്ഷേത്രം-ഒ.എൽ.എച്ച് കോളനി	500	
57	8	വലിയവീട് ഒ.എൽ.എച്ച് -എസ്സ്.എൻ.ഡി.പി. 351	200	

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
58	8	അമ്പനാകുളങ്ങര-എൻ.എച്ച്	2000 മീറ്റർ	
59	8	പാട്ടേഴം-ഒ.എൽ.എച്ച്.കോളനി	200	
60	8	വാഴപ്പള്ളി റോഡ്	200	
61	9	ആശ്രമം റോഡ് ഞാണ്ടിരിക്കൽ	500	200 മീറ്റർ തീരണം ഗ്രാവൽ
62	9	എൻ.എച്ച്- ആര്യാട് നോർത്ത് കോളനി	1100	300 മീറ്റർ ഗ്രാവൽ 100 ബാക്കി
63	9	കലവൂർ ബണ്ട്-ആനകുത്തി പാലം	400	300 മീറ്റർ ടാർ 300 മീറ്റർ ,,
64	9	കലവൂർ പാലം-എൽ.പി.എസ്സ് റോഡ്	250	500 മീറ്റർ തീരണം ഗ്രാവൽ
65	9	ഗുരുമന്ദിരം നോർത്ത്-കയർ ബോർഡ് റോഡ്	1000	300 മീറ്റർ ചെയ്യാനുണ്ട്
66	9	കലവൂർ റോഡ്-ഹരിജൻ കോളനി	500	500 ടാർ
67	9	ആര്യാട് നോർത്ത് കോളനി-കോനാട്	600	ഗ്രാവൽ
68	10	വലിയ കലവൂർ ബണ്ട്-മറ്റത്തിൽ കോളനി	400	
69	10	ആനകുത്തിപാലം	200	
70	10	നേതാജി-എൻ.എച്ച്	3000	
71	10	എസ്സ്.എൻ.ഡി.പി 347-എൻ.എച്ച്	3250	
72	10	സർഗ്ഗ വായനശാല-നോർത്ത്	300	

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
73	11	എൽ.ജി.ടാക്കീസ്-ആശ്രമം റോഡ്	2500 മീറ്റർ	
74	11	ആശ്രമം ഈസ്റ്റ്-ധന്വന്തരി സമാജം	400	
75	11	സർഗ്ഗ വായനശാല സൗത്ത്	300	
76	11	എൽ.ജി.ടാക്കീസ്-ടാഗോർ വായനശാല	200	
77	11	കോരംപറമ്പ്-ധന്വന്തരി	100	
78	12	കറുകത്തറ-പാട്ടേഴം റോഡ്	600	ഗ്രാവൽ,തീർന്നു
79	12	എൻ.എസ്സ്.എസ്സ്.കരയോഗം-കുന്നേപ്പാടം	300	200 മീറ്റർ തീർന്നു
80	12	പി.എച്ച് സെന്റർ-ഐ.എച്ച്.ഡി.പി കോളനി	250	200 മീറ്റർ തീരണം
81	12	പി.എച്ച്.സെന്റർ-പാട്ടേഴം റോഡ്	700	തീർന്നു
82	12	നേതാജി-എൻ.എച്ച് റോഡ്	700	തീർന്നു
83	12	ടാഗോർ വായനശാല-മടയാംതോട്	250	തീർന്നു ഗ്രാവൽ,75 മീറ്റർ തീരണം
84	12	മാളിയേക്കൽ-ഡയറി ഫാം റോഡ്	300	500 മീറ്റർ തീരണം
85	12	കറുകത്തറ-ടാഗോർ ജംഗ്ഷൻ റോഡ്	2000	തീർന്നു, ഗ്രാവൽ
86	12	എസ്സ്.എൻ.ഡി.പി 347-എൻ.എച്ച് റോഡ്	1000	തീർന്നത്
87	12	എൽ.ജി.ടാക്കീസ്-ലെനിൻ കോർണർ	1000	തീർന്നത്
88	12	ധന്വന്തരി വനിതാ സമാജം- കോരം പറമ്പ് റോഡ്	300	100 മീറ്റർ തീരണം

മണ്ണഞ്ചേരി ഗ്രമ പഞ്ചയത്തു റോഡു വിവരം

ഗതാഗതവും ഊർജ്ജവും

അനുബന്ധം 6:1

ക്രമ നമ്പർ	വാർഡു നമ്പർ	റോഡിന്റെ പേര്	ചെയ്തു തീർന്ന അകലം	റിമാർക്സ്
89	13	കണക്കൂർ-കൈതക്കയാറ്റ്പുറമ്പ് റോഡ്	1250 മീറ്റർ	ഗ്രാവൽ
90	13	തമ്പകച്ചുവട്-പറവക്കൽ	400	ടാർ 150 250ഗ്രാവൽ
91	13	കണിയാംപറമ്പ് നോർത്ത്	350	200 മീ തീരുവാനുണ്ട്, ഗ്രാവൽ
92	13	നേതാജി-ഷൺമുഖം	1500	PWD ഏറ്റെടുത്തു
93	13	കാരിച്ചിറ റോഡ്	300	
94	13	കാഞ്ഞിരത്തറ-ഹെൽത്ത് സെന്റർ	100	ഗ്രാവൽ
95	13	അമ്പനാകുളങ്ങര-കണക്കൂർ ക്ഷേത്രം	500	200 മീ തീരുവാനുണ്ട്,
96	14	ഡയറി ഫാം-പൂന്തോപ്പ്	1500	ടാർ
97	14	ബ്യൂട്ടി ജംഗ്ഷൻ-കൈതക്കാ പറമ്പ്	1250	350മീ തീരുവാനുണ്ട്,
98	14	എസ്സ്.എൻ.ഡി.പി 347-ഈസ്റ്റ്	1400	400മീ തീരുവാനുണ്ട്,
99	14	വിഷാലുപറമ്പ് ജംഗ്ഷൻ-മടയാം തോട്	1000	ഗ്രാവൽ
100	14	അക്കരോട്ട് ഒ.എൽ.എച്ച്-ആസ്പിൻവാം	950	ഗ്രാവൽ
101	14	പള്ളി വെളി ഈസ്റ്റ്	200	100 മീ തീരുവാനുണ്ട്
102	14	ഷേണായി പുരയിടം-അക്കരോട്ട്	100	300മീ തീരുവാനുണ്ട്,

മണ്ണഞ്ചേരി പഞ്ചായത്ത്

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം

അനുബന്ധം 6:2

വാർഡ്	റോഡുകളുടെ പേര്	നീളം(മീറ്ററിൽ)	അനുബന്ധവർക്കുകൾ
1.1	പഴയപോസ്റ്റാഫീസ്- ജുമ മസ്ജിദ് മുഖാരം റോഡ്	1300	കലിങ്ക്-5,സൈഡ് വാൾ 350 മീറ്റർ
1.2	കളരിക്കൽ - ത്രിക്കോവിൽ റോഡ്	700	കലിങ്ക്-1,സൈഡ്വാൾ 220 മീറ്റർ
1.3	രശ്മി തിയേറ്റർ - പറപ്പള്ളി റോഡ്	500	-
1.4	ചിലമ്പിതയ്യിൽ- മനയത്തുശ്ശേരി തക്യാവ് റോഡ്	600	സൈഡ്വാൾ 150 മീറ്റർ
1.5	അമ്പലക്കടവ് -ജുമാമമസ്ജിദ് റോഡ്	500	കലിങ്ക്-2,സൈഡ്വാൾ 100 മീറ്റർ
1.6	കുപ്പേഴം- പെരുന്തുരുത്ത് കരി	300	കലിങ്ക്-2
1.7	തോപ്പിൽ സെറ്റിൽമെന്റ് റോഡ്	400	-
2.1	തിരുവോണ പറമ്പ്-മനയത്തുശ്ശേരി തക്യാവ് റോഡ്	1200	കലിങ്ക്-2,സൈഡ്വാൾ 200 മീറ്റർ
2.2	കാവുങ്കൽ വീടക്കേ ജംഗ്ഷൻ-പൊന്നാട് പോസ്റ്റാഫീസ് റോഡ്	1500	കലിങ്ക്-2,സൈഡ്വാൾ 400 മീറ്റർ
2.3	പൊന്നാട് എൽ.പി.എസ്സ്-കാവുങ്കൽ ക്ഷേത്രം റോഡ്	1000	-
2.4	കതിരാന്തറ പുരയിടം-പള്ളിമുക്ക് റോഡ്	1500	-
2.5	ഗുരുദേവ ജംഗ്ഷൻ-വേമ്പനാട് കായൽ റോഡ്	500	-
2.6	കറ്റാനം-പെരുംതുരുത്ത് കരി ട്രാക്ടർ റോഡ്	500	-
2.7	പള്ളിവെളി-പെരുംതുരുത്ത്കരി റോഡ്	500	-
2.8	ചെമ്മരിക്കൽ-വാത്തിശ്ശേരി റോഡ്	500	-
3.1	അംബേദ്ക്കർ കോളനി-കാടമ്പള്ളി-എ.എസ്സ് കനാൽ റോഡ്	2000	കലിങ്ക്-2
3.1	കണ്ണാട്ട്-അതിർത്തി റോഡ്	1700	കലിങ്ക്-1
3.3	കുളങ്ങേഴത്ത് കാവ്-കടിയംപള്ളി	1500	കലിങ്ക്-1
4.1	കൊച്ചുപള്ളി-പി.എച്ച്.സെന്റർ റോഡ്	500	-
4.1	ഐസ് പ്ലാന്റ്-റീഗൽ ഫാക്ടറി	700	-
4.3	ബ്ലോക്ക് ജംഗ്ഷൻ-നെടിയാണി റോഡ്	1200	-
4.4	കലവൂർ ബണ്ട്-സാന്തോ നേഴ്സറി റോഡ്	600	-
4.5	ബ്ലോക്ക് പാലം-റീഗൽ ഫാക്ടറി റോഡ്	700	-
4.6	കലവൂർ എച്ച്.എസ്സ്-ഫോർമാലിൻ റോഡ്	700	-

മണ്ണഞ്ചേരി പഞ്ചായത്ത്
പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം

അനുബന്ധം 6:2

വാർഡ്	റോഡുകളുടെ പേര്	നീളം(മീറ്ററിൽ)	അനുബന്ധവർക്കുകൾ
5.1	പനക്കൽ - പട്ടം വഴി റോഡ്	700	
5.2	കളമ്പൂർ - വിരിശ്ശേരി ക്ഷേത്രം റോഡ്	750	കലിങ്ക്-1,സൈഡ്വാൾ 200 മീറ്റർ
5.3	യുവപ്രതിഭ - പനമൂട് ജംഗ്ഷൻ റോഡ്	1250	കലിങ്ക്-1,സൈഡ്വാൾ 300 മീറ്റർ
5.4	കോണിപ്പറമ്പ്-വിരിശ്ശേരി റോഡ്	600	കലിങ്ക്-1,സൈഡ്വാൾ 200 മീറ്റർ
6.1	മണ്ണഞ്ചേരി ജംഗ്ഷൻ-മനവീട് ക്ഷേത്രം റോഡ്	1500	-
6.2	സംഗീതാ ജംഗ്ഷൻ-കുളയ്ക്കാട് റോഡ്	1500	-
6.3	കുന്നുപ്പള്ളി-ഫാക്ടറി ജംഗ്ഷൻ റോഡ്	900	-
6.4	തറമൂട്-ഞാറകുളങ്ങര റോഡ്	1600	-
6.5	പുളിക്കി ജംഗ്ഷൻ-തക്കുാവ് റോഡ്	700	-
6.6	ഇല്ലത്തുവെളി-തമ്പകത്തുങ്കൽ റോഡ്	1000	-
6.7	സൊസൈറ്റി-ഹരിജൻ കോളനി റോഡ്	800	-
6.8	ഉണ്ടാച്ചം വീട്-കുളക്കാട് റോഡ്	600	-
7.1	കണക്കൂർ-മാടത്തിങ്കര റോഡ്	450	കലിങ്ക്-2,സൈഡ്വാൾ 300 മീറ്റർ
7.2	തിയ്യശ്ശേരി -വേമ്പനാട് കായൽത്തീരം റോഡ്	1250	കലിങ്ക്-3
7.3	പുത്തൻപറമ്പ് തക്യാവ്-എച്ചിക്കുഴി റോഡ്	1200	കലിങ്ക്-3
7.4	കോളഭാഗം-കണക്കൂർ-മാടത്തിങ്കര റോഡ്	750	കലിങ്ക്-1
7.5	കോവൂർ -വേമ്പനാട്ട് കായൽതീരം റോഡ്	1100	കലിങ്ക്-3
7.6	പെരുമ്പള്ളിക്കര-അങ്ങാടി റോഡ്	950	കലിങ്ക്-1
7.7	കോവൂർചിറ-തറയിൽ റോഡ്	500	കലിങ്ക്-2
7.8	മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ-മണ്ണഞ്ചേരി തോട് റോഡ്	500	-
7.9	തൈപറമ്പ്-അമ്പനാകുളങ്ങര റോഡ്	700	-
8.1	അടിവാരം-കന്നിട്ടപറമ്പ് റോഡ്	1250	കലിങ്ക്-1,പാലം ഒന്ന്,സൈഡ്വാൾ 9 മീറ്റർ
8.2	തെക്കേവെളി-വലിയവീട് ഒ.എൽ.എച്ച് കോളനി റോഡ്	1400	കലിങ്ക്-2
8.3	കന്നിട്ടപറമ്പ്-ചക്കാലവെളി റോഡ്	1200	സൈഡ്വാൾ 25 മീറ്റർ

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം

അനുബന്ധം 6:2

വാർഡ്	റോഡുകളുടെ പേര്	നീളം(മീറ്ററിൽ)	അനുബന്ധവർക്കുകം
8.4	പുളിത്തണൽ-കന്നിട്ടപറമ്പ് റോഡ്	1000	-
8.5	ഞാണ്ടിരിക്കൽ-അമ്പലമുക്ക് റോഡ്	900	കലിങ്ക്-1
8.6	ചക്കാല വെളി-ഞാണ്ടിരിക്കൽ ക്ഷേത്രം	800	കലിങ്ക്-2
8.7	കരിച്ചാപറമ്പ്-പാട്ടേഴം റോഡ്	600	കലിങ്ക്-2
9.1	എ.എസ്സ് കനാൽ-കലവൂർ കോളനി റോഡ്	400	-
9.2	ചെത്തിക്കാട്ട്-ഞാണ്ടിരിക്കൽ റോഡ്	900	-
9.3	കലവൂർ പാലം-അനിതാബിൽഡിംഗ്സ് റോഡ്(എൽ.പി. സ്ക്കൂൾ വഴി)	1000	-
9.4	ഞാണ്ടിരിക്കൽ കോനാട്ട് റോഡ്	500	-
9.5	ആറ്റുപുറം-ആര്യാട് ഹരിജൻ കോളനി റോഡ്	700	-
10.1	എൻ.സി.ജോൺ കമ്പനി-എട്ടുകണ്ടം ലക്ഷംവീട് റോഡ്	300	-
10.2	എ.കെ.ജി ജംഗ്ഷൻ-മറ്റത്തി കോളനി	300	-
11.1	കുറ്റിപ്പുറം-ആനക്കാവിൽ റോഡ്	700	കലിങ്ക്-1
11.2	സരിഗ-വലിയവീട് റോഡ്	1000	-
11.3	എസ്സ്.എൻ.റോഡിന്റെ നിർമ്മാണം	800	കലിങ്ക്-1
11.4	ധന്വന്തരി-കോരംപറമ്പ് റോഡ്	700	-
11.5	കുന്നുകണ്ടം-കോളനി റോഡ്	600	കലിങ്ക്-1
12.1	തമ്പകച്ചുവട്-കുന്നുവഴി റോഡ്	300	-
12.2	സരിഗ വായനശാല-ധന്വന്തരി റോഡ്	100	-
12.3	പി.എച്ച് സെന്റർ റോഡ്-ഐ.എച്ച്.ഡി.പി കോളനി റോഡ്	200	-
12.4	ഡയറി ഫാം-മാളിയക്കൽ റോഡ്	500	-
12.5	വട്ടത്തറ-കുന്നുകണ്ടം റോഡ്	700	-
12.6	കോമളപുരം ക്രിസ്റ്റ്യൻ പള്ളി-മാളിയേക്കൽ റോഡ്	300	100 മീറ്റർ സൈഡ്വാൾ
13.1	ഷൺമുഖം-മാടത്തിങ്കര റോഡ്	600	-
13.2	എസ്സ്.എൻ.ഡി.പി. 351-ചേലക്കാപള്ളി റോഡ്	500	-

മണ്ണഞ്ചേരി പഞ്ചായത്ത്
പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം


അനുബന്ധം 6:2

വാർഡ്	റോഡുകളുടെ പേര്	നീളം(മീറ്ററിൽ)	അനുബന്ധവർക്കുകം
13.3	കണിയാംപറമ്പ് സൗത്ത്-നന്ത്യാനവെളി റോഡ്	600	-
13.4	നാളികാട് - സൗത്ത് റോഡ്	200	-
14.1	എസ്സ്.എൻ.ഡി.പി 347-വേമ്പനാട് കായൽ റോഡ്	200	കിഴക്കേ അറ്റത്ത് ജെട്ടി വേണം
14.2	കാരുചിറ മഠം-ഗുരുമന്ദിരം റോഡ്	500	കലിങ്ക്-1
14.3	കോതകുളം-കൈതക്കാപറമ്പ് വഴി റോഡ്	600	-
14.4	വേമ്പനാട് കായൽ-കപ്പലുമാംകാട് വഴി കുട്ടറയിൽ റോഡ്	800	-
14.5	ആസ്പിൻവാൾ ബംഗ്ലാവിന് കിഴക്ക്,തെക്ക് വടക്കു റോഡ്	600	-
14.6	കുറവപ്പുലുകാടു-കായൽത്തീരം റോഡ്	500	-
14.7	എ.എൻ.യു.പി.എസ്സി നു പടിഞ്ഞാറുവശം തെക്ക് വടക്കു റോഡ്	300	-

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് ഗതാഗതവും ഊർജ്ജവും

വൈദ്യുതി സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ

ക്രമ നമ്പർ	കെ.എസ്.ഇ.ബി സെക്ഷന്റെ പേര്	ഗാർഹികം	വ്യാപാരം	വ്യവസായികം	കാർഷികം	സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം	കണക്ഷൻ ലഭിച്ചിട്ടുള്ളവരുടെ എണ്ണം
1	മുഹമ്മ	2300	350	34	58		364
2	പാതിരപ്പള്ളി	4200	340	40	60	275	126
3	എസ്.എൽ.പുരം	725	56	10	12		42
	ആകെ	7225	746	84	130	275	529



സാമൂഹ്യക്ഷേമം,പാർപ്പിടം

സാമൂഹ്യക്ഷേമവും,പാർപ്പിടവും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. മാറി മാറി വരുന്ന സർക്കാരുകൾ ഈ രംഗത്ത് വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. ഈ വിഷയത്തിൽ ഊന്നൽ നൽകേണ്ടത് സമൂഹത്തിലെ ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനാണ്.ദുർബലവിഭാഗങ്ങൾ,വനിതകൾ, ശിശുക്കൾ, പിന്നോക്ക വിഭാഗങ്ങൾ ഭവന നിർമ്മാണം എന്നിവയൊക്കെതന്നെയും സാമൂഹ്യക്ഷേമത്തിലുൾപ്പെടുന്നു.യാചകർ,വികലാംഗർ, മാനസികരോഗികൾ, തടവുകാർ ഇവരൊക്കെതന്നെ സാമൂഹ്യക്ഷേമപ്രവർത്തനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.തൊഴിലാളികളായ പുരുഷൻമാരുടേയും, സ്ത്രീകളുടേയും ആരോഗ്യവും,ശക്തിയും നഷ്ടപ്പെടുത്തുവാൻ പാടില്ലെന്നും, കുട്ടികളുടെ ഇളം പ്രായം ദുരുപയോഗപ്പെടുത്തുവാൻ പാടില്ലെന്നും പൗരൻമാർ അവരുടെ ശക്തിക്കോ, പ്രായത്തിനോ അനുയോജ്യമല്ലാത്തജോലികളിൽ ഏർപ്പെടുവാൻ നിർബന്ധിതരാകരുതെന്നും ഭരണ ഘടനയുടെ നിർദ്ദേശകതത്വങ്ങൾ അനുശാസിക്കുന്നു. ഇത്തരം കാര്യങ്ങളിൽ സജീവമായ ചർച്ച ഗ്രാമവാസികളിൽ നിന്നും ഉയർന്നു വന്നിരുന്നു. അതുപോലെ വനിതകളും , ശിശുക്കളും , പട്ടികജാതി-പട്ടിക വർഗ്ഗക്കാരും ദുർബലവിഭാഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾ അതതു വിഷയങ്ങളുടെ ചർച്ചയിൽ ഉരുത്തിരിഞ്ഞു വരികയുണ്ടായി.

മേൽ വിവരിച്ച വിഭാഗങ്ങളുടെ സാമൂഹിക പുരോഗതിക്കായി പ്രവർത്തിച്ചില്ലെങ്കിൽ സമൂഹത്തിൽ അനീതിയും, അസമത്വവും മാറ്റാൻ കഴിയാതെ വരും. ഇതു പരിഗണിച്ച് കേരള സംസ്ഥാനത്ത് 1975-76 ൽ സാമൂഹ്യ ക്ഷേമ വകുപ്പ് രൂപീകരിച്ചു.

സമൂഹത്തിലെ ഓരോ ദുർബ്ബല വിഭാഗങ്ങളെയും പരിഗണിച്ചുയർത്തുന്നതിനായിസാമൂഹിക ക്ഷേമ വകുപ്പ് ബോർഡ്, ശിശുക്ഷേമ സമിതി, ഗിരിജന ക്ഷേമ സമിതി, എംപ്ലോയ്മെൻറ് ഡയറക്ടറേറ്റ്, വികലാംഗ ക്ഷേമ കോർപ്പറേഷൻ, ജയിൽ വകുപ്പ് തുടങ്ങിയ സന്നദ്ധ സേവന ഘടകങ്ങൾ ഈ രംഗത്ത് ഇടപ്പെട്ടു പ്രവർത്തിക്കുന്നു. സാമൂഹിക-സാമ്പത്തിക വികസന രംഗത്ത് സ്ത്രീകൾക്ക് തങ്ങളു

ടെ പങ്ക് വഹിക്കാൻ അവസരം നല്കേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, കുടുംബക്ഷേമം, സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം തുടങ്ങിയവക്ക്, അവരുടെ തുടരെയുള്ള പരിശീലനവും, വിജ്ഞാനവും, ബോധവൽക്കരണവും നൽകേണ്ടിയിരിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവയും ആരോഗ്യ കുടുംബക്ഷേമ പദ്ധതികളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. പ്രത്യേക പോഷകാഹാര പരിപാടി സ്കൂളിലെ ഒരു നേരത്തേഭക്ഷണം തുടങ്ങിയവയും ഈ രംഗം സജീവമാക്കുന്നതിന് അത്യന്താപേഷിതമാണ് വഴിതെറ്റിപോകുന്ന കുട്ടികളെ നേർവഴിക്കു നയിക്കുന്ന ബാലമന്ദിരങ്ങൾക്ക് സമൂഹത്തിൽ ധാരാളം സംഭാവനകൾ നല്കാനാവും. ശിശുക്ഷേമത്തിന് പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ശിശുക്ഷേമ സമിതികൾ പോഷകാഹാര ആരോഗ്യപരിപാലനം , നേഴ്സറി വിദ്യാഭ്യാസം,ഉല്ലാസം തുടങ്ങിയവ ഇവയിലുൾപ്പെടുന്നു.

പൊതു വിതരണം സാമൂഹിക ക്ഷേമത്തിൽ പ്രധാന പങ്കു വഹിക്കുന്നു. റേഷൻ ഡിപ്പോകളും,മാവേലി സ്റ്റോർ,സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ടു നടത്തുന്ന കേന്ദ്രങ്ങൾ എന്നിവയും നമ്മുടെ പൊതുവിതരണത്തെ കുറ്റമറ്റതാക്കാൻ ശ്രമിക്കുന്നു. എന്നാൽ 3കി.മീ യ്ക്കപ്പുറം യാത്ര ചെയ്ത് റേഷൻ വാങ്ങുന്നവസ്ഥയും നിലനിൽക്കുന്നു.20 റേഷൻ കടകൾ പ്രവർത്തിക്കുന്നതായാണ് കണക്ക്. എന്നാൽ രണ്ടു കടകളുടെ സസ്പെൻഷൻ മൂലവും, ഒരു കട ക്യാൻസൽ ചെയ്തതിനാലും ഉപഭോക്തൃക്കളുടെ കഷ്ടപ്പാടുകൾ നിരവധിയാണ്. കടകൾ സസ്പെൻഷനിലുതുകുമ്പോഴും, ക്യാൻസൽ ചെയ്യുമ്പോഴും മറ്റ് കടകളിലേക്ക് താത്ക്കാലികമായി കാർഡുകൾ മാറ്റി റേഷൻ ലഭ്യമാക്കാറുണ്ട്. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും പുതിയ റേഷൻ കാർഡുകൾ അനുവദിക്കാനും, സസ്പെൻഷന് വിധേയമായ കടകളുടെ നടപടി പൂർത്തികരിക്കുന്നതിനും ബന്ധപ്പെട്ടവർ തയ്യാറാകുന്നില്ല. 8840 റേഷൻ കാർഡുകളും ,34563 മേജറായവരും 6690 മൈനറുകളുമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. റേഷൻ വാങ്ങി ഉപജീവനം കഴിക്കുന്നവർ അപ്രകാരം 41253 ആണ്. 39424 ക്വിന്റൽ അരി ഒരു വർഷം ഉപയോഗിക്കുന്നു.40000 ക്വിന്റൽ ഗോതമ്പ് ഇവിടെ ആവശ്യമുള്ള ഇവിടെ വിതരണം ചെയ്യപ്പെടുന്നത് 6280 ക്വിന്റൽ മാത്രം.

മണ്ണെണ്ണ വിതരണം രണ്ടു തരത്തിലുണ്ട്. 761 സ്പെഷ്യൽ പെർമിറ്റുകാർക്ക് 87276 ലിറ്റർ വിതരണം ചെയ്യുന്നു. നോൺ ഇലക്ട്രിഫൈഡ് ക്ലാസ് 5ലിറ്ററും കണക്ഷൻ ഉള്ളവർക്ക് കാർഡിന് 2 ലിറ്റർ വീതവും ഉൾപ്പെടെ നമ്മുടെ പഞ്ചായത്തിൽ 350040 ലിറ്റർ മണ്ണെണ്ണ വിതരണം രണ്ടുതരത്തിലുണ്ട്. പഞ്ചസാരയുടെ വിതരണം പരിതിപകരമാണ്. ജനങ്ങളുടെ ആവശ്യത്തിന് വേണ്ടിതിന്റെ ഒരു നേരിയ ശതമാനം മാത്രമേ പഞ്ചസാര വിതരണത്തിന് ലഭിക്കുന്നുള്ളു. 1980 ക്വിന്റൽ മാത്രമാണ് ഒരു വർഷത്തേക്ക് ലഭിക്കുന്നത്.

മൈദ തുടങ്ങിയ മറ്റുള്ള വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും ഡിമാന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ അല്ല അത് നിർവ്വഹിക്കുന്നത്. അര ലക്ഷത്തോളം ജനങ്ങൾ അതിൽ പ്രത്യേകിച്ചും ഗണ്യമായ ഭാഗം ദുർബ്ബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പോലും സ്ഥാപിക്കാതിരിക്കുന്നത് ഖേദത്തോടെ വീക്ഷിക്കുന്നു. ചുറ്റുമുള്ള ആര്യാട്, മാരാരിക്കുളം തെക്ക്, കഞ്ഞിക്കുഴി എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ വർഷങ്ങൾക്കു മുൻപേ സ്ഥാപിച്ചു നടത്തിവരുന്നു. വിസ്തൃതിയിലും, ജനസംഖ്യയിലും മേൽ പഞ്ചായത്തുകൾ പിന്നിലാണുതാനും.

ഫീഡിംഗ് സെന്ററുകൾ 14

ബാലവാടികൾ 5

അംഗൻവാടികൾ ഇല്ല

ഓരോന്നിനേയും സംബന്ധിച്ച വിശദമായ റിപ്പോർട്ടും,സ്റ്റേറ്റ്മെന്റും ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് ചേർത്തിരിക്കുന്നു.ഫീഡിംഗ് സെന്ററുകളുടേയും, ബാലവാടികളുടേയും പ്രവർത്തനം പൊതുവേ തൃപ്തികരമല്ലെന്ന് കാണാം. സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം കൃത്യമായി നടക്കുന്നില്ല .ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങളുടെ ആശാകേന്ദ്രമാണിതെന്ന് വരികിലും ബന്ധപ്പെട്ടവരുടെ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടാകുന്നില്ല. വിവിധതരം രോഗങ്ങളുടെ ആക്രമണം പോഷകാഹാരത്തിന്റെ കുറവ് കൊണ്ടാണെന്ന് പഠനത്തിൽ വ്യക്തമാകുന്നു.

വയറിളക്കം, വിരശല്യം, ഇൻഫെക്ഷൻ ഈ തരത്തിലുള്ള രോഗങ്ങളാണ് ഗണ്യമായ ഭാഗം . ഇത് ആഹാര രീതിയേയും, ദാരിദ്ര്യത്തേയും സൂചിപ്പിക്കുന്നു.

നിരവധി ക്ഷേമ പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്നു. കയർ തൊഴിലാളി ക്ഷേമ നിധി - പെൻഷൻ, കർഷക തൊഴിലാളി ക്ഷേമ നിധി പെൻഷൻ, ചുമട്ട് തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി തുടങ്ങിയ നിരവധി ക്ഷേമ പദ്ധതികളും,തൊഴിലില്ലായ്മ വേതനം,വാർദ്ധക്യ കാല പെൻഷൻ,വിധവാ പെൻഷൻ, അഗതി പെൻഷൻ,കളളു ചെത്ത് തൊഴിലാളി പെൻഷൻ,വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷൻ പദ്ധതികളും അതിനോടനുബന്ധിച്ചുള്ള ക്ഷേമ പദ്ധതികളും നിലനിൽക്കുന്നു.എന്നാൽ നിയമത്തിന്റെ നൂലാമാലകൾ താണ്ടി ഈ വക പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ പാടുപെടേണ്ടിയിരിക്കുന്നു.കാലതാമസം നീതി നിഷേധിക്കുന്നതിന് തുല്യമാണന്നുള്ള വസ്തുത പലപ്പോഴും ഗവൺമെന്റും,ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാരും മറക്കുന്നതായി തോന്നാം. പെൻഷൻ പദ്ധതികളുടേയും, ക്ഷേമ പദ്ധതിയുടേയും വരുമാന പരിധി നിശ്ചയിക്കുന്ന രീതി അപരിഷ്കൃതവും,പോരായ്മ നിറഞ്ഞതും ആണ്.പെൻഷൻ,തൊഴിലില്ലായ്മാ വേതനം· എന്നിവ പറ്റുന്നവരുടെ ഒരു പട്ടിക താഴെ ചേർക്കുന്നു.

കയർ തൊഴിലാളി പെൻഷൻ	506
കർഷക തൊഴിലാളി പെൻഷൻ	420
വാർദ്ധക്യകാല പെൻഷൻ	94
വിധവാ പെൻഷൻ	233
വികലാംഗ പെൻഷൻ	202
തൊഴിലില്ലായ്മ വേതനം	620

മേൽ വിവരങ്ങൾ നമ്മുടെ ജനങ്ങളുടെ ജീവിത നിലവാരം സൂചിപ്പിക്കുന്നു. ജീവിത നിലവാരം ദ്രുതഗതിയിൽ ഉയർത്തണം.അതിനു വേണ്ടിയുള്ള യത്നം 9-ാം പഞ്ചവത്സര പദ്ധതിയിൽ കാഴ്ചവെക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നതിനെതിരായിട്ടുള്ള നിയമം നിലവിലുണ്ടെങ്കിലും അത് നടപ്പിലുക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വേണ്ടത്ര ജാഗ്രത കാണിക്കാറില്ല.ഇതിനെ സംബന്ധിച്ചുള്ള ബോധവത്ക്കരണം വേണ്ടരീതിയിൽ നടത്തേണ്ടതാണ്. ഇതുമൂലമുണ്ടാകുന്ന രോഗങ്ങളും അധികരിച്ചു വരികയാണ്. ഉപഭോക്തൃ കോടതികളുടെസേവനം ലഭ്യമാക്കാനുള്ള നടപടി ഇപ്പോഴും സ്വീകരിക്കുന്നില്ല. ഉത്പ്പന്നങ്ങളുടെ വില വർദ്ധനയിലുള്ള ക്രമക്കേടുകൾ പരിഹരിച്ചു കിട്ടുന്നതിന് ഉപഭോക്താക്കൾ രംഗത്തു വരുന്നില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ള റോഡുകൾ, കിണറുകൾ തുടങ്ങിയവയിലേക്ക് ഉള്ള സ്വകാര്യ കടന്നു കയറ്റം സർവ്വ സാധാരണമായിരിക്കുന്നു. പൊതുകിണറുകൾ സ്വന്തമാക്കി വെക്കുക,റോഡുകളിലേക്ക് കയറ്റി വേലി കെട്ടി ഗതാഗതം തടസ്സപ്പെടുത്തുക മുതലായ അനാരോഗ്യ പ്രവർത്തനങ്ങളും കണ്ടുവരുന്നുണ്ട്. അതിനെതിരായിട്ടുള്ള ബോധവത്ക്കരണം അത്യന്താപേക്ഷിതമാണ്. സംഘടിത മേഖലയിലെപ്പോലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ക്ഷേമ നിധിയും, തിരിച്ചറിയൽ കാർഡും നല്കേണ്ടതാണ്.

പാർപ്പിടം

ഏതൊരു മനുഷ്യനും അവന്റെ ജീവിതത്തിലെ പ്രാഥമിക ലക്ഷ്യങ്ങളിൽ പ്രധാനമാണ് പാർപ്പിടം. ഈ സ്വപ്നം സാക്ഷാത്ക്കരിക്കാൻ നമ്മുടെ പഞ്ചായത്തിലെ 50% പേർക്കു മാത്രമേ കഴിഞ്ഞിട്ടുള്ളൂ. അതിൽത്തന്നെ നല്ലൊരു ശതമാനം വീടുകളും നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുള്ളത് ഗൾഫ് പണം ഉപയോഗിച്ചാണ്.

ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് വ്യവസായത്തൊഴിലാളികൾക്കും താണവരുമാനക്കാർക്കും ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചു. ആദ്യ പദ്ധതി എന്ന നിലയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞില്ല .രണ്ടാം പദ്ധതി മുതൽ കേരളമുഴുപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ ഭൂപരിഷ്ക്കരണത്തിന്റെ ആരംഭം കുറിച്ചു.തുടർന്ന് ഭവന നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂടി. മുൻഗണന നൽകി നടപ്പിലാക്കിയ പദ്ധതിയാണെങ്കിലും പാർപ്പിടപ്രശ്നം ഒന്നിനൊന്നധികരിക്കുകയാണുണ്ടായത്. നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ ബോധ്യപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വിവരം പരിശോധിക്കാം.13482 കെട്ടിടങ്ങൾ ഉള്ളതിൽ വീടുകൾ 8840 ആണ്.കടകളും മറ്റ് ചമയങ്ങളും ചേർത്ത്

4642 കെട്ടിടങ്ങൾ ഉണ്ട്. ഇതിൽ 5% വീടുകളാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് (424).60% വീടുകൾ ഓടിട്ടതും, ലൈറ്റ് റൂഫ് ഇട്ടതുമായിട്ടുണ്ട് (5314).ബാക്കിയുള്ള 35% വീടുകൾ (3102) ഓല കെട്ടിയതും, കുടിലും ആണ്.ഇതിൽ ഗണ്യമായ ഭാഗം താമസയോഗ്യമല്ലതാനും.

ഹരിജനങ്ങൾക്ക് നിർമ്മിച്ചു കൊടുക്കുന്ന വീടുകൾ പണി പൂർത്തിയാകാതെ കിടക്കുന്നവ വളരെയധികം, ആണ്. കാലാകാലങ്ങളിൽ മെയിന്റൻസ് നടത്താതിരിക്കുന്നവയും എണ്ണത്തിൽ കുറവല്ല.ലക്ഷം വീട്,ഹരിജൻ കോളനികളിലെ ഗണ്യമായ ഭാഗം വിടുകളും താമസയോഗ്യമല്ല. 4 സെന്റ് ഭൂമിയാണ് ലക്ഷം വീട് കോളനികളിൽ നല്കുന്നത്.ഇത് തുലോം പരിമിതമാണെന്ന് പറയേണ്ടതില്ലല്ലോ. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് വായ്പ കൊടുക്കുന്ന പദ്ധതികൾ നിലവിലുണ്ട്.കേരള സംസ്ഥാന ഹൗസിങ്ങ് ബോർഡാണ് മുന്നിൽ.ഈ വകുപ്പിൽ നിന്നും വായ്പ ലഭിക്കാനുള്ള കാലതാമസവും, കഷ്ടപ്പാടുകളും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടവയാണ്. മണ്ണഞ്ചേരി പഞ്ചായത്തിന്റെ വടക്കേ അറ്റം ഒരു ഹൗസിങ്ങ് കോ - ഓപ്പറേറ്റിവ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് പ്രവർത്തിക്കുന്നതിനായി സ്ഥാപിക്കുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ടായി.

മൊത്തം കോളനികൾ	25
വീടുകൾ	575
ഓടിട്ടത്	112
ഓല മേഞ്ഞ് താമസ യോഗ്യമല്ലാത്തവ	463

<u>പരിഹാരവും സാദ്ധ്യതകളും</u>

1.ലക്ഷം വീടു കോളനികളിലുള്ള എല്ലാവരെയും ഏറ്റവും കുറഞ്ഞത് 10 സെന്റു ഭൂമി നൽകി പുനരധിവസിപ്പിക്കുകയും താമസ യോഗ്യമായ വീടുകൾ നിർമ്മിച്ചു നൽകുകയും ചെയ്യുക. അപ്രകാരമുണ്ടാകുന്ന ചെലവുകളിലൊരു ഭാഗം ഗുണഭോക്താക്കളുടെ വരുമാനത്തിൽ നിന്നും ശാസ്ത്രീയമായി തിരിച്ചു പിടിക്കുകയും വേണം.

2. മേൽ പ്രസ്താവിച്ചതു പോലെ നടപ്പിലാക്കുന്നു വരെ നിലവിലുള്ള വീടുകൾ താമസയോഗ്യമാക്കി നൽകണം. ഓല കെട്ടുന്നതിനു ധനസഹായം നൽകണം.

3. വായ്പയെടുത്തു നിർമ്മിച്ച വീടുകളുടെ ജീർണ്ണോദ്ധാരണം ഗുണഭോക്താക്കളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുക.

4. വീടു നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുവാൻ നിലവിലുള്ള കാലതാമസം ഒഴിവാക്കണം.ബാദ്ധ്യതയില്ലാതിരിക്കുകയും കൈവശമിരിക്കുന്നതുമായ വസ്തുവിൽ ഗുണഭോക്താവിന് വീടുനിർമ്മിക്കാൻ മറ്റുപാധികളില്ലാതെ രണ്ടു തവണകളായി വായ്പ അനുവദിക്കുക.

5. ഇഷ്ടിക നിർമ്മാണത്തിനും, നിർമ്മാണത്തൊഴിലാളികളുടെ പരിശീലനത്തിനും പദ്ധതി തയ്യാറാക്കുക. പഞ്ചായത്തിൽ നിലവിലുള്ള തൊഴിലാളികളെക്കൂടാതെ 200 പേരെ സ്പോൺസർ ചെയ്തു പരിശീലിപ്പിക്കുക.

6. ബ്ലോക്കിലൂടെയുള്ള പോഷകാഹാര വിതരണ പരിപാടി ഒരു വാർഡിൽ രണ്ട് എന്ന കണക്കിൽ പുനസംവിധാനം ചെയ്യുകയും, ഫീഡിംഗ് സെൻററുകളിലൂടെയുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

7. ബാലവാടികൾ എല്ലാ ഫീഡിംഗ് സെന്ററിനോടും ചേർത്ത് സംഘടിപ്പിക്കുക.

8. ഉച്ചക്കഞ്ഞിവിതരണം കൃത്യമായി നടത്തുന്നതിന് പഞ്ചായത്തു മെമ്പറുടെ മേൽനോട്ടത്തിൽ പി.റ്റി.എ തയ്യാറാകണം.

9. ഹരിജൻ വനിതകൾക്ക് വ്യവസായം ചെയ്യുന്നതിന് അംബേദ്ക്കർ ഗ്രാമം കേന്ദ്രീകരിച്ച് ഒരു സ്ഥാപനം ഉണ്ടാവണം. വ്യവസായ ഡിപ്പാർട്ടുമെന്റ്,വെൽഫെയർ ഈ തുറകളിലുള്ളവരുമായി ആലോചിക്കണം.

10. ഉപഭോക്തകോടതിയുടെ സേവനത്തെ സംബന്ധിച്ച് സന്നദ്ധ സംഘടനകൾ മുഖേന ബോധവൽകരണം നിർവഹിക്കുന്നു.

11. എല്ലാ പൊതു റോഡുകളുടെയും കിണർ തുടങ്ങിയവയുടെയും സ്ഥലം വിട്ടുതന്നിട്ടുള്ളതിന്റെ രേഖ പരിശോധിച്ച് അളന്നു തിരിച്ച് കല്ലിട്ടു പുതുതായി രജിസ്റ്റർ തയ്യാറാക്കുക.

12. മണ്ണഞ്ചേരി പഞ്ചായത്തിലുള്ള മുഴുവൻ റോഡുകളുടെയും മൂന്നു മീറ്റർ തള്ളി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ.

ശവ: ഏജൻസികൾ സൗജന്യമായി നൽകുന്ന വീടുകളും സന്നദ്ധ സംഘടനകൾ നിർമ്മിച്ചു നൽകുന്ന വീടുകളും നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

പട്ടിക ജാതി - പട്ടിക വർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതിക്ക് അനുവദിക്കുന്നതു പോലെ ദുർബല വിഭാഗക്കാർക്കും പദ്ധതി കാം ആവിക്ഷ്ക്കരിച്ചിട്ടുണ്ട്.

ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികളുടെ പലിശയിൽ ഇളവു അനുവദിക്കണം.

9-ാം പദ്ധതി നടപ്പിലാക്കുമ്പോാം സമൂഹത്തിലെ ദുർബല വിഭാഗങ്ങാംക്കു വീടുകാം നിർമ്മിക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തുകാം വഴി നടപ്പിലാക്കുകയും വീടൊന്നിന് 30000 രൂപയിൽ കുറയാത്ത വിധം 500 വീടിന് തുക വർഷത്തിൽ അനുവദിക്കുവാൻ ഗവണ്മെന്റുകാം തയ്യാറാകണം.

ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് മുൻതൂക്കം നൽകേണ്ടതാണ്.

■



സംസ്ക്കാരം

വിദ്യാഭ്യാസവും സംസ്കാരവു ഒന്നുപെട്ടതാണ്. വയോജന വിദ്യാഭ്യാസം, ഗ്രാമീണ ഉപരിവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നീ വിദ്യാഭ്യാസത്തിന്റെ മേഖലകൾ സംസ്കാരത്തിന്റെ ഭാഗമായി കരുതേണ്ടതാകുന്നു. ഗ്രാമീണവിദ്യാഭ്യാസ പദ്ധതി 1956-ൽ ഇൻഡ്യയിൽ ആവിഷ്ക്കരിച്ചു. യുവജനങ്ങളിൽ സേവന ചൈതന്യം ഗ്രാമജീവിതരീതിയിൽ അനുകമ്പ ഗ്രാമവികസന പദ്ധതിയിൽ പരിശീലനം സമൂഹത്തിന്റെ നിർമ്മാണ പരമായ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും രാഷ്ട്ര പുനർനിർമ്മാണത്തിൽ സുരക്ഷിതത്വം കണ്ടെത്താനുമായി വിവിധ യുവജന പരിപാടികൾ ഗവ: ആവിഷ്ക്കരിച്ചു. നാഷണൽ സർവ്വീസ് സ്കീം, നെഹ്രു യുവക് കേന്ദ്രം എന്നിവ ഇതിൽ പ്പെടുന്നു. യുവജനങ്ങളുടെ കായികവും, മാനസികവുമായ വളർച്ചയും ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കിയിരിക്കുന്നു.

ദേശീയ തലത്തിൽ ആറം ഇൻഡ്യാ സ്പോർട്സ് കൗൺസിൽ, നാഷണൽ സ്പോർട്സ് ഓർഗനൈസേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഫീൽഡ് പബ്ലിസിറ്റി തുടങ്ങിയവ കലാകായിക സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്നവയാണ്.

പരമ്പരാഗതവും പൗരാണികവുമായ സംസ്കാരത്തിന്റെ എല്ലാ മേഖലകളെയും പറ്റിയുള്ള പഠനം, നാടോടി വിജ്ഞാന ശാഖയിലൂടെ സാധിച്ചിരിക്കുന്നു. ഗ്രാമീണജനതയുടെ പരമ്പരാഗത വിശ്വാസങ്ങൾ, ആചാരം, പെരുമാറ്റം, ഉൽസവ ആഘോഷങ്ങൾ, ഗ്രാമീണ വിനോദങ്ങൾ, ഗാർഹിക കലകൾ, നാടോടി നൃത്തങ്ങൾ, സ്ഥലപുരാണങ്ങൾ തുടങ്ങി കൃഷിസമ്പ്രദായങ്ങൾ വരെ നാടോടി വിജ്ഞാന ശാഖയിൽ പ്പെടുന്നു. ഇവയെപ്പറ്റി പഠിക്കുവാനോ, കാലോചിതമായ മാറ്റങ്ങൾ വരുത്തി പ്രോത്സാഹിപ്പിക്കുവാനോ ഉള്ള യാതൊരു തയ്യാറെടുപ്പുമില്ല. ഇതിലുള്ള ഗവ: ഇടപെടൽ തൃപ്തികരമല്ലതാനും. നമ്മുടെ പ്രദേശത്ത് നിരവധി കലാ സാംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നു. ഓണം നാളുകളിൽ ആഘോഷങ്ങൾകൊണ്ടും, ശിശുദിനം, ഗാന്ധിജയന്തി തുടങ്ങിയ ദിനങ്ങളിലും ആഘോഷം നടത്തിയും തൃപ്തിപ്പെടുകയാണ് അവ.

ഇവയെല്ലാം തന്നെ ജനങ്ങളുടെ സാമൂഹ്യ പുരോഗതിയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിൽ വ്യാപൃതരാകുന്നില്ല. കേരള സംഗീത നാടക അക്കാഡമി, വള്ളത്തോൾ കലാമണ്ഡലം തുടങ്ങിയവ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ ആനുകൂല്യങ്ങൾ ഈ പ്രദേശക്കാർക്ക് ലഭ്യമാകുന്നില്ല.

പ്രാചീന കലകളിൽ കഥകളി, ചാക്യാർകൂത്ത്, ഓട്ടംതുള്ളൽ, അമ്മംകുടംതുള്ളൽ തെയ്യം എന്നിവ മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്. ഓട്ടം തുള്ളലിൽ അഭിനവപാഠവം പ്രദർശിപ്പിച്ച് ദൂരദർശനിൽ അർഹമായ സ്ഥാനം നേടിയ ശ്രീ. മണ്ണഞ്ചേരി ദാസൻ ഗ്രാമാന്തരങ്ങളിലൂടെ ഈ കലയുടെ മഹിമ തെളിയിക്കുന്നു. അമ്മംകുടം തുള്ളലിൽ മികവുറ്റ കഴിവ് പ്രകടിപ്പിക്കുന്ന വണിക, വൈശ്യ കുടുംബങ്ങൾ കണക്കൂർ കേന്ദ്രമായി താമസിച്ചു വരുന്നു. കലാകായിക രംഗത്ത് വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന നിരവധി സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബുകൾ ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും കലാ കായിക പ്രതിഭകളെ ഒരു പദ്ധതിയിലൂടെ വളർത്തിയെടുക്കുന്നതിന് മികവ് കാട്ടുന്നില്ല.

വിവിധ മതങ്ങളും സംസ്കാരവും കൂടി കലർന്നതാണ് ഈ പ്രദേശം . ദേവാലയങ്ങളോട് അനുബന്ധിച്ച് നിരവധി പ്രാചീന നാടൻ പാട്ടുകളും കലകളും ഉൽസവ ആഘോഷവേളകളിൽ പ്രദർശിപ്പിച്ചുപോരുന്നു. ഇന്ന് അവ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള ദേവാലയങ്ങളിൽ കഥാപ്രസംഗം, പാട്ട് കച്ചേരി, നാടകങ്ങൾ, കോൽകളി, പരിചമുട്ടുകളി, വില്ലടിച്ചൻ പാട്ട്, അറവനമുട്ട്, ഒപ്പന, മാർഗ്ഗം കളി തുടങ്ങിയവ സർവ്വ സാധാരണമായിരുന്നു. കേരള സംസ്കാരത്തിന്റെ തനിമ വിളിച്ചോതുന്ന ഈ കലാരൂപങ്ങൾ പരിരക്ഷിക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദ്രുതഗതിയിൽ രൂപം കൊണ്ടതോടെ ഗ്രന്ഥശാലകൾ സാംസ്കാരിക ജീവിതത്തിന്റെ അവിഭാജ്യഘടകമായി തീർന്നു. വിശ്വസാംസ്കാരിക മേഖലയുടെ നവോദ്ധാനത്തിന് പുസ്തക മേളകൾ ഒട്ടനവധി സംഭാവനകൾ നല്കിയിട്ടുണ്ട്. 1952 - ൽ ഡൽഹിയിൽ നടന്ന പുസ്തക മേള അക്കാലത്തെ ഏറ്റവും വലിയ ആഘോഷമായിരുന്നു. പുസ്തകവും, ജനങ്ങളും തമ്മിലുള്ള വിടവ് നികത്താനും ഇത്തരം മേളകൾ ഉപകരിച്ചു.യൂറോപ്പിൽ പുസ്തക മേള സാംസ്കാരിക രംഗത്ത് അപ്രധാനമല്ലാത്ത പങ്ക് വഹിക്കുന്നു. ഗ്രന്ഥകാരൻമാർക്കും, പ്രസാധകർക്കും, ഗ്രന്ഥശാലാ പ്രവർത്തകർക്കും കണ്ടുമുട്ടാനും,അഭിപ്രായങ്ങൾ കൈമാറാനും ഇത്തരം വേദികൾ സഹായകരമായിട്ടുണ്ട് സാംസ്കാരിക പ്രവർത്തനങ്ങളുടെ ഉദയം 1950 -ന് മുൻപ് കേരളത്തി ആരംഭിച്ചു. എങ്കിലും വ്യാപകമായത് 1950 - ന് ശേഷമാണ്.നമ്മുടെ പഞ്ചായത്തിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ സ്മരണ നിലനിർത്തുന്നതിനായി ഇന്നത്തെ നേതാജി എന്ന സ്ഥലത്ത് 1944 ൽ ഒരു വായനശാല നേതാജിയുടെ പേരിൽ സ്ഥാപിച്ചിരുന്നു. ഇന്ന് ഈ സ്ഥലത്തിന് നേതാജി എന്ന പേരാണ് നിലനില്ക്കുന്നത്. രണ്ടാം ലോക മഹായുദ്ധകാലം മുതൽ തന്നെ ഈ നാട്ടുകാർ ഇൻഡ്യൻ ദേശീയതയുമായി പൊരുത്തപ്പെട്ടിരുന്നതായും, സാംസ്കാരിക രംഗത്ത് മികച്ച സംഭാവനകൾ നല്കിയിരുന്നതായും തെളിയുന്നു. മണ്ണഞ്ചേരി പഞ്ചായത്തിൽ സ്ഥാപിച്ച ജവഹർലാൽ മെമ്മോറിയൽ സാംസ്കാരിക നിലയം എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തതിർത്തിയിൽ പവർത്തിക്കുന്ന മറ്റു ഗ്രന്ഥശാലകളുടേയും വായനശാലയുടേയും വിവരങ്ങൾ കാണുക (അനുബന്ധം 8:1)

വാർഡുകളിലെ വിവിധ കേന്ദ്രങ്ങളിലായി യുവപ്രതിഭ ഗ്രന്ഥശാല, സരിഗ വായനശാല, നളന്ദ വായനശാല, മഹാത്മാ വായനശാല, നവഭാവന വായനശാല, രചനാ വായനശാല, എം.വൈ.എസ്സ്.എസ്സ് ഗ്രന്ഥശാല & വായനശാല,നവോത്ഥാന വായനശാല, എസ്സ്.എൻ. കലാവേദി തുടങ്ങിയവ രജിസ്ട്രഷൻ ഇല്ലാതെ പ്രവർത്തിക്കുന്നവയും ഉണ്ട്. നാളിതു വരെ രജിസ്ട്രഷൻ ലഭിക്കാത്തതിനാൽ ഇതിന്റെ പ്രവർത്തകർ നിരാശരാണ്.

<u>പരിഹാരം/സാദ്ധ്യതകൾ</u>

1.കലാകായിക സംഘടനകൾ എല്ലാം തന്നെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നതിന് ബോധവത്കരണം നടത്തുക.

2.എല്ലാ കലാകായിക സംഘടനകളും പ്രതിഭകളെ വളർത്തിയെടുക്കുന്നതിനുള്ള ദീർഘകാല പദ്ധതി ആവിഷ്ക്കരിക്കുകയും കേരള സംഗീത നാടക അക്കാഡമി,ജില്ലാ സംസ്ഥാന

സ്പോർട്സ് കൗൺസിലുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയും ചെയ്യുക.

3.നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് സംഘടനകൾ മുന്നോട്ട് വരുന്നതിന് ധനസഹായം ചെയ്യുക.

4.നിലവിലുള്ള വായനശാലകളെയും, ഗ്രന്ഥശാലകളേയും,ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്യാത്തവ ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

5.പഞ്ചായത്ത് അതിർത്തിയിലുള്ള കെട്ടിടങ്ങൾ ഇല്ലാത്ത വായ്നശാലകൾക്ക് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ഉണ്ടാവണം.

6.ഗ്രന്ഥസമാഹരണത്തിന് ആവശ്യമായ ധനസഹായം നല്കണം.

7.സാക്ഷരത പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

8.എല്ലാ വായന ശാലകൾക്കും ടി.വി യും റേഡിയോയും നൽകുന്നതിനാവശ്യമായ ഗവ: ധനസഹായം ഉറപ്പുവരുത്തുക.

9.സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് ആവശ്യമായ പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തുക.

10.ടി.വി മാധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. ■

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ പേരു വിവരം

അനുബന്ധം 8:1

ക്രമ നമ്പർ	ഗ്രന്ഥശാലകളുടെ പേര് വിവരം	വാർഡ് നമ്പർ
1	കാവുങ്കൽ ഗ്രാമീണ ഗ്രന്ഥശാല & വായനശാല	6
2	വൈ.എം.എ.ഗ്രന്ഥശാല & വായനശാല	6
3	വിജ്ഞാനോദയം ഗ്രന്ഥശാല & വായനശാല	9
4	ടാഗോർ വായനശാല & ഗ്രന്ഥശാല	12
5	നവഭാവന വായനശാല & ഗ്രന്ഥശാല	13
6	ദേശാഭിമാനി വായനശാല & ഗ്രന്ഥശാല	3
7	മുഹമ്മ അയ്യപ്പൻ സ്മാരക വായനശാല & ഗ്രന്ഥശാല	2
8	യുവപ്രഭ വായനശാല & ഗ്രന്ഥശാല	12
9	മണ്ണഞ്ചേരി പഞ്ചായത്ത് സാംസ്ക്കാരിക നിലയം	12
10	യുവജന വായനശാല & ഗ്രന്ഥശാല	10



വനിതാക്ഷേമം

സാമൂഹ്യ വികസനത്തിൽ വനിതകൾക്ക് നിർണ്ണായക പങ്കു വഹിക്കാൻ കഴിമെന്നത് നിസ്തർക്കിതമാണ്. വനിതകളെ അതിനു പ്രാപ്തമാക്കുവാൻ നിരവധി പദ്ധകൾ കേന്ദ്ര സംസ്ഥാന ഗവ: നടപ്പലാക്കിയിട്ടുണ്ട്. ഇപ്പോൾ തുടർന്നു കൊണ്ടുമിരിക്കുന്നു. സാക്ഷരതയിൽ പിന്നോക്കം നിന്ന വനിതകളിൽ 1958 മുതൽ വയോജന വിദ്യാഭ്യാസ നടപ്പിലാക്കിതുടങ്ങി. തുടർന്ന് നമ്മുടെ സംസ്ഥാനത്ത് മഹിളകളുടെ മാത്രമായ സേവന സംഘടനകൾ രൂപീകൃതമായി. അസംഘടിതരും, സാമൂഹികമായി പിന്നോക്കം നിന്നവരുമായ സ്ത്രീകളുടെ ജീവിത രീതിക്ക് തന്നെ മാറ്റം വരുത്തുവാൻ കഴിഞ്ഞു. സ്ത്രീകളുടെ ഇടയിൽ നാം ലക്ഷ്യമിട്ട പുരോഗതി കൈവരിക്കാൻ 1970 വരെ കഴിഞ്ഞില്ല. 1971 മുതൽ ദേശീയ തലത്തിൽ സ്ത്രീകളുടെ സാമൂഹ്യ പദവിയെപ്പറ്റി അന്വേഷിക്കാൻ നിയുക്തമായ കമ്മറ്റി 1975 ൽ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. വനിതകളുടെ തൊഴിൽ പരിശീലനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ ഈ പഠനം സഹായിച്ചു. തുടർന്ന് വനിതകൾക്ക് മാത്രമായി വ്യവസായം ആരംഭിക്കുന്നതിന് ധനസഹായം സംസ്ഥാന ഗവ: നടപ്പിലാക്കി. വനിതാ വ്യവസായ യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്ത് പരക്കെ ആരംഭിച്ചു. എങ്കിലും ഈ രംഗത്തേക്ക് കടന്നു വരുന്ന വനിതകൾതുലോം പരിമിതമായിരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, കുടുംബക്ഷേമം,സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം തുടങ്ങിയവയിൽ സ്ത്രീകൾക്ക് വിജ്ഞാനവും, പരിശീലനവും നല്കേണ്ടിയിരിക്കുന്നു. പ്രസ്തുത മേഖലകളിലൊക്കെ സ്ത്രീകളിൽ ക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്ത് തലത്തിൽ അപ്രകാരമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.പഞ്ചായത്ത് രാജ് നിയമത്തിൽ 30% സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അംഗീകാരം അർഹിക്കുന്ന രീതിയിൽ സ്വീകരിക്കുവാൻ സ്ത്രീകൾക്ക് പൂർണ്ണമായും കഴിയുന്നില്ല.പ്രസ്തുത ആനുകൂല്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പാകത്തിൽ സ്ത്രീകളെ പരിശീലിപ്പിക്കേണ്ട

തായിട്ടുണ്ട്.മുൻപുവിഭാഗത്തിൽപെട്ട വനിതകൾനിർ മ്മാണ തൊഴിലാളി രംഗത്തും, കർഷക തൊഴി ലാളി രംഗത്തുമാണ് കൂടുതൽപ്പെടുന്നത്.വ്യവസായ തൊഴിലാളികളിൽ ഗണ്യമായ ഭാഗം പുരുഷൻ മാരാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് മുൻപന്തിയിൽ. എന്നാൽ സാക്ഷരതയിൽ ഈ മേന്മ അവകാശപ്പെടുവാൻ അവർക്കു കഴിയുന്നില്ല. ഈ പഞ്ചായത്തിൽ കലാ കായിക രംഗത്തു വളർന്നു വരുന്നവർ ധാരാളം ഉണ്ട് .അവർക്കു വേണ്ട പ്രോത്സാഹനം നാം നല്കുവാൻ തയ്യാറാകണം.

വനിതാ സമാജങ്ങളിലൂടെയുള്ള സ്ത്രീ പുരോഗതിയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തന ങ്ങൾ വിജയിച്ചുകാണുന്നില്ല.17 വനിതാസമാജ ങ്ങളും വിവധ വനിതാ സംഘടനകളും പഞ്ചായ ത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ കീഴിൽ 5 ബാലവാടികളും 12 ഫീഡിങ്ങ് സെന്ററുകളും പ്രവർത്തക്കുന്നുണ്ട്. സംഘടന കൊണ്ട് സാമ്പത്തിക നേട്ടം കൈവരിക്കാനുള്ളപ്രേരണ ഉണ്ടാക്കേണ്ടതാണ്. സ്ത്രീകൾ സ്വന്തം വീടുക ളിലിരുന്ന് ചെയ്യുന്ന മുഖ്യ തൊഴിൽ കയർ പിരി ക്കലാണ്.അഴുകിയ തൊണ്ട് തല്ലി കൈകൊണ്ടു പിരിക്കുന്ന സമ്പ്രദായമാണ് കൂടുതലായി നില വിലുള്ളത്. റാട്ട് ഉപയോഗിച്ച് കയർ പിരിക്കുന്ന അപൂർവ്വം വീടുകളും ഉണ്ട്.തൊണ്ട് അഴുക്കുവാനുള്ള സൗകര്യം ഇവിടെ കുറവാണ്. അഴുകിയ തൊണ്ട് മറ്റു സ്ഥലങ്ങളിൽ നിന്നു കൊണ്ടു വന്നോ, ചകിരി കൊണ്ടു വന്നു കയർ റാഡിൽ പിരിക്കുകയോ ചെയ്യാവുന്നതാണ്. സമാജ ങ്ങളുടെ കീഴിൽ നടത്താവുന്ന ലാഭകരമായ തൊഴിലാണിത്.

പച്ചക്കറി കൃഷിയും , മുല്ല കൃഷിയും വീട്ടു മുറ്റത്ത് ചെയ്യാൻ പറ്റുന്ന ആദായകരമായ കൃഷികളാണ്. ഇതിനുള്ള പദ്ധതി തയ്യാറാ ക്കുന്നതിന് കൃഷിയും ജലസേചനവും എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതാകുന്നു. കുടിൽ വ്യവസായത്തിനുള്ള സ്കീമുകൾക്കു വായ്പ നല്കുന്നതു സഹായകകരമായിരിക്കും.

സാമൂഹ്യ രംഗത്തേക്ക് വരുവാൻ സ്ത്രീകൾ ക്കുള്ള വൈമുഖ്യത്തിന് ഒരു പരിധിവരെ പുരു ഷൻമാർ ഉത്തരവാദികളാണ്.ഇപ്പോഴും പുരുഷ മേധാവിത്വം നിലനിൽക്കുന്നതായിട്ടാണ് പഠ നം തെളിയിക്കുന്നത്. കലാകായിക രംഗത്ത് സ്ത്രീകളുടെ ഇടപെടൽ നമ്മുടെ പ്രദേശത്ത് താരതമ്യേന കുറവാണെന്നു പറയാം. വിദ്യാല യാടിസ്ഥാനത്തിലും ഇതേ അനുഭവം തന്നെ യാണെന്നു കാണാം. സമൂഹം വച്ചു പുലർത്തു ന്ന പഴയ ധാരണകളാണ് ഇതിന് കാരണം.

നമ്മുടെ പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന വിവിധ വനിതാ സംഘടനകളുടെ പേരു വിവരും ഇതോടൊപ്പം ചേർക്കുന്നു. (അനുബ ന്ധം 9:1) സ്ത്രീധനത്തിനെതിരായ പ്രചാര ണം ഫലപ്രദമായി നടക്കുന്നില്ല.

പരിഹാരങ്ങൾ/ സാദ്ധ്യതകൾ

1) നിലവിലുള്ള വനിതാ സംഘടനകൾഎല്ലാം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസ രിച്ച് രജിസ്റ്റർ ചെയ്യുക.

2) എല്ലാ സംഘടനകളും സംഘടനാതത്വം പാലിച്ച് പ്രവർത്തിക്കുവാനുള്ള നടപടി കൾ സ്വീകരിക്കുക.

3) സംഘടനയിൽ അംഗമാകുന്ന എല്ലാർ ക്കും തൊഴിൽ എന്ന മുദ്രാവാക്യം ഉയർത്തി ക്കൊണ്ട് കുടിൽ വ്യവസായത്തിന് പദ്ധതി തയ്യാറാക്കുക.

4) സംഘടനയുടെ പേരിലോ,വ്യക്തികളുടെ പേരിലോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ അനുവദിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.

5) പെൺകുട്ടികളുടെ കലാ കായിക വാസ നകളെ പ്രോത്സാഹിപ്പിക്കുന്നതിന് സംഘട നകൾ മുൻകൈ എടുക്കുക.

6) വ്യവസായ തൊഴിൽ രംഗത്തേക്ക് വനിതകളെ ആകർഷിക്കുന്ന രീതിയിൽ സ്വകാ ര്യമേഖലയിൽ 30% സംവരണം ഏർപ്പെടുത്തുക.

7) വിദ്യാഭ്യാസം, ആരോഗ്യം, പോഷകാ ഹാരം, കുടുംബക്ഷേമം, തൊഴിൽ സംസ്ഥാന ത്തിന്റെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം തുടങ്ങിയവയിൽ സ്ത്രീകൾക്ക് തുടർച്ചയായി ക്ലാസ്സും, പരിശീലനവും നല്കുക.

8) സ്ത്രീകളെ ആക്ഷേപിക്കുന്ന തരത്തി ലുള്ള അശ്ലീല പോസ്റ്ററുകൾ, പരസ്യങ്ങൾ, ഇവ പൂർണ്ണമായി നിരോധിക്കുക.

സ്ത്രീ പീഡനത്തിനെതിരായി നിലവിലുള്ള നിയമം അപര്യാപ്തമാണ്. ഇതിനെതിരായി പ്രത്യേക നിയമ വ്യവസ്ഥകൾ ഉണ്ടാകേണ്ടതാ ണ്. സ്ത്രീധനം ചോദിക്കുന്നതും കൊടുക്കുന്ന തും ശിക്ഷാർഹമാണ് എന്നുള്ളത് തത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള കർക്കശവും പ്രായോ ഗികവുമായ നിയമം നിർമ്മിക്കുകയും ആവശ്യ മാണ്.

■

അനുബന്ധം 9:1

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മഹിളാസമാജങ്ങളുടെ പേരുവിവരങ്ങൾ

ക്രമ നമ്പർ	വാർഡു നമ്പർ	സമാജത്തിന്റെ പേര്
1	ഒന്ന്	മണ്ണഞ്ചേരി വനിതാ സമാജം
2	രണ്ട്	പൊന്നാട് വനിതാ സമാജം
3	;;	പൊന്നാട് ഗ്രാമോദ്ധാരണ വനിതാ സമാജം
4	മൂന്ന്	പ്രഭാത് മഹിളാ സമാജം
5	;;	കാവുങ്കൽ ഹരിജൻ മഹിളാ സമാജം
6	നാല്	ഗ്രാമോദ്ധാരണ വനിതാ സമാജം
7	അഞ്ച്	ഷൺമുഖപുരം വനിതാസമാജം
8	;;	ശ്രീനാരായണ വനിതാസമാജം
9	ആറ്	കുന്നപ്പള്ളി മഹിളാസമാജം
10	ഏഴ്	ഈരയിൽഭാഗം വനിതാസമാജം
11	;;	അമ്പനാകുളങ്ങര വനിതാസമാജം
12	എട്ട്	ധന്യാ മഹിളാസമാജം
13	ഒൻപത്	വിജ്ഞാനോദയം മഹിളാസമാജം
14	പതിനൊന്ന്	മാതൃകാ വനിതാസമാജം
15	പന്ത്രണ്ട്	ധന്വന്തരി വനിതാസമാജം
16	പതിമൂന്ന്	കണക്കൂർ കസ്തൂർബാ വനിതാസമാജം
17	പതിന്നാല്	വിരിശ്ശേരി മഹിളാസമാജം

1. ജനാധിപത്യ മഹിളാഅസോസിയേഷൻ
2. മഹിളാ കോൺഗ്രസ്സ്
3. ഐക്യ മഹിളാസംഘം
4. കേരള മഹിളാസംഘം

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്
മഹിളാ സമാജം-ഫീഡിങ്ങ് സെന്റർ-ബാലവാടി സ്ഥിതിവിവര കണക്ക്

ക്രമ നമ്പർ	വാർഡ് നമ്പർ	സമാജങ്ങളുടെ പേര് വിവരം	ഫീഡിങ്ങ് വിവരം		ബാലവാടി പ്രവർത്തിക്കുന്നുണ്ടോ	കെട്ടിടം സ്വന്തമാണോ	ഫീഡിങ്ങ് സെന്റർ ഉണ്ടോ	റിമാർക്സ്
			അമ്മമാർ	കുട്ടികം				
1	1	മണ്ണഞ്ചേരി വനിതാ സമാജം	20	78	ഉണ്ട്	സ്വന്തം	ഉണ്ട്	
2	2	പൊന്നാട് വനിതാ സമാജം	14	70	ഇല്ല	ഇല്ല	ഉണ്ട്	
3	2	പൊന്നാട് ഗ്രാമോദ്ധാരണ വനിതാ സമാജം	15	76	ഇല്ല	ഇല്ല	ഉണ്ട്	
4	3	പ്രഭാത് മഹിളാ സമാജം	11	46	ഇല്ല	ഇല്ല	ഉണ്ട്	
5	3	കാവുങ്കൽ ഹരിജൻ ഫീഡിങ്ങ് സെന്റർ	11	40	ഇല്ല	ഇല്ല	ഉണ്ട്	
6	4	ഗ്രാമോദ്ധാരണ വനിതാ സമാജം	15	61	ഇല്ല	ഇല്ല	ഉണ്ട്	
7	5	ഷൺമുഖപുരം വനിതാ സമാജം	20	80	ഉണ്ട്	സ്വന്തം	ഉണ്ട്	
8	5	ശ്രീ നാരായണ വനിതാ സമാജം	20	60	ഉണ്ട്	സ്വന്തം	ഉണ്ട്	
9	7	ഈരയിൽഭാഗം വനിതാ സമാജം	17	51	ഇല്ല	ഇല്ല	ഉണ്ട്	
10	7	അമ്പനാകുളങ്ങര വനിതാ സമാജം	12	45	ഇല്ല	ഇല്ല	ഉണ്ട്	
11	9	വിജ്ഞാനോദയം ഫീഡിങ്ങ് സെന്റർ	--	--	ഇല്ല	ഇല്ല	ഉണ്ട്	വെൽഫെയർ വക
12	11	മാതൃകാ വനിതാ സമാജം	33	42	ഇല്ല	ഇല്ല	ഉണ്ട്	
13	12	ധന്വന്തരി വനിതാ സമാജം	16	77	ഉണ്ട്	സ്വന്തം	ഉണ്ട്	
14	13	കണക്കൂർ കസ്തൂർബാ വനിതാ സമാജം	12	65	ഉണ്ട്	സ്വന്തം	ഉണ്ട്	
15	14	കല്പ്പനാ മഹിളാ സമാജം	12	50	ഉണ്ട്	ഇല്ല	ഉണ്ട്	



സഹകരണം

ജനാധിപത്യ ഭരണ സംവിധാനം നിലവിൽ വന്നതോടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ഉർജ്ജിതമായി . വ്യക്തികം സ്വന്തം നിലയിൽ നടത്തി വന്നിരുന്ന കൃഷിയും മറ്റ് വ്യവസായങ്ങളും പിന്നോക്കം തള്ളപ്പെടുകയും കൂട്ടായ പങ്കാളിത്തവും, കൂട്ടായ പ്രവർത്തനവും മൂലം സഹകരണ മേഖല പുഷ്ടി പ്രാപിക്കുകയും, ഭാരതത്തിലുടനീളം കൂട്ടു കൃഷിയും സഹകരണ പ്രസ്ഥാനങ്ങളും നിലവിൽ വരികയും ചെയ്തു. ഉത്പാദന മേഖലയിൽ ഗണ്യമായ നേട്ടങ്ങം കൈവരിക്കാൻ സഹകരണ പ്രസ്ഥാനങ്ങം അധികമധികം ഉതകുമെന്ന് നമ്മെ ബോധ്യപ്പെടുത്തി.

ഈ സംരംഭം കൂടുതൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇനിയും വളർന്ന് വരേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ചെറുതും, വലുതുമായി 2 ഡസനോളം സഹകരണ സംഘങ്ങം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ പലതും ഇന്ന് പ്രവർത്തിക്കുന്നില്ല. ഇവയിൽ തന്നെ പ്രമുഖമായിരുന്ന മണ്ണഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ. 709 കുറേക്കാലമായി പ്രവർത്തന രഹിതമാണ്.ആര്യാട് വടക്ക്, മണ്ണഞ്ചേരി എന്നീ രണ്ട് മേഖലകളിൽ പ്രവർത്തിച്ചിരുന്ന രണ്ട് സംഘങ്ങം പ്രവർത്തന സൗകര്യത്തിന്റേയും, സാമ്പത്തിക ക്ഷമതയുടേയും പേരിൽ ഒന്നാക്കി മാറ്റുകയും ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം ഇതിന്റെ പ്രവർത്തനം നടന്ന് പോവുകയും, ഭരണ നേതൃത്വത്തിന്റെ പിടിപ്പു കേടും സാമ്പത്തിക തകർച്ചയും മൂലം ഇതിന്റെ പ്രവർത്തനം കഴിഞ്ഞ നാലു കൊല്ലമായി നിലച്ച് പോവുകയാണുണ്ടായത്. ഗ്രാമീണ സമ്പദ്ഘടനയെ ഈ തകർച്ച കാര്യമായി ബാധിച്ചു എന്ന് ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതുണ്ട്. മിൽമയുടെ നേതൃത്വത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മൂന്ന് സഹകരണ സംഘങ്ങം ഈ പ്രദേശത്തുണ്ട്.കാവുങ്കൽ ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ 181(ഡി),മണ്ണഞ്ചേരി വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ 180(എ), മണ്ണഞ്ചേരി സൗത്ത് ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ

നമ്പർ(180 എ)മണ്ണഞ്ചേരി സൗത്ത് ക്ഷീരോപ ത്പാദക സഹകരണ സംഘം നമ്പർ എ 790 എന്നിവയാണ് ഈ സംഘങ്ങം .ഈ സ്ഥാപന ങ്ങളുടെ പ്രവർത്തനം കൊണ്ടുള്ള പ്രയോജനം കഷ്ടിച്ച് പഞ്ചായത്തിലെനേർപകുതിവാർഡ് കാംക്ക് മാത്രമേ ലഭിക്കുന്നുള്ളു. 8 മുതൽ 12 വരെ വാർഡുകളിൽ ക്ഷീര സംഘങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനവും നടക്കുന്നില്ല. കാലി വളർത്തുന്നവർ ഉത്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിന് വളരെയധികം വിഷമതകം അനുഭവിക്കുന്നുണ്ട്.

പ്രവർത്തനത്തലുള്ള സംഘങ്ങം തന്നെ അളന്ന് എടുക്കുന്ന പാലിന് ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാതിയും വ്യാപകമായി ഉണ്ട്.മൂന്ന് സംഘങ്ങളിലും ആയി പ്രതിദിനം ഉദ്ദേശം 2500 ലിറ്റർ പാൽ സംഭരിക്കുന്നു.ഉദ്ദേശം മൂന്നിലൊന്ന് പ്രാദേശിക വില്പന കഴിച്ച് ബാക്കി മിൽമാ ഡയറികളിലേക്ക് സപ്ലൈ ചെയ്യുന്നു. ഈ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന കാലിതീറ്റയുടെ വില ദുർവ്വഹമാണ്. ന്യായമായ സബ്സിഡി നിരക്കിൽ അത് വിതരണം ചെയ്യണമെന്നും അംഗങ്ങംക്ക് അഭിപ്രായം ഉണ്ട്. ഈ പാൽ സംഘങ്ങം എല്ലാം തന്നെ ലാഭകരമായി പ്രവർത്തിക്കു ന്നു.ലാഭേവിഹിതം ബോണസ്സായി വിതരണം ചെയ്യുന്ന നടപടിയും നിലവിലുണ്ട്. ഇത്തരം സംഘങ്ങം കൃത്യമായി പ്രവർത്തിക്കുന്നത് നാടിന് കൂടുതൽ നന്നായിരിക്കും.

കയർ വ്യവസായവുമായി ബന്ധപ്പെട്ട് അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ഇന്ദിരാ പ്രിയദർശിനി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘം നമ്പർ എ 784 ആണ് പ്രമുഖമായുള്ളത്. കയർ പായ് നെയ്ത്താണ് ഇപ്പോം നടക്കുന്ന പ്രധാന തൊഴിൽ . പഞ്ചാ യത്തിലെ പിന്നോക്കപ്രദേശത്തു പ്രവർത്തിക്കു ന്ന ഈ സ്ഥാപനം പ്രത്യക്ഷമായും പരോക്ഷമാ യും അറുപതോളം തൊഴിലാളികംക്ക് പ്രതിദി നം തൊഴിൽ നൽകുന്നുണ്ട്. 1988 ൽ ആണ് ഇ ത് പ്രവർത്തനം അരംഭിച്ചത് നൂറ് ഓഹരികളോ ടെയും പതിനൊന്ന് ലക്ഷം രൂപ മൂലധനത്തോ ടെയുമാണ് പ്രവർത്തനാരംഭം . സ്ഥിരവും മനോഹരവുമായ ഫാക്ടറി കെട്ടിടങ്ങളും ഓ ഫീസും സംഘത്തിന് സ്വന്തമായിട്ടുണ്ട്. ഇപ്പോം പ്രവർത്തനം നഷ്ടത്തിലാണ്.

കാവുങ്കൽ അംബേദ്ക്കർ കോളനിയിൽ 3-ാം വാർഡ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് എസ്സ്. എക്സ്. എ - 160 -ാം നമ്പർ കാവുങ്കൽ ഹരിജൻ ഇൻഡ സ്ട്രിയൽ സഹകരണസംഘം.ചകിരിത്തടുക്ക് ഉത്പാദിപ്പിക്കുന്ന 6 തറികളും സ്വന്തമായി ഫാക്ടറികെട്ടിടവും ഉള്ള ഈ സഹകരണ ഫാക്ടറിക്ക് 40 ഓഹരികളിലായി 31500 രൂപ ഓഹരി മൂലധനമുണ്ട്. 1990 ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു എങ്കിലും ഇപ്പോം പ്രവർത്തനരഹിതമാണ്.

എ 564-ാം നമ്പർ സംഘമാണ് മറ്റൊരു കയർ സഹകരണ സ്ഥാപനം . മണ്ണഞ്ചേരി പഞ്ചായ ത്താണ് പ്രവർത്തനപരിധി . സ്വന്തമായി സ്ഥലമുണ്ട് കെട്ടിടമില്ല. ഐ.സി.ഡി.പി.അനു സരിച്ചുള്ള പ്രവർത്തനങ്ങംക്കായി നടപടികം സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ സാമ്പത്തി കസഹായം ഉണ്ടെങ്കിൽ മാത്രമെ കയർ വ്യവ സായ സഹകരണസംഘങ്ങംക്ക് നല്ല നിലയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളു.

നമ്മുടെ നാടിന് ഏറെ പ്രയോജനം ചെയ്യേ ണ്ട മറെറാരു പധാനസഹകരണ സംഘമാണ് 1980 ൽ സ്ഥാപിച്ച മണ്ണഞ്ചേരി പഞ്ചായത്ത് ഹൗസിംഗ് സഹകരണ സംഘം. എ. 686 -ാം നമ്പരായി രജിസ്റ്ററർ ചെയ്തു.പവർത്തിക്കു ന്ന ഈ സംഘത്തിന് 390 അംഗങ്ങളും 39000 രൂപ ഓഹരി മൂല ധനവുമുണ്ട്. കെട്ടിട നിർ മ്മാണം,പുനരുദ്ധാരണം എന്നീ കാര്യങ്ങംക്ക് ചെറുതും വലുതുമായി മൂന്ന് തരം വായ്പകം നല്കുന്നു. സംഘം രേഖകളനുസരിച്ച് നാളിതു വരെ 6188300 രൂപ ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്. ഹൗസിംഗ് ഫെഡറേഷൻ വഴി വിതരണം നടത്തുന്ന ഈ വായ്പ തുക 230 പേർക്കാണ് നൽകിയിട്ടുള്ളത്.വായ്പാ സംഖ്യ യുടെ തിരിച്ചടവ് ചട്ടപ്രകാരം നടക്കുന്നില്ലായെ ന്ന് ഭാരവഹികംക്ക് ആക്ഷേപം ഉണ്ട്. ജന ങ്ങംക്ക് ഏറെ പ്രയോജനപ്രദമായ പാർപ്പിട പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം ഉണ്ട്. കെട്ടിടമില്ലാത്തതിനാൽ വാടക , മുറിയിൽ പ്രവർത്തിക്കുന്നു. വായ്പകുടിശ്ശിക ഇല്ലാതാ ക്കാനും കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കാ നും പലിശ നിരക്ക് കുറച്ച് കിട്ടുന്നതിന് സഹാ യകരമായ നടപടികം ഉണ്ടാകേണ്ടിയിരിക്കു ന്നു .അധികൃത സ്ഥാപനങ്ങളിൽ നിന്നും കൂടു തൽസഹാ യം ലഭിക്കുവാൻ കഴിയുന്ന സംവി ധാനം നടപ്പിൽ വരുത്തുന്നതിന് സെമിനാർ , ചർച്ചാക്ലാസ്സുകം തുടങ്ങിയവ സംഘടിപ്പിക്ക ണമെന്ന് പ്രവർത്തകർക്ക് അഭിപ്രായമുണ്ട്. ഓഡിറ്റിന് വിധേയമായ 93,94 വർഷത്തെ കണക്കു പ്രകാരം നഷ്ടത്തിൽ നിന്ന് കരകയറി യിട്ടുണ്ടോയെന്ന് ആധികാരികമായി പറയുന്ന തിന് സഹായകമായി ഈ സംഘത്തിൽ പീന്നിട്

ഓഡിറ്റ് നടന്നിട്ടില്ല.

ഹൈസ്കൂൾ സംഘങ്ങൾ മണ്ണഞ്ചേരി ഗവ: എച്ച്. എസ്സി ൽ . എ 384-ാം നമ്പർ സംഘം പ്ര ർത്തിക്കുന്നു. കുട്ടികളും, അദ്ധ്യാപകരും ഈ സംഘത്തിലെ അംഗങ്ങളാണ് ഒരു കുട്ടിക്ക് 1 രു 10 പൈസയും അദ്ധ്യാപകന് 5 രൂപയുമാണ് ഓഹരി തുക. ഗവ: പതിനായിരം രൂപ ഓഹരി മൂലധനത്തിൽ നിഷേപിച്ചിട്ടുണ്ട്. 1975 ൽ പ്രവർത്തനം ആരംഭിച്ചു രണ്ടായിരം അംഗ ങ്ങളുള്ള ഈ സംഘത്തിൽ 3000 രൂപ ഓഹരി മൂലധനം ഉണ്ട്.അംഗങ്ങളായ അദ്ധ്യാ പകർക്കും,പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്കും ക്രെഡിറ്റ് വ്യവസ്ഥയിൽ പുസ്തക ങ്ങളും പാഠ്യോപകരണങ്ങളും കൊടുക്കുന്നു. അദ്ധ്യാപകർ പണമായി തിരിച്ചടയ്ക്കുമ്പോൾ കുട്ടികൾ അവർക്കു ലഭിക്കുന്ന ഗ്രാന്റു തുക യിൽ നിന്ന് കടം ഈടാക്കി എടുക്കപ്പെടുന്നു. പൊന്നാട് എൽ.പി.എസ്സ്, കാവുങ്കൽ എൽ. പി.എസ്സ് ,കലവൂർ എൽ.പി.എസ്സ് , പി.ജെ .യു. പി.എസ്സ് തുടങ്ങിയ സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ഓരോ വർഷവും ഏറ്റവും കൂടുത ൽ മാർക്ക് വാങ്ങുന്ന അഞ്ച് കുട്ടികൾക്ക് 350 രൂപ പ്രകാരം സംഘം അവാർഡ് നൽകുന്നുണ്ട്. സ്കൂൾ ഉപയോഗത്തിൽ ഇരിക്കുന്ന ടെലിഫോ ൺ ബില്ല് സംഘംഫണ്ടിൽ നിന്നാണ് അടയ്ക്കു ന്നത്. 96 - ജൂണിൽ നടന്ന ഓഡിറ്റിംഗിൽ സംഘം 1600 രൂപ നഷ്ടത്തിലാണ്.

കലവൂർ ഹൈസ്കൂളിനോട് ചേർന്ന് പ്രവ ർത്തിക്കുന്ന സ്ഥാപനമാണ് കലവൂർ എച്ച്. എസ്സ് സഹകരണസംഘം.നമ്പർ എ.1പ്രസ്തു ത സംഘം എ ക്ലാസ്സിൽ പ്രവർത്തിക്കുന്നു. 168877 രൂപ ഓഹരി മൂലധനമുണ്ട്. 94 - 95 വർഷത്തിൽ 604 രൂപ 70 പൈസാ ലാഭം ഉണ്ടാ ക്കിയിട്ടുണ്ട് . മുഖ്യ ജോലി വിദ്യാർത്ഥികൾക്കാ വശ്യമായ പഠനോപകരണങ്ങളുടെ മിതമായ നിരക്കിലുള്ള വിതരണമാണ്. വിദ്യാർത്ഥികൾ ക്കാവശ്യമായ സപോർട്ട്സ് ഉപകരണങ്ങൾ , യൂണിഫോം ഇവ ന്യായമായ വിലയ്ക്ക് സംഭ രിച്ച് വിൽക്കുവാൻ കഴിയുമെങ്കിലും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത നിമിത്തം അതി ന് കഴിയുന്നില്ല. സർക്കാർ ഗ്രാന്റും വായ്പയും ലഭ്യമാക്കുന്നതിന് അധികാരസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

6 - ാം വാർഡിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥാപനമാണ് മണ്ണഞ്ചേരി പഞ്ചായത്ത് നോർത്ത് പട്ടികജാതി പട്ടികവർഗ്ഗ സർവ്വിസ് സഹകരണസംഘം ക്ലിപ്തം. നമ്പർ എ. 780 .1993- ൽ പ്രവർത്തനം ആരംഭിച്ചു. 716 അംഗങ്ങളുള്ള ഈ സംഘത്തിൽ ഓരോ അംഗ ത്തിന്റെ ഓഹരി വിഹിതം ഒരു രൂപയാണ്. 10 രൂപ മൂലധനമുള്ള ഓഹരിയുടെ ബാക്കി 9 രൂപ ഗവൺമെന്റ് നൽകുന്നു. പൊതു ഖജനാ വിൽ നിന്ന് ഗ്രാന്റായും വായ്പയായും ഈ സ്ഥാപനത്തിന് ആകർഷകമായ സഹായം നൽകിയിട്ടുണ്ട് കാർഷികമേഖയിൽ തൊഴിലി നെ ആസ്പദമാക്കി ഒരു ട്രാക്ക്റ്ററും സംഘത്തിന് നൽകിയിട്ടുണ്ട് ഇതു ആദ്യകാലങ്ങളിൽ വാടക യ്ക്ക് നൽകിയിരുന്നു. എങ്കിലും ഇന്ന് കേടായി കിടക്കുകയാണ്, നഷ്ടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്.

വനിതാ സഹകരണസംഘങ്ങൾ

4-ാം വാർഡിൽ മണ്ണഞ്ചേരി , ആര്യാട് , മുഹമ്മ എന്നീ പഞ്ചായത്തുകളിൽ മുഴുവനാ യും കഞ്ഞിക്കുഴി പഞ്ചായത്തിന്റെ 2,3 വാർ ഡുകളും ഉൾപ്പെടുത്തിയും പ്രവർത്തിക്കുന്ന സഹകരണസ്ഥാപനമാണ് തീരദേശ ഹരിജന വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ നമ്പർ എ 122. പട്ടിക ജാതി -പട്ടികവർഗ്ഗത്തിൽപ്പെട്ട 100 വനിതകളെ ഉൾപ്പെടുത്തി പതിനായിരം രൂപ ഒഹരി മൂലധന ത്തോടെ ഈ സ്ഥാപനം നിലവിൽ വന്നു. ഈറ്റ, മുള , ചൂരൽ , കയർ എന്നിവ കൊണ്ടു ള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കുകയാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തന ജോലി.വനി തകൾക്ക് തൊഴിലിനും, ക്ഷേമ പ്രവർത്തന ങ്ങൾക്കും ഏറെ പ്രയോജനപ്പെടേണ്ട ഈ സ്ഥാപനം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനു സൃതമായി പ്രവർത്തിച്ച് വരുന്നില്ല. ഓഹരി വിഹിതമായി 7500 രൂപ സർക്കാർ നൽകിയി ട്ടുണ്ടെന്നതല്ലാതെ മറ്റ് സഹായങ്ങളൊന്നും തന്നെ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. സ്വന്ത മായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത ഈ സ്ഥാപനം വാടക കെട്ടിടത്തിൽ പ്രവർത്തി ക്കുന്നു. വിസ്തൃതമായ അതിർത്തി മേഖലക ളും വിപുലമായ സൗകര്യങ്ങളുമുള്ള ഈ പ്രസ്ഥാനം പ്രവർത്തന പരിധിയിൽപെടുന്ന ഈ പഞ്ചായത്തുകളിലെ പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതകളുടെ ഉന്നമനത്തി

നേറെ പ്രയോജമനകരമായിരിക്കും. ഈ സംഘം ലാഭത്തിൽ പ്രവർത്തിക്കുന്നു.

വനിതക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് 8-ാം വർഡിൽ പ്രവർത്തിക്കുന്ന നവോത്ഥാന വനിതാ വ്യവസായ സഹകരണസംഘം രജിസ്റ്ററർ നമ്പർ ഐ.ൻ.ഡി(എ) 194. 8,9 വാർഡുകളം പ്രവർത്തനമേഖലയാണ്. 50 വനിതകളം അംഗങ്ങളായി 50000 രൂപ ഓഹരി മൂലധനമുള്ള ഈ സംഘം 27/12/93 ൽ പ്രവർത്തനം അരംഭിച്ചു. പുൽത്തടുക്ക്,പുൽയാൺ തുടങ്ങിയവയുടെ ഉദ്പാദനവും വിതണവുമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തനങ്ങളം കോരപുല്ലിന്റെ ദുർലഭ്യത മൂലം ഇടയ്ക്കിടെ തൊഴിൽ മാന്ദ്യം സംഭവിക്കുന്നു. സംഘത്തിന് സ്വന്തമയി സ്ഥലമുണ്ടെങ്കിലും കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്തതുമൂലം കെട്ടിടം നിർമ്മിച്ചിട്ടില്ല. അസംസ്കൃതസാധനങ്ങളം ആവശ്യാനുസരണം ലഭ്യമാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുകയാണെങ്കിൽ ഈ സ്ഥാപനം ഒരു സ്ഥിരം പരിശീലന കേന്ദ്രമാക്കി രൂപപ്പെടുത്താം .അത് ഈ നാട്ടിലെ വനിതകളംക്ക് ഏറെ പ്രയോജനകരമായിരിക്കും . 95-96 - ലെ ഓഡിറ്റ് പ്രകാരം ഈ സംഘം 4400 രൂപ ലാഭത്തിലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അനുമോദനാർഹമായി പ്രവർത്തിക്കുന്ന ഈ വനിതാ സംഘത്തിന് സംസ്ഥാന ദേശീയതലത്തിൽ ഇതിനായി പ്രത്യേകം സംഘടിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളം വഴി ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ വേണ്ട നടപടികളംസ്വീകരിക്കണം.

കേരളാ സ്പിന്നേഴ്സിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സ്പിന്നേഴ്സ് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സോസൈറ്റി എ.644.1976- ൽ 1037 അംഗങ്ങളോടെ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ മൂലധനം 5 ലക്ഷം രൂപയാണ്. സർക്കാർ ഓഹരി 15000 രൂപായും ഈ സംഘത്തിന്റെ ചുമതലയിൽ ഒരു പ്രൊവിഷണൽ സ്റ്റോർ പ്രവർത്തിക്കുന്നു. അംഗങ്ങൾക്ക് 18 % നിരക്കിൽ 15000 രൂപാ വരെ വായ്പയും നൽകുന്നു. സംഘാംഗങ്ങൾക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ പലവ്യഞ്ജന സാധനങ്ങളം ന്യായമായ വിലയ്ക്ക് വിൽക്കുന്നുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ഈ സ്ഥാപനം പ്രയോജനപ്പെടുന്നില്ല. വായ്പ ഇനത്തിൽ അംഗങ്ങൾക്ക് 309500 രൂപ നൽകിയിട്ടുണ്ട്. തദ്ദേശിയരായ രണ്ട് ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.94-95 വർഷത്തെ ഓഡിറ്റിംഗ് പ്രകാരം 75000 രൂപാ സംഘത്തിന് ലാഭമുണ്ട്.പൊതുജനങ്ങൾക്ക് കൂടി പ്രയോജനകരമായി ഈ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നത് ഉചിതമായിരിക്കും.

പെരുതുരുത്ത് കരി നിലത്തിലെ കർഷകരുടെ ഉന്നമനത്തിനായി രൂപികരിച്ചിട്ടുള്ളതാണ് പൊന്നാട് നെല്ല് ഉല്പാദക സഹകരണസമിതി. നമ്പർ(എ)748 /90.1,2 വാർഡുകളം ഉൾപ്പെടുത്തി പ്രവർത്തിക്കുന്നു.ഓഹരി മൂലധനം 1200 രൂപയും അംഗങ്ങൾ 240 ഉം ആണ്.നെല്ല് സംഭരണവും, സംസ്കരണവുമാണ് പ്രവർത്തനമെങ്കിലും ആവശ്യമായ നെല്ല് ലഭിക്കാറില്ല.സ്വന്തമായി ഓഫീസോ, കെട്ടിടമോയില്ല. ആരോഗ്യകരമായ പ്രവർത്തനത്തിന് നെല്ല് സംസ്കരണയന്ത്രം സബ്സിഡി നിരക്കിൽ നൽകണമെന്ന് പ്രവർത്തകർ ആവശ്യപ്പെടുന്നു. അരിയും ഇതര ഉത്പ്പന്നങ്ങളും വീക്ഷിക്കുന്നതിന് വേണ്ട സൗജീകരണങ്ങളംക്ക് ഗവർണ്മെന്റിന്റെ സഹായം അവർ ആവശ്യപ്പെടുന്നു.

അമ്പലപ്പുഴ ചേർത്തല താലൂക്ക് പ്രവർത്തനപരിധിയായി നിർണ്ണയിച്ച് രൂപീകരിച്ചിട്ടുള്ള പൊന്നാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം രജി. നമ്പർ: 895 ആണ് മറ്റൊരു സഹകരണ സംഘം. 194 തൊഴിലാളികളം അംഗങ്ങളായും 1000 രൂപാ മൂലധനമായും ആരംഭിച്ച സംഘം 1991 ൽ തുടങ്ങി. 15 ലക്ഷം വരെയുള്ള മരാമത്ത് പണികളം ഏറ്റെടുക്കാൻ സംഘത്തിന് കഴിയും. സർക്കാർ ഓഹരി ടി.സ്ഥാപത്തിന് ലഭിച്ചിട്ടില്ല. ഇടത്തട്ടുകാർ കൈയ്യടക്കുന്ന ലാഭം ഒഴിവാക്കി കിട്ടുന്ന ലാഭം മുഴുവൻ തൊഴിലാളികളംക്കും വീതിച്ച് നൽകാൻ കഴിയുന്ന ടി.സ്ഥാപനം ഉയർച്ചയുടേയും വളർച്ചയുടേയും പടവുകളം ഇനിയും കയറേണ്ടതുണ്ട് ആവശ്യമായ സഹായവും ഗ്രാന്റും നൽകി ഈ സ്ഥാപനത്തെ സഹായിക്കേണ്ടതാണ്.

എ 768 നമ്പറായി 10-ാം വാർഡിൽ രൂപികരിച്ച് പ്രവർത്തിക്കുന്ന കയർബോർഡ് എക്സ്ട്രയിനീസ് കയർമാറ്റ്സ് കോ-ഓപ്പറെറ്റിവ് സൊസൈറ്റിയിൽ 133 അംഗങ്ങളും 5 പേർ നാമനിർദ്ദേശപ്പെട്ടവരുമായിട്ടുണ്ട് . ഇവരിൽ 20 പേർ സ്ത്രീകളാണ്. ഈ സ്ഥാപനത്തിന്റെ ഓഹരി മൂലധനം 20 ലക്ഷം രൂപയാണ് അമ്പലപ്പുഴ ചേർത്തല താലൂക്കുകൾ പ്രവർത്തന പരിധിയിൽ പെടുന്നു. ഇതിനോടനുബന്ധിച്ചുള്ള ഫാക്ടറിയിൽ 85 തൊഴിലാളികൾ പണിയെടുക്കുന്നു. .പായും ,തടുക്കും നെയ്യുന്നതിന് ഉപകരിക്കുന്ന 23 തറികൾ ഉള്ള ഫാക്ടറികെട്ടിടങ്ങൾ സ്വന്തമായിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മിതിക്ക് വേണ്ടി നാഷണൽ കോർപ്പറേഷനിൽ നിന്നും 12 ലക്ഷം രൂപാ സഹായധനമായിട്ട് ലഭിച്ചിട്ടുണ്ട്. പണിയെടുക്കുന്നവരിൽ 25 പേർ സ്ത്രികൾആണെന്നുള്ളത് പ്രത്യേക പരിഗണനയർഹിക്കുന്നു. ബോബൻ വൈന്റിങ്ങ് ഷിയറിംഗ് ,ഷൂട്ടിങ്ങ് തുടങ്ങിയ അധുനിക യന്ത്രസംവിധാനങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. നല്ല നിലയിൽ ഇതിന്റെ പ്രവർത്തനം നടക്കുന്നുണ്ട് എങ്കിലും സംഘം നഷ്ടത്തിലാണ്.

ആലപ്പുഴ ജില്ലാ ഹരിജൻ കയർമാറ്റ്സ് ആന്റ് മാറ്റിങ്ങ്സ് കോപ്പറേറ്റിവ് സൊസൈറ്റി നമ്പർ എ. (744) എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണ്.സംഘം,ഓഫീസ് ദീർഘനാളുകളായി തുറക്കാത്തത് മൂലം വിവരങ്ങൾ ലഭ്യമല്ല. എന്നാൽ കയർ പ്രൊജക്ട് ഓഫീസിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് 1984-ൽ സ്ഥാപിച്ച ഈ സംഘത്തിന് ഓഹരി മൂലധനമായി 46010 രൂപയുണ്ട്.

നിർദ്ദേശങ്ങൾ

1.ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതകൾ നിലനില്ക്കുന്നത് കയർ മേഖലയിലാണ്. കയർ പിരിയും, തടുക്ക്, പായ് നെയ്ത്തുമാണ് പ്രധാന തൊഴിലും, ഉപജീവന മാർഗ്ഗവും.ഗ്രാമ പഞ്ചായത്തിലെ ഓരോ വാർഡുകളിലും 2, 3 തറികളുള്ള ചെറുകിട കയർ ഫാക്ടറികൾ 10 മുതൽ 25 വരെ പ്രവർത്തിച്ചു വരുന്നു.ഇടത്തട്ടുകാരെ ഒഴിവാക്കാൻ ചെറുകിട കയർ ഫാക്ടറി ഉടമകളെ അംഗങ്ങളാക്കി കൊണ്ട് ഉല്പാദക സഹകരണ സംഘങ്ങൾ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കേണ്ടതാകുന്നു.

2.കയർ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സഹകരണ സംഘം ഉണ്ടാകേണ്ടതാണ്.

3.പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി കൊപ്രാസംസ്കരണ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ മേഖലയിൽ ഇനിയും തൊഴിലവസരങ്ങൾ നല്കാൻ കഴിയുന്ന വിധം ഒരു കൊപ്രാ സഹകരണ സംഘം അടിയന്തിരമായി രൂപീകരിക്കണം. കൊപ്രയ്ക്ക് ന്യായമായ വിലകിട്ടുന്നതിനും ആലപ്പുഴ, ആലുവാ,ചേർത്തല തുടങ്ങിയ പ്രദേശങ്ങളിൽ കൊണ്ട് പോകുന്നതിലുള്ള ബുദ്ധിമുട്ടും ഇത് മൂലം ഒഴിവാക്കാവുന്നതാണ്. പരിശുദ്ധമായ വെളിച്ചെണ്ണ വിപണിയിൽ എത്തിക്കുന്നതിനും ഈ സംഘങ്ങൾക്ക് കഴിയുന്നതാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഏറെ വിപണന സാധ്യതയുള്ള ഹെയർ ഓയിലുകളും നിർമ്മിക്കാവുന്നതാണ്. പാഴായി പോകുന്ന തേങ്ങാ വെള്ളം ഉപയോഗിച്ച് വിന്നാഗിരി,വിവിധ തരം സ്ക്വാഷുകൾ എന്നിവ ഉത്പാദിപ്പിക്കാവുന്നതാണ്.

4.പച്ചതൊണ്ട് ആധുനിക യന്ത്രം ഉപയോഗിച്ച് ചകിരിയാക്കി മാറ്റാനും വിപണനം ചെയ്യാനും കഴിയുന്ന തരത്തിൽ കയർഫെഡിന്റെ സഹായത്തോട് കൂടി ഡി- ഫൈബറിങ്ങ് യൂണിറ്റ് ഈ ഗ്രാമ പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്.

5.ഗ്രാമീണ ജനതയെ പൊതുവിൽ ബാധിക്കുന്ന വിലവർദ്ധനവ് തടയുന്നതിനായി ഒരു സഹകരണ മാവേലി സ്റ്റോർ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.സർക്കാർ ഉടമസ്ഥതയിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നിത്യോപയോഗ സാധനങ്ങൾ ഈ സ്ഥാപനങ്ങൾക്ക് നല്കാൻ നടപടി വേണം . വില കയറ്റത്തിന്റെ അസഹ്യതയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് ഈ സ്ഥാപനങ്ങൾ സഹായകരമാകും.

6.നിലവിലുള്ള നെൽ ഉല്പാദകസഹകരണ സംഘങ്ങളെ പുന:സംഘടിപ്പിച്ച് കൂട്ടുകൃഷി സഹകരണ സംഘങ്ങൾ രൂപികരിക്കുക.

7. അഭ്യസ്ഥ വിദ്യരായ യുവതികളുടെ തൊഴിൽ സാധ്യതകൾ പരിഗണിച്ച് ഓരോ വാർഡിലും ഓരോ സഹകരണ സംഘം

സ്ഥാപിക്കുകയും പാചകാവശ്യത്തിനുള്ള മുള ക്,മല്ലി,മഞ്ഞൾ,ഗോതമ്പ്,അരി തുടങ്ങിയവ പൊടിച്ച് പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്ന തിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വിലക്കയറ്റം തടയുന്നതിനും ഈ സ്ഥാപനങ്ങ ൾ സഹായകരമായിരിക്കും.

8.വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപ കരണങ്ങൾ യൂണിഫോം, സ്പോർട്സ് സാമഗ്രികൾ ഇവ നിർമ്മിക്കുന്നതിന് ആവശ്യ മായ രണ്ട് ചെറുകിട വ്യവസായ സഹകര ണസംഘങ്ങൾ രൂപികരിക്കുക.

9.വനിതകളുടെ നേതൃത്വത്തിൽ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണത്തിനും, അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നതിനുമായി ഒരു വനിതാ സഹകരണ സംഘം രൂപികരിക്കണം.

10.കായൽ ചെളി, ചകിരിച്ചോറ്, ചാണകം തുടങ്ങിയവ ഉപയോഗിച്ച് ഒരു ജൈവ വള ഫാക്ടറി പഞ്ചായത്ത് മേഖലയി സഹകര ണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

11.മിൽമാ കാലി തീറ്റ മോഡേൺ ഫാക്ടറി സ്ഥാപിക്കേണ്ടതാണ്.

12.കുത്തക സംഭരണ വില കശുവണ്ടി ഉല്പാ ദകന് ഒരിക്കലും ലഭിക്കാറില്ല.സർവ്വീസ് സഹ കരണ സംഘങ്ങളെ സംഭരണം ഏർപ്പെടുത്താ റുണ്ടെങ്കിലും സംഘങ്ങൾ ഇത് ഫലപ്രദമായി നടത്താറില്ല.ഇടത്തട്ട് കാരെ ഒഴിവാക്കി കാപ്പെ ക്സിന്റെ സഹായത്തോടെ തമ്പകച്ചുവട്, കാവുങ്കൽ എന്നീ കേന്ദ്രങ്ങളിൽ രണ്ട് കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

13. 8-ാം വാർഡിൽ ഒരു ക്ഷീര സഹകരണ സംഘം പ്രവർത്തിക്കാതെ നിലവിലുണ്ട്. ടി. സംഘം അടിയന്തിരമായി തുറന്ന് പ്രവർത്തിക്കണം.

8 മുതൽ 12 വരെ വാർഡുകളിൽ രണ്ട് വാർഡിന് ഒന്ന് എന്ന ക്രമത്തിൽ മിൽമയുടെ നേതൃത്വത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ രൂപികരിക്കണം.

14. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിച്ചി രുന്ന യൂണിയൻ സർവ്വീസ് സഹകരണ ബാങ്ക് എ.709 കുറേക്കാലമായി പ്രവർത്തനരഹിതമാണ്. ചെറുകിട കർഷകാർക്കും,ഇടത്തരം കച്ചവടക്കാ ർക്കും സാമ്പത്തിക സഹായം നല്കി വന്നിരുന്ന ടി. ബാങ്ക് നിശ്ചലമായത് നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രവർത്തനം ഇല്ലാതെ കിടക്കുന്ന ടി. സംഘം അടിയന്തിരമായി പുനരുജ്ജീവിപ്പിക്കയോ ഇല്ലെങ്കിൽ പകരം സംവിധാനം ഉണ്ടാക്കുകയോ വേണം.

15.കക്കാ സംഭരണം,മത്സ്യബന്ധനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഉന്നമനം ലാക്കാക്കി സംഭരണം,സംസ്ക്കരണം എന്നിവ സഹകരണ മേഖലയിൽ സംഘടിപ്പിക്കുകയും ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

16.കാവുങ്കൽ അംബേദ്കർ കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ഹരിജൻ ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലു ള്ള കയർ ഫാക്ടറിയുടെ പ്രവർത്തനം അടിയ ന്തിരമായി പുനരാരംഭിക്കണം.

17.മണ്ണഞ്ചേരി ,നോർത്ത്, സൗത്ത് ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾ ഇന്ന് നിർജ്ജീവങ്ങളാണ്.പ്രവർത്തന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഈ സ്ഥാപനങ്ങൾ ഊർജ്ജവ ത്കരിക്കണം.

18.വനിതകളുടെ നേതൃത്വത്തിൽ ലാഭകരമാ യി പ്രവർത്തിക്കുന്ന തീരദേശ ഹരിജൻ സംഘത്തിന്റേയും, നവോത്ഥാന സഹകരണ സംഘത്തിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷ മമായി വിപുലപ്പെടുത്തുകയും സർക്കാർ ഗ്രാന്റുകളും , വായ്പകളും നല്കി സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.

സഹകരണ സംഘങ്ങളുടെ സ്ഥിതി വിവര കണക്ക്
(ദ്വിതീയ വിവര ശേഖരണത്തിൽ നിന്ന്)

അനുബന്ധം 10:1

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	അംഗങ്ങം	പ്രവർത്തന മൂലധനം	ലാഭം/നഷ്ടം	റിമാർക്സ്
1	6	സർവ്വീസ് സഹകരണ സംഘം കാവുങ്കൽ	സർവ്വീസ്	Nil	Nil	Nil	പൂട്ടി കിടക്കുന്നു.
2	3	മണ്ണഞ്ചേരി വെസ്റ്റ് ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ-180(ഡി) അപ്കോസ്	പാൽ സംഭരണ വിതരണം	525	5250	ലാഭം	
3	6	കാവുങ്കൽ ക്ഷീരോത്പാദക സഹകരണ സംഘം നമ്പർ-181(ഡി) അപ്കോസ്	പാൽ സംഭരണ വിതരണം	782	7820	ലാഭം	
4	13	മണ്ണഞ്ചേരി സൗത്ത് ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം	പാൽ സംഭരണ വിതരണം			ലാഭം	
5	5	ഇന്ദിരാ പ്രിയദർശിനി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘം രജി:നമ്പർ എ 784	കയർ	100	200000	നഷ്ടം	
6	12	മണ്ണഞ്ചേരി കയർ വ്യവസാ യ സഹകരണ സംഘം രജി:നമ്പർ 564	തൊണ്ട് കയർ	317	200000	നഷ്ടം	
7	3	കാവുങ്കൽ ഹരിജൻ ഇൻഡസ്ട്രിയൽ കോപ്പറേറ്റിവ് സൊസൈറ്റി	കയർ	40	31500	നഷ്ടം	കുറച്ചുനാളായി പ്രവർത്തന രഹിതം

സഹകരണ സംഘങ്ങളുടെ സ്ഥിതി വിവര കണക്ക്
(ദ്വിതീയ വിവര ശേഖരണത്തിൽ നിന്ന്)

അനുബന്ധം 10:1

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	അംഗങ്ങളം	പ്രവർത്തന മൂലധനം	ലാഭം/നഷ്ടം	റിമാർക്സ്
8	6	മണ്ണഞ്ചേരി നോർത്ത് പട്ടിക ജാതി പട്ടിക വർഗ്ഗ സർവ്വീസ് സൊസൈറ്റി ക്ലിപ്തം നമ്പർ എ 750	ഹരിജൻ സർവ്വീസ്	716	20760	നഷ്ടം	
9	8	നവോത്ഥാന വനിതാ വ്യവസായ സഹകരണ സംഘം രജീ:നമ്പർ ഐ.ൻ.ഡി(എ 194)	വനിത	60	50000	ലാഭം	
10	5	തീരദേശ ഹരിജൻ ഹാൻഡിക്രാഫ്റ്റ്സ് ഇൻഡസ്ട്രിയൽ കൊ ഓപ്പറേറ്റിവ് സൊസൈറ്റി രജി:നമ്പർ ഐ.ൻ.ഡി(എ 122)	വനിത	100	10000	ലാഭം	
11	2	പൊന്നാട് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം രജി:നമ്പർ എ.895	ലേബർ കോൺട്രാക്റ്റ്	194	21600	ലാഭം	ഓഡിറ്റിംഗ് നടന്നിട്ടില്ല
12	12	മണ്ണഞ്ചേരി പഞ്ചായത്ത് സൗത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.786	ഹരിജൻ			ലാഭം	
13	12	കേരളാ സ്പിന്നേഴ്സ് എംപ്ലോയീസ് കോപ്പറേറ്റിവ് സൊസൈറ്റി എ.644	എംപ്ലോയീസ് സർവ്വീസ്	1091	34420	ലാഭം	
14	2	പൊന്നാട് നെല്ല് സംസ്ക്കരണ സംഘം എ 718/90	നെല്ല്	240	1200	നഷ്ടം	
15	1	മണ്ണഞ്ചേരി എച്ച്.എസ്സ്. കോപ്പറേറ്റിവ് സൊസൈറ്റി എ.384	വിദ്യാഭ്യാസം	2000	3000	നഷ്ടം	
16	2	മണ്ണഞ്ചേരി പെരുംതുരുത്ത് ഹൗസിംഗ് സഹകരണ സംഘം എ.686	ഭവന നിർമ്മാണം	390	556000	നഷ്ടം	
17	9	കലവൂർ ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റിവ് സൊസൈറ്റി നമ്പർ എ.1	സ്ക്കൂൾ സൊസൈറ്റി	840	16877	ലാഭം	
18	10	കയർ ബോർഡ് എക്സ് ട്രെയിനീസ് കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് കോപ്പറേറ്റിവ് സൊസൈറ്റി നമ്പർ എ.768	കയർ	138	2000000	നഷ്ടം	
19	10	ആലപ്പുഴ ജില്ലാ ഹരിജൻ കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് കോപ്പറേറ്റിവ് സൊസൈറ്റി നമ്പർ എ.744	കയർ	ലഭ്യമല്ല	46010	ലഭ്യമല്ല	അടഞ്ഞുകിടക്കുന്നു
20	1	മണ്ണഞ്ചേരി സഹകരണ കൺസ്യൂമർ സ്റ്റോർ നമ്പർ എ.212	റേഷൻ ഡിപ്പോ	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	



പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

ജനകീയാസൂത്രണ പ്രക്രിയയിൽ മുന്തിയ പരിഗണന നല്കി ചർച്ചചെയ്യുന്നതിനാണ് ഇതൊരൊറ്റവിഷയമായിതന്നെ കൈകാര്യം ചെയ്യുന്നതിന് ആസൂത്രണപ്രസ്ഥാനം തീരുമാനം കൊണ്ടത്. ഗ്രാമസഭകളിലൊക്കെതന്നെ പട്ടിക ജാതി പട്ടിക വർഗ്ഗ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്നമേഖലയാണിത്. ഇവർ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരാണുതാനും. നമ്മുടെ ബ്ലോക്കു പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

ഡോ: ബി.ആർ. അംബേദ്ക്കർ ചെയർമാനായുള്ള ഇൻഡ്യയുടെ ഭരണഘടന നിർമ്മാണ കമ്മറ്റി ഭരണഘടന എഴുതി തയ്യാറാക്കി. 1950 ജനുവരി 26 ന് ഭരണഘടന അംഗീകരിച്ച് റിപ്പബ്ലിക്കായി. ചിന്ത, മതാനുഷ്ഠാനം, ആശയപ്രകടനം, വിശ്വാസം, ആരാധന, ഇവയുടെ സ്വാതന്ത്ര്യം ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളാകുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉദ്ധാരണം ലക്ഷ്യമാക്കി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം.

പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഇൻഡ്യയിൽ ആദ്യമായൊരു പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത് നമ്മുടെ സംസ്ഥാനമാണ്.

മഹാനായ ശ്രീ. അയ്യൻങ്കാളി, ശ്രീ നാരായണ ഗുരുസ്വാമികൾ തുടങ്ങിയ സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ ജീവിതം സഫലമാക്കിയ പുണ്യ ഭൂമിയാണിത്.പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റവും വേഗം വേരുപിടിപ്പിക്കാൻ കഴിഞ്ഞത് മേൽപ്പറഞ്ഞ മഹാത്മാക്കളുടെ പ്രവർത്തനഫലമാണെന്ന് നിസ്സംശയം പറയാം.ഇത്തരം അനുകൂലസാഹചര്യങ്ങളിലൂടെ നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ ഒരു പരിധി വരെവിജയിക്കുകയുണ്ടായി.

എന്നിരുന്നാലും പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ മണ്ണഞ്ചേരി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളുണ്ട്. കൂടാതെ ഒറ്റപ്പെട്ടുകിടക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളെ കൂട്ടിച്ചേർത്ത് അംബേദ്ക്കർ കോളനി, ഹരിജൻ സെറ്റിൽമെന്റ് കോളനി, ഐ. എച്ച്. ഡി. പി. കോളനി, എന്നിവ രൂപപ്പെടുത്തി വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഗവ: ക്ഷേമ പ്രവർത്തനത്തിനായി ചില വഴിക്കുന്ന മൊത്തം തുകയുടെ 30% ഹരിജന ക്ഷേമത്തിനായി വകയിരുത്തുന്നുണ്ടെന്നുകാണാം. എന്നാൽ പ്രസ്തുത തുക ചിലവിടുന്ന കാര്യത്തിലും, ഉപയോഗത്തിലും എന്തോ പോരായ്മ നിലനിൽക്കുന്നു.

പട്ടിക ജാതിപട്ടിക വർഗ്ഗക്കാരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞെന്ന് അവകാശപ്പെടുവാൻ കഴിയില്ല.

ഭൂരിപക്ഷം കുട്ടികൾക്കും പ്രൈമറി ഘട്ടം പൂർത്തീകരിക്കാൻ കഴിയുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇവർ പിന്നോക്കം നില്ക്കുന്നു.

പട്ടിക വർഗ്ഗക്കാർ ജനസംഖ്യയിൽ കുറവാണിവിടെ. രണ്ട് വിഭാഗക്കാരെയും കൈപിടിച്ചുയർത്താൻ നമുക്കു കഴിയണം. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്ത ഒരു കുട്ടിയും ഹരിജൻ ഭവനങ്ങളിൽ ഉണ്ടാകാൻ പാടില്ല എന്ന് ഉറപ്പു വരുത്തണം. 2 സെന്റിലും, 4 സെൻറിലും താമസിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് നിന്ന് തിരിയാനിടമില്ലാത്ത ഒരു തരം ജീവിതമാണ് കോളനികളിലൊക്കെ ചുരുങ്ങിയ ഭൂമിയിൽ ശുചീകരണത്തിന് മാർഗ്ഗമില്ല. കുടിവെള്ളം ലഭ്യമല്ല. ഇലക്ട്രിസിറ്റി എത്തിനോക്കാത്ത മേഖലയുമുണ്ട്. കോളനികളിൽ ബാലവാടികളില്ല.ഇങ്ങനെ നോക്കിയാൽ ക്ഷേമപ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിൽ അപാകതകൾ ഉള്ളതായി കാണാവുന്നതാണ്.

1.ഇന്നുള്ള കോളനി നിവാസികളെ പുനരധിവസിപ്പിച്ച് ഏറ്റവും കുറഞ്ഞത് 10 സെന്റ് ഭൂമി നല്കാൻ കഴിയണം.പ്രസ്തുത സ്ഥലത്ത് കുടിവെള്ളവും പ്രാഥമികാവശ്യത്തിനുള്ള ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തുക.ഒരു വീടിന് ഒരു പശു എന്ന പദ്ധതിയും തൊഴുത്തും ലഭ്യമാക്കുന്നതോടെ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുക.

2.അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യം കണക്കിലെടുത്ത് പ്രത്യേക പോഷകാഹാര പദ്ധതി നടപ്പിലാക്കുക. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഈ വിഭാഗത്തെ രക്ഷിക്കാൻ പ്രത്യേക ഏജൻസികളെ ഗവർൺമെന്റ് നിയോഗിക്കണം.

3.പണി പൂർത്തിയാകാതെയും, മെയിന്റൻസ് നടത്താതെയും കിടക്കുന്ന വീടുകളുടെ അറ്റകുറ്റപണികൾ പൂർത്തികരിക്കുന്നതിന് സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ഗവർൺമെന്റ് ഫണ്ട് അനുവദിച്ച് നടപ്പിലാക്കണം.

4.1970-ൽ കൊടുത്ത ലക്ഷംവീട് കോളനികളിൽ ഒരു വീട്ടിൽ നാലുകുടുംബങ്ങളാണ് കഴിയുന്നത്. നാളിതുവരെ അറ്റകുറ്റപണികളും നടത്താതെ ജീർണ്ണിച്ച് ഏതുനിമിഷവും നിലംപതിക്കാവുന്ന തരത്തിൽ നിൽക്കുന്നു. ഇവയുടെ ജീർണ്ണോദ്ധാരണം നിർവ്വഹിക്കണം

5. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഗവർൺമെന്റ് നല്കിവരുന്ന വീടുകൾ ലഭിക്കുന്നതിൽ നിന്നും നല്ലൊരു വിഭാഗം ഒഴിവാക്കപ്പെടുന്നു. തലമുറകളായി താമസിച്ച് പോരുന്ന ഈ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നില്ല. റീസർവ്വേ നടത്തിയിട്ടുപോലും നേർ അവകാശികൾക്ക് പട്ടയം കിട്ടിയിട്ടില്ല.ഇവർക്ക് പട്ടയം കിട്ടുന്നതിന് നിലവിലുള്ള നിയമതടസ്സങ്ങൾ നീക്കി ഗവർൺമെന്റ് ഭാഗത്തു നിന്നും നടപടികൾ ഉണ്ടാവണം.

6. ആധുനികരീ മഖലയിലുള്ള വ്യാവസായ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം കൊടുക്കുക.

7. വാർഡുകളിൽ അങ്ങിങ്ങായി താമസിക്കുന്ന ഹരിജൻ കുടുംബങ്ങളെ ഐ.എച്ച്.ഡി.പി. കോളനിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കണം

8. കുടിൽ വ്യവസായങ്ങൾ ചെയ്യുന്നതിന് പലിശയില്ലാതെ വായ്പ അനുവദിക്കുക.

9. നിലവിലുള്ള ഭവനരഹിതരുടെ കണക്കെടുത്ത് എല്ലാവർക്കും പാർപ്പിടം എന്ന പദ്ധതി നടപ്പിലാക്കണം.

10.ഹരിജനോദ്ധാരണം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാക്കുക.

11.എല്ലാ കോളനികളിലും സന്നദ്ധസംഘടനകളുടെ മേൽ നോട്ടത്തിൽ റ്റി.വി.സെറ്റുകൾ സ്ഥാപിക്കുക.

12.ദൂര പരിധി പരിഗണിക്കാതെ എല്ലാ

ഹരിജൻ കോളനികളിലും ഓരോ വായനശാല യും, ഗ്രന്ഥശാലയും പഞ്ചായത്തിൽ നിന്നും പണം മുടക്കി സ്ഥാപിക്കുക.കേരളാ ഗ്രന്ഥശാ ല സംഘത്തിന്റെ പ്രത്യേക പരിഗണന ലഭിക്കു ന്നതിന് നടപടി സ്വീകരിക്കണം.

13. ഹരിജൻ വിഭാഗത്തിൽ ഉള്ളവർക്ക് പെൻഷൻ അനുവദിക്കുന്നതിന് നിലവിലുള്ള കാലതാമസം ഒഴിവാക്കുക.

14. മണ്ണഞ്ചേരി പഞ്ചായത്തിന്റെ വിവിധ മേഖലയിൽ താമസിക്കുന്ന പട്ടികജാതി,പട്ടിക വർഗ്ഗക്കാരുടെ വീട് കിട്ടുന്നതിനുള്ള ഭൂമിയുടെ കൈവശ രേഖ ലഭിക്കുന്നതിന് നടപടി ഉണ്ടാവണം.

15. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഹരിജ നക്ഷേമ വകുപ്പ് വഴി വിതരണം ചെയ്തിട്ടുള്ള ഭൂമിക്ക് അവകാശ രേഖ കൈവശമില്ലാതെ നമ്മുടെ പഞ്ചായത്തിന്റെ വിവിധവാർഡുക ളിൽ നിരവധിയാളുകൾ കൈവശം വെച്ചിട്ടു ണ്ട്. ഇവർക്ക് പട്ടയം ലഭിക്കുന്നതിന് ഹരിജന ക്ഷേമ വകുപ്പിന്റെ അനുവാദം ആവശ്യമാണ്. ഇവർക്ക് കൈവശ അവകാശ രേഖ ലഭിക്കുന്ന തിനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.

■



വിഭവ സമാഹരണം

സ്വാതന്ത്രസമ്പാദന കാലഘട്ടം വരെ നമ്മുടെ നാട്ടിൽ ലഭ്യമായിരുന്ന വിഭവങ്ങൾ നെല്ലും തേങ്ങയും കുരുമുളകും അടങ്ങുന്നകാർഷികവിളകളും മത്സ്യ സമ്പത്തുമായിരുന്നു. വ്യവസായിക മേഖലയും ഇല്ലായിരുന്നു എന്നു തന്നെ പറയാം കലവൂർ പ്രദേശത്ത് ബ്രീട്ടീഷുകാർ സ്ഥാപിച്ച് നടത്തിയിരുന്നു. പി.എൽ. കമ്പനി വക ഒരു കയർ ഫക്ടറി മാത്രമായിരുന്നു. ഇതിനൊരപവാദം സംഘടിത കയർ ഫാക്ടറി മേഖല ബട്ടീഷുകാരന്റെ വിടവാങ്ങലോടെ അപ്രത്യക്ഷമായി. കേന്ദ്രീകൃത ഫാക്ടറി വ്യവസായം വികേന്ദ്രീകരിക്കപ്പെട്ടു രണ്ടും മൂന്നും തറികൾ സ്ഥാപിച്ച് ചെറുകിട കയർ ഫാക്ടറികൾ നാട്ടിലുടെ നീളം പ്രത്യക്ഷപ്പെടുകയും ചെയ്തു. ഭൂപരിഷ്കരണ നടപടികളും തൊഴിലാളികൾക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞ അവകാശബോധവും ഈ നടപടികൾക്ക് പിൻതുണയായി ഭവിച്ചു. വിദേശ - സ്വദേശ വിപണികളെ ആശ്രയിച്ച് നിൽക്കുന്ന കയർ വ്യവണ്ടായെങ്കിലു് ഗ്രാമീണ സമ്പദ്ഘടന മെച്ചപെടുത്താനും. കുടുതൽ മനുഷ്യ ,പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി നാടിനെ കെടുതിയിൽ നിന്ന് രക്ഷിച്ച് നിർത്താനും ഇത് സഹായകമായി.

ഒരു നാടിന്റെ പ്രധാന വിഭവം ജനങ്ങളാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 4500 - ൽ പരമാണ്. മനുഷ്യ വിഭാവത്തിന്റെ കാര്യത്തിൽ നാം സമ്പന്നമാണ്. ആരോഗ്യമുള്ള യുവജനങ്ങളും മദ്ധ്യവയസ്ക്കരും ഉൾപ്പെടെ അദ്ധ്വാനശേഷിയുള്ള 2000 - ൽ അധികം ജനങ്ങളുടെ ആവാസ ഭൂമിയാണ് നമ്മുടെ നാട്. ഗ്രാമത്തിന്റെ സമഗ്ര വികസനത്തെക്കുറിച്ച് ഗൗരവ പൂർവ്വ ചർച്ച ചെയ്ത ഗ്രാമസഭകളിൽ വികസന യത്നങ്ങൾക്ക് ഇവരുടെ അദ്ധ്വാനവും,മാനസിക ഐക്യവും,സന്മനസ്സും സംഭാവന നല്കുമെന്ന് ലഭിച്ചിട്ടുള്ള ഉറപ്പ് ഭാവിയിലുള്ള നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഗണ്യമായ മുതൽക്കുട്ടാണ്. രണ്ടാം വാർഡിൽ

നിർമ്മിച്ച് പുർത്തിയാക്കിയ പള്ളിമുക്ക്- വേമ്പനാട് കായൽ വാരം റോഡിന് രണ്ട് ലക്ഷം രൂപാ കൂലി നല്കേണ്ട തൊഴിൽ ജനങ്ങംസംഭാവനയായി അദ്ധ്വാനം ഉപയോഗിച്ച് ചെയ്ത് തീർത്തു.മറ്റെല്ലാ വാരഡുകളിലും റോഡ് നിർമ്മാണത്തിനും ഇതേ ക്ഷേമ പ്രവർത്തനങ്ങംക്കും ജനപങ്കാളിത്തവും സൗജന്യമായ മനുഷ്യ അദ്ധ്വാനം മുൻപത്തേക്കാം ഉപരി ലഭിച്ചു കൊണ്ടിരിക്കുന്നു. വിഭവങ്ങളുടെ കാര്യത്തിൽ ഇന്ന് നാം നേരിടുന്ന കനത്ത വെല്ലുവിളി കാർഷിക മേഖലയിലെ കടുത്ത മുരടിപ്പാണ്.മാത്യകാ തെങ്ങിൻ തോട്ടങ്ങളും,കേരഗ്രാമവും ഉണ്ടായിരുന്നതായ നാട്ടിൽ ഇന്ന് കേരകൃഷി അസാദ്ധ്യമായിരിക്കുന്നു എന്നതാണ് സത്യം. കേരവൃക്ഷങ്ങളെ ബാധിക്കുന്ന മാരക രോഗങ്ങം മൂലം വൃക്ഷം തന്നെ നശിക്കുന്നു.ഉത്പാദനം ഓരോ വർഷവും ഗണ്യമായി കുറഞ്ഞ് വരുന്നു.നെൽ കൃഷിയുടെ അവസ്ഥ ഇതിലും പരിതാപകരമാണ്. നെൽപ്പാടങ്ങം നികത്തി അവിടങ്ങളിൽ കോൺക്രീറ്റ് സൗധങ്ങളും മറ്റ് നാണ്യ വിളകളോ സ്ഥാനം പിടിച്ചു. ഇത് മൂലം അത്യാവശ്യ ഭക്ഷ്യ വസ്തുക്കാംക്ക് പോലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ദുർഗതിയിൽ നാം എത്തി നില്ക്കുന്നു. വിഭവത്തിൽ സമ്പത്തിനുള്ള സ്ഥാനം മേൽ പറഞ്ഞ പ്രകാരം നമുക്ക് നഷ്ടമാകുന്നു.

ആശ്വാസകരമായി ചുണ്ടിക്കാണിക്കാനുള്ളത് നമ്മുടെ വ്യവസായ മേഖലയുടെ പുരോഗതി ആണ്. കോമളപുരം കേരളാ സ്പിന്നേഴ്സ്, കലവൂരിലെ ഹിന്ദുസ്ഥാൻ കയർ, എൻ.സി. ജോൺ ആന്റ് സൺസിന്റെ ഉടമസ്ഥതയിലുള്ള ഐ.സി.എം കമ്പനി തുടങ്ങിയവ നമ്മുടെ നാട്ടലെ വ്യാവസായിക വളർച്ചയുടെ മകുടോദാഹരണമാണ്. പൊളിച്ചു നാലാം വാർഡിലെ ഫോർമാലിൻ കമ്പനിയും അടഞ്ഞു കിടക്കുന്ന മൊറാർജി കെമിക്കൽസും കൂടി നിലവിലുണ്ടായിരുന്നു എങ്കിൽ തൊഴിൽ മേഖല കൂടുതൽ മെച്ചപ്പെട്ടതാകുമായിരുന്നു.

വിഭവ സമാഹരണത്തിന് നമുക്ക് ആശ്രയിക്കുവാൻ കഴിയുന്ന മറ്റൊരു വിഭാഗം ഗംഫ് നാടുകളിൽ പണിയെടുക്കുന്ന ഈ നാട്ടുകാരാണ്. 1,2,5,6,7,8 എന്നീ വാർഡുകം ഉംപ്പെടുന്ന ഗ്രാമ പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങം ഏതാണ്ട് ആയിരത്തോളം യുവതീ യുവാക്കം അറബി നാടുകളിൽ ജോലി ചെയ്തു വരുന്നു. ഇവരിൽ ന്യൂനമെങ്കിലും ഒരു വിഭാഗം സാമ്പത്തിക ശേഷി ഉള്ളവരാണ്. പഞ്ചായത്തിന്റെ വികസന പദ്ധതികളിൽ ചിട്ടപ്പെടുത്തിയ നിബന്ധനകളോടെ അവരുടെ വരുമാനം നിക്ഷേപിക്കുവാൻ അവസരം ഉണ്ടാക്കുന്നത് വിഭവ സമാഹരണത്തിന് മുഖ്യ പങ്കാക്കി മാറ്റാൻ സഹായകരമാകും.

നമ്മുടെ ബാങ്കിംഗ് വ്യവസയമേഖലയിൽ പ്രധാന ബാങ്കുകം ആണ് ഉള്ളത്.മണ്ണഞ്ചേരിയിൽ പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്കും കലവൂരിലുള്ള സേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമാണ് അവ. ഇതിൽ എസ്സ്. ബി.ഐ യുടെ പ്രവർത്തന മേഖലയായി ഉംപ്പെടുത്തിയിരിക്കുന്നത് മാരാരിക്കുളം തെക്ക പഞ്ചായത്ത് പ്രദേശം ആണ്. അവശേഷിക്കുന്ന ഫെഡറൽ ബാങ്കിന്റെ പ്രവർത്തന പരിധി ഒന്നു മുതൽ ആറ് വരെയുള്ള വർഡുകം ഉംപ്പെടുന്ന പ്രദേശമാണ്. അറുനൂറോളം എൻ.ആർ,ഐ .അക്കൗണ്ടുകളും. അതിലും എത്രയും അധികം നിക്ഷേപങ്ങളുമുള്ള ഈ ബാങ്കിന്റെ ഇവിടുത്തെ പ്രവർത്തനത്തെ സംന്ധിച്ച് പൊതുജനങ്ങംക്ക് നല്ല അഭിപ്രായമല്ലയുള്ളത്.കലപ്പയും കാളയും കർഷകന്റെ ചിഹ്നം എന്ന മാതൃക പരസ്യപ്പെടുത്തി പ്രവർത്തിക്കുന്ന ഈ ബാങ്ക് കാർഷിക വായ്പ നൽകുന്ന കാര്യത്തിൽ പോലും അശേഷം താൽപര്യം കാണിക്കുന്നില്ല. ഇവിടുത്തെ നിക്ഷേപകരുടെ 25 % പോലും ഇവിടുള്ളവർക്ക് വായ്പ നൽകുവാൻ ബാങ്കു തയ്യാറാകുന്നില്ല. സ്വകാര്യ ബാങ്കിന് ലഭിച്ചിട്ടുള്ള പ്രത്യേക പ്രവർത്തന സ്വാതന്ത്ര്യമാണ് ഇതിനു കാരണമെന്ന് പറയപ്പെടുന്നു. നിക്ഷേപങ്ങളുടെ ഗണ്യമായ ശതമാനം വായ്പ നൽകുന്നതിന് ചെറുകിട ഇടത്തരം കച്ചവടക്കാരെയും കൃഷിക്കാരെയും വായ്പ കൊടുത്ത് സഹായിക്കുവാൻ ഈ ബാങ്ക് തയ്യാറാകണം.

നാട്ടുകാരിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പരാതികളും ആവിശ്യങ്ങളും കണക്കിലെടുത്ത് ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ മണ്ണഞ്ചേരിയിൽ ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

ഈ ബാങ്കുകം കൂടാതെ സ്വകാര്യ മേഖയിൽ ഒരു ഡസനോളം ചെറുതും വലുതുമായ പണമിടപാട് സ്ഥാപനങ്ങളും.ട്രസ്റ്റുകളും ഇവിടെ പ്രവർത്തിക്കുന്നു .

സ്ഥാപനങ്ങളുടെ വിവരം പട്ടികയായി ചേർത്തിട്ടുണ്ട് പണമിടപാട് സ്ഥാപനങ്ങളുടെ കാര്യം ചിന്തിക്കുമ്പോൾ കാവുങ്കൽ പ്രവർത്തിച്ചിരുന്നതും ദീർഘകാലമായിട്ട് അടഞ്ഞു കടക്കുന്നതുമായ എ- 709 -ാം നമ്പർ മണ്ണഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ കാര്യം വിസ്മരിക്കുക വയ്യ. ചെറു കൃഷിക്കാർക്കും കൊച്ചുകച്ചവടക്കാർക്കും രക്ഷാ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ഈ സഹകരണ സ്ഥാപനത്തെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും, പ്രവർത്തനം പുനനാരംഭിക്കുന്നതിനും അടിയന്തിര സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

വിഭവത്തെകുറിച്ച് ചർച്ച ചെയ്യുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ വരുമാനം പരിമിതമാണെന്ന് കാണാം പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്കനുസരണമായി സർക്കാർ വിഹിതം ലഭിക്കുകയില്ല. പട്ടികയിലുടെ പരിശോധിക്കുമ്പോൾ ഇത് വ്യക്തമാകും.

ഗ്രാമ പഞ്ചായത്തിന്റെ വരവു - ചിലവു കണക്ക് പ്രത്യേകത പട്ടികയായി ചേർത്തിരിക്കുന്നു. ഓരോ കൊല്ലവും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ട്. എന്നാൽ ചെലവുകളുമായി നോക്കുമ്പോൾ വരുമാനത്തിന്റെ കുറവ് എത്രത്തോളമെന്ന് ബോദ്ധ്യമാകും. ജനങ്ങളിൽ വികസനത്തിന്റെ സന്ദേശം ആശയത്തിലെത്തിക്കുകയും , നാടിന്റെ നേട്ടം തന്റേതു കൂടി നേട്ടമാണെന്ന സാമൂഹ്യ ബോധം വളർത്തിയെടുക്കുകയും ചെയ്താൽ വരുമാനത്തിൽ ഒരു പരിധി വരെ വർദ്ധനവുണ്ടാക്കാം. തങ്ങൾ ഗ്രാമപഞ്ചായത്തിന് നൽകുന്ന ഓരോ രൂപയും പാഴാക്കികളയുന്നില്ലെന്നും . നിശ്ചിത കാര്യങ്ങൾക്ക് കൃത്യമായി ചിലവഴിക്കുന്നുണ്ടെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നത് നന്നായിരിക്കും ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും വികസന പ്രവർത്തനങ്ങളിൽ ബഹുജനങ്ങളുടെ സംഭാവന ലഭിക്കുകയും ചെയ്യുക എന്നത് വിഭവ സമാഹരണത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ എല്ലാ വ്യാപാരങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും,ഫീസ് കാര്യക്ഷമമായും, കർശനമായും പിരിച്ചെടുക്കുകയും ചെയ്യുക

2.വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിക്കുന്ന നിശ്ചിത തുക ചുമത്തുക.

3.തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സ്ലയിഡുകൾക്ക് അഞ്ച് രൂപാ പ്രകാരം പരസ്യ നികുതി ചുമത്തുക.പൊതു ആവശ്യങ്ങൾ .ഉൾക്കൊള്ളുന്ന പരസ്യങ്ങളെ ഇതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

4.പഞ്ചായത്തതിർത്തിയിലെ പോസ്റ്റർ,പരസ്യ ബോർഡുകൾ എന്നിവയ്ക്ക് നിശ്ചിത ഫീസ് ചുമത്തുക .ഇവ സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ അനുവാദം വാങ്ങേണ്ടതാണ്. പൊതു ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങളെ ഇതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

5.പൊതു ഉപയോഗത്തിലുൾപ്പെടാത്ത പുറമ്പോക്കുകൾ പൂർണ്ണമായ അധികാരാവകാശങ്ങളോടെ പഞ്ചായത്ത് അധീനതയിലേക്ക് വിട്ടു തരിക.

6. ട്യൂട്ടോറിയൽ വിദ്യാലയങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തുക.

7.ദേശീയ സമ്പാദ്യ പദ്ധതി,ഇന്ദിരാ വികാസ് പത്ര, മറ്റു നിക്ഷേപങ്ങൾ എന്നിവയ്ക്കുള്ള വരുമാനത്തിന്റെ 15 മുതൽ 25% വരെ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കുന്ന സമ്പ്രദായം ഉണ്ട്.ഏജന്റുമാരുടെ നിയമനം, ഗ്രാമ പഞ്ചായത്തുകളെ ഏർപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിക്കുകയും പഞ്ചായത്ത് വിഹിതം 25% ആയി നിജപ്പെടുത്തുകയും ചെയ്യുക.

8.വസ്തു കൈമാറ്റ നികുതി,വി.റ്റി.സി വിഹിതം എന്നിവ ഉദ്യോഗസ്ഥൻമാരുടെ ഇംഗിതത്തിന് വിടാതെ അവ പഞ്ചായത്ത് ഡയറക്ടർ വഴി പഞ്ചായത്തുകൾക്ക് നേരിട്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുക .

9. പഞ്ചായത്ത് വക സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളൊടും കൂടിയ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്. ,

10. പഞ്ചായത്തുവക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് പഞ്ചായത്തിന് ഗണ്യമായ വരുമാനമുണ്ടാക്കാം.

11.തേനിച്ച വളർത്തൽ,ചന്ദനത്തിരി നിർമ്മാണം,മെഴുകുതിരി നിർമ്മാണം,സോപ്പ് നിർമ്മാണം എന്നിവ നമ്മുടെ പഞ്ചായത്തിലെ വിവിധ

സ്ഥലങ്ങളിൽ ആരംഭിക്കാവുന്നതാണ്.

12.നമ്മുടെ മണ്ണിനും,പ്രകൃതിക്കും അനുയോജ്യമായ കൂൺ,കുറ്റിമുല്ല,ജാതി, ഔഷധ സസ്യങ്ങൾ എന്നിവ കൃഷികൾ വ്യാപകമായി ചെയ്യുന്നതിന് പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ലാഭകരമായ ഈ കൃഷിയിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഔഷധ സസ്യങ്ങളുടെ പേരുവിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

നമ്പർ	ഔഷധസസ്യം	ഉപയോഗ്യഭാഗം
1	ചിറ്റാടലോടകം	സമൂലം/വേര്
2	അടപതിയൻ	കിഴങ്ങ്
3	ചുവന്ന കൊടുവേലി	വേര്
4	ചിറ്റരാത്ത	വേര്
5	ശതാവരി	കിഴങ്ങ്
6	നീല അമരി	ഇല/വേര്
7	കരുനൊച്ചി	ഇല/വേര്
8	ചെങ്ങഴനീർക്കിഴങ്ങ്	കിഴങ്ങ്
9	കച്ചോലം	കിഴങ്ങ്
10	വിഷ്ണുക്രാന്തി	സമൂലം
11	തുളസി പലയിനങ്ങൾ	ഇല/വേര്
12	കുടങ്ങൽ	സമൂലം
13	ബ്രഹ്മി	സമൂലം
14	കരിന്തുളസി	വേര്/ഇല/ബീജം
15	വേപ്പ്	ഇല/ബീജം
16	കസ്തൂരി മഞ്ഞൾ	കിഴങ്ങ്
17	കുന്നി	ഇല/വേര്
18	കിരിയാത്ത്	ഇല/വേര്
19	കഴഞ്ചി	ബീജം
20	പാടക്കിഴങ്ങ	കിഴങ്ങ്
21	നായ്ക്കുരണ	ബീജം
22	നറുനീണ്ടി	വേര്
23	തിപ്പലി	ഫലം
24	ചെറുപുന്ന	ബീജം
25	ചക്കരക്കൊല്ലി	ഇല

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്
കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ

വാർഡ്	നികുതിയുള്ളവ	നികുതിഇളവ്	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	ആകെ
1	438	165	24	373	176	30	603
2	513	385	33	464	314	87	898
3	513	671	34	452	698	-	1184
4	736	697	40	622	674	97	1433
5	396	330	32	392	302	-	726
6	594	604	67	542	466	123	1198
7	578	370	80	506	362	-	948
8	498	498	34	352	403	207	996
9	449	273	79	439	204	-	722
10 11	747	721	81	578	580	229	1468
12	564	550	65	482	489	95	1134
13	609	355	78	543	343	-	964
14	718	490	40	725	443	-	1208
TOTAL	7373	6109	690	6470	5454	868	13482

(ഗ്രാമ പഞ്ചായത്ത് [illegible] ലബ രേഖ)

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 93-94 മുതൽ 95-96 വരെ മൂന്നു വർഷത്തെ വരവ്- ചെലവ് സ്റ്റേറ്റ്മെന്റ്

ക്രമ നമ്പർ	വരവിനങ്ങൾ	93-94		94-95		95-96		ചെലവിനങ്ങൾ	93-94		94-95		95-96	
1	കെട്ടിട നികുതി	327690	20	323803	20	341643	45	പ്രസിഡന്റ്,മെംബർമാർ അല:	48864	20	45793		77778	50
2	കെട്ടിട നികുതി-സർചാർജ്ജ്	30491	45	29980	65	31613	80	സെക്രട്ടറി ശമ്പളം	57142		50871	25	67618	
3	തൊഴിൽ നികുതി	145347	-	199567		196617		ജീവനക്കാരുടെ ശമ്പളം	469102	90	462483	15	550076	
4	പ്രദർശന നികുതി	1676	-	1694		1992		കണ്ടിജന്റ്	13153	25	13450	50	11978	
5	പ്രദർശന നികുതി-സർചാർജ്ജ്	419	-	423	50	498		പൊതുമരാമത്ത് പണികൾ	97213	80	52290		21128	
6	വിനോദ നികുതി	13598	55	15897	69	22887	50	വിദ്യാഭ്യാസം	31697	90	39649	75	54893	
7	വിനോദ നികുതി-അധിക നികുതി	7937	45	9624	61	13856	50	തെരുവിളക്ക്	103631		63895		63545	
8	അപകടവും,ദുസ്സഹവും ആയ വ്യാപാരം ലൈ:ഫീസ്	15336	25	20793	50	19456	05	ജലവിതരണം	5000		268		21941	
9	മായം ചേർക്കൽ നിരോധനങ്ങളിലെ ഫീസ്	1658		1682		1794		പൊതുജനാരോഗ്യം	20915		22938		36461 271660	
10	കെട്ടിട വാടക	38855	25	35694	25	47450		ഉപാധിരഹിത ഫണ്ട്വിനിയോഗം	185333		83764		195329	
11	മാർക്കറ്റിൽ നിന്നും ഇറക്ക്	10327	75	8750		7788		ചെറുകിട ജലസേചനം	164613	65	181047		29856	50
12	വസ്തു കൈമാറ്റ നികുതി	296998		162852		283970		അച്ചടിയും,ഉപകരണങ്ങളും	14900	15	13734			
13	ഗ്രാമീണ റോഡ്-അറ്റകുറ്റപണി ഗ്രാന്റ്	16658		25727		29934		ഫോൺ,തപാൽ ചിലവ്	24810		18587	40	15563	
14	ചെറുകിട ജലസേചന ഗ്രാന്റ്	111370		111370		1113970								
15	മറ്റു ഗ്രാന്റുകൾ			73000		359605		കേരളോത്സവം			5287	60	7815	
16	നിർബ്ബന്ധിത ഫീസ്	197000		269000		284000		ഗവ:വരികൾ	3068		164		4161	
17	ജാമ്യ നിക്ഷേപങ്ങൾ	15274		35290		30910		ജാമ്യ നിക്ഷേപം തിരികെ	20103		22370		29195	
18	മറ്റിനം	47748	55	148324	44	187259	46	മറ്റു ചിലവുകൾ	149325	25	85907	55	209416	
	ആകെ	1278385	45	1473473	84	1875244	76	ആകെ	1393873	10	1162670	20	1668414	

ഗ്രാമ പഞ്ചായത്ത് വാർഷിക റിപ്പോർട്ട് അടിസ്ഥാനം

ഉപസംഹാരം


കേരളത്തിന്റെ ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന പദ്ധതി അടങ്കലിന്റെ മുപ്പത്തഞ്ചു മുതൽ നാല്പത് ശതമാനം വരെ പഞ്ചായത്തു സ്ഥാപനങ്ങൾ, അവയുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവെക്കുന്നു എന്നതാണ്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി സ്ഥലജല വിഭവ സാധ്യതകൾ, ജനകീയ ആവശ്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി താഴെ തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന സർവ്വസമ്മതമായ ദേശീയ ലക്ഷ്യമാണ് ഇതിലൂടെ സാക്ഷാത്ക്കരിക്കാൻ ശ്രമിക്കുന്നത്. പക്ഷേ, വികസന പ്രശ്നങ്ങളെ തിരിച്ചറിയുക, അവയുടെ പരിഹാരത്തിന് പറ്റിയ സ്കീമുകൾ തയ്യാറാക്കുക, സ്കീമുകളെ മുൻഗണനാ ക്രമത്തിൽ പിട്ടപ്പെടുത്തി പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം കൊടുക്കുക തുടങ്ങിയ ആസൂത്രണ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽ ഇന്നത്തെ നിലയ്ക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് ഒട്ടേറെ പരിമിതികളുണ്ട്. പദ്ധതി പ്രവർത്തനങ്ങളിലെ മുൻ പരിചയക്കുറവ്, സ്ഥിതി വിവരക്കണക്കുകളുടെ അഭാവം ആസൂത്രണ സങ്കേതങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവരുടെ കുറവ് തുടങ്ങിയ ഇത്തരം പരിമിതികളെ മറികടക്കാനും ആസൂത്രണ പ്രക്രിയയിൽ ഒരണ്ണമടയാപരമായ പങ്ക് ഏറ്റെടുക്കാനും ഗ്രാമപഞ്ചായത്തുകളെ പ്രാപ്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറായത്.

ഗ്രാമ സഭകളും, വാർഡ് കൺവൻഷനുകളും ചേർന്ന് ജനങ്ങൾ നേരിടുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ മുൻഗണനാക്രമത്തിൽ പിട്ടപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ സംഘടിപ്പിക്കപ്പെട്ട ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രഥമഘട്ടം വിജയകരമായി പൂർത്തിയാക്കപ്പെട്ടിരിക്കുകയാണ്. ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരിത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയാണ് ഇനി നമ്മുടെ മുൻപിലുള്ള മുഖ്യ പരിപാടി. പ്രശ്ന പരിഹാര നിർദ്ദേശങ്ങളെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാറ്റുക, സ്കീമുകളെ മുൻഗണനാ ക്രമത്തിൽ പിട്ടപ്പെടുത്തുക, തുടങ്ങിയ പ്രവർത്തനങ്ങൾ തുടർന്നുള്ള ഘട്ടങ്ങളിൽ ഏറ്റെടുക്കപ്പെടണം. ഗ്രാമസഭകളിൽ ജനങ്ങൾ ഉന്നയിച്ച വിവിധ വികസന പ്രശ്നങ്ങൾക്ക് പരിഹാരം തേടുമ്പോൾ പരിഹാര നിർദ്ദേശങ്ങൾ പരസ്പര പൂരകങ്ങളാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു ജനകീയ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ മറ്റൊന്ന് കൂടുതൽ വഷളാവാൻ ഇടയാകരുത്. വികസന പ്രവർത്തനങ്ങൾ പരസ്പര പൂരകമാക്കാൻ വേണ്ടത് പൊതുവായ വികസന സമീപനങ്ങളാണ്. ഓരോ മേഖലയുടെയും പുരോഗതിക്ക് ഏതെല്ലാം തരത്തിലുള്ള ഇടപെടലുകൾ ആവശ്യമാണെന്ന് സൂചിപ്പിക്കുന്ന സമഗ്രവും, ഉദ്ഗ്രഥിതവുമായ വികസന സമീപനങ്ങൾ ആസൂത്രണ പ്രക്രിയക്ക് വഴികാട്ടിയാവണമെന്ന് പുരുക്കം.

കേരളത്തിലെ വിവിധ വികസന മേഖലകളിൽ ഇതിനോടകം നടന്നിട്ടുള്ള ജനകീയ ഇടപെടലുകളും പഠന പരിക്ഷണ പ്രവർത്തനങ്ങളും, വികസന സമീപനം സംബന്ധിച്ച വ്യക്തമായ പല യാഥാർത്ഥ്യങ്ങൾ തല്കുന്നുണ്ട്. ഇത്തരം മുൻ അനുഭവങ്ങളും, പഠനങ്ങളും തല്കുന്ന ഉൾക്കാഴ്ചകൾ പ്രാദേശിക വികസന പദ്ധതികളുടെ രൂപീകരണത്തിന് സഹായകമാകും എന്ന കാര്യത്തിൽ സംശയമില്ല. നാം തിരുത്താനിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സഹായമായി വേണം സർക്കാർ വിഹിതത്തെ കാണുവാൻ. വേണ്ടത്ര വിഭവം പല വിഷയത്തിൽ സമാഹരിക്കുവാൻ നമുക്ക് തന്നെ കഴിയണം. ആരും മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്നപദ്ധതികൾ നടപ്പിലാക്കുകയല്ല നമ്മുടെ ലക്ഷ്യം. നാം തന്നെ കണ്ടെത്തി നാം തന്നെ മുൻഗണനാ നിർണ്ണയിച്ച് ഉറപ്പിക്കുന്ന വ നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഇനിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ. അതിനാകട്ടെ

ശാസ്ത്രീയമായ രീതിയാണ് നാം അവലംബിക്കേണ്ടത്. ലഭ്യമായ രേഖകളുടേയും, ഗ്രാമസഭാചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഈ വികസന രേഖ.വികസന സെമിനാറിലെ ചർച്ചകൾക്കായുള്ള ഒരു കരടുമാത്ര മാണിത്. ഇത് ചർച്ചകളിലൂടെ കൂടുതൽ ശാസ്ത്രീയ മാക്കുകയും , ഒച്ചപ്പെടുത്തുകയും വേണം. ഈ രേഖ തയ്യാറാക്കുന്നതിൽ പ്രത്യേക സമിതിയോടു സഹകരിച്ച മുഴുവൻ ആളുകൾക്കും നന്ദി രേഖപ്പെ ടുത്തിക്കൊണ്ട് ഈ രേഖ ചർച്ചകൾക്കായി ജനങ്ങളു ടെ മുൻപാകെ വിനയപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

അർത്ഥപൂർണ്ണമായ ജനാധിപത്യവൽക്കര ണത്തിലേക്കുള്ള ചുവടുവെയ്പ്പായി ഈ പ്രവർ ത്തനങ്ങൾ മാറുക തന്നെ ചെയ്യും. ഗ്രാമ വാസി കളുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യരം ഗങ്ങളുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് ,പൂർണ്ണ ജന പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്ന തിന് നമുക്ക് ഒത്തൊരുമിച്ചു മുന്നേറാം. അങ്ങ നെ നമുക്ക് ഒരു പുതിയ വികസന സംസ്ക്കാരത്തി ന് തിരികൊളുത്താം. ■



മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് വികസന
സെമിനാറിന് ആശംസകൾ

കാർത്തിക ജ്വല്ലേഴ്സ്
മുല്ലക്കൽ ആലപ്പുഴ

JOHNSON

CYCLE TYRES 28 X 1 1/2 & 26 X 1.3/8
(Both Black & White Side Wall)
SEMI- RICKSHAW TYRES (Five Designs)
(OLYMPIC- TIGER)
CYCLE TUBES 28 X 1 1/2 & 26 X 1.3/8

Manufacturers:

N.C JOHN & SONS LTD
JOHNSON TYRE DIVISION
POST BOX NO 17,
ALLEPPEY- 688 001
KERALA

Sales Depots at:

Coimbatore- Phone 394176, Mysore
Madurai Phone 740596
Hyderabad Phone 201362
Madras Phone 518783
Vijayawada Phone 561036